# ജീവനും വെളിച്ചവും

വില ₹30/-
നവംബർ 2024

# വഖഫും ഖനനവും
## പിറന്നമണ്ണിൽനിന്നും
## പിഴുതെറിയപ്പെടുന്നവർ...





വിശുദ്ധ മറിയം മഗ്ദലേന ദേവാലയം
പരുത്തിയൂർ, പൊഴിയൂർ
തിരുവനന്തപുരം ലത്തീൻ അതിരൂപത
68-ാമത്
ക്രിസ്തുരാജത്വ തിരുനാൾ
മഹോത്സവം
2024 നവംബർ 15
മുതൽ 24 വരെ
നവംബർ 24, 5pm | തിരുനാൾ സമൂഹ ദിവ്യബലി
റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.
നവംബർ 11,12,13 തിയതികളിൽ 5pm- 9pm
കുടുംബ നവീകരണ ധ്യാനം
നയിക്കുന്നത് ഫാ. ജയ്സൺ PMI , ഫാ. ജോബി PMI
ഡിസംബർ 1, 9am | സ്ഥൈര്യലേപനം
മോസ്റ്റ്. റവ. ഡോ. തോമസ് ജെ. നെറ്റോ

# ജീവനും വെളിച്ചവും

തിരുവനന്തപുരം ലത്തീൻ അതിരൂപത പ്രസിദ്ധീകരണം

2024 നവംബർ | പുസ്തകം 51 | ലക്കം 11



**രക്ഷാധികാരി:** മോസ്റ്റ്. റവ. ഡോ. തോമസ് ജെ. നെറ്റോ • **സഹരക്ഷാധികാരി:** റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ., മോൺ. യൂജിൻ എച്ച്. പെരേര • **ഉപദേശക സമിതി:** ഫാ. ലോറൻസ് കുലാസ്, ഫാ. ഷാജു വില്ല്യം, ഫാ. ഡാനിയേൽ ആർ., ഫാ. സജു റോൾഡോൻ, ഫാ. ആഷ്‌ലിൻ ജോസ്, ഫാ. മൈക്കിൾ തോമസ്, ഫാ. ഡാർവിൻ ഫെർണാണ്ടസ്, ഫാ. റിച്ചാർഡ് സഖറിയാസ്, ഫാ. ലൂസിയാൻസ് തോമസ്, ഫാ. സിൽവസ്റ്റർ കുരിശ്, ഫാ. ഡേവിഡ്സൺ ജസ്റ്റസ്, ഫാ. ജോർജ്ജ് ഗോമസ്
**പത്രാധിപർ:** ഫാ. വിജിൽ ജോർജ്ജ് • **സഹ പത്രാധിപർ:** ബർഗ്‌മാൻ തോമസ് • **പത്രാധിപ സമിതി:** മോൺ. ജയിംസ് കുലാസ്, ഇഗ്നേഷ്യസ് തോമസ്, ഡോ. സീന ഫെലിക്സ്, സിന്ധുമരിയ നെപ്പോളിയൻ, സുനിൽ സി. ഇ., ഫാ. ജോസ് വർഗീസ്, ഫാ. വർഗീസ് ജോസഫ് • **മാനേജർ** (പരസ്യ വിഭാഗം): ഫാ. മനീഷ് പീറ്റർ • **കവർ & ലേ-ഔട്ട്:** സതീഷ് ജോർജ്ജ്


## മുഖവിചാരം

# മരണമെത്തുന്ന നേരത്ത്...

'മരണമെത്തുന്ന നേരത്ത് നീയെന്റെയരികിൽ ഇത്തിരി നേരമിരിക്കണേ...'

മരണത്തെ മിഴിപൂട്ടി ധ്യാനിക്കുവാൻ സഹായിക്കുന്ന കവിതാശകലം. മരണത്തിലൂടെ പ്രാണനെ സമർപ്പിച്ച് ദൈവത്തിന്റെ ദിവ്യപ്രകാശം ലഭിച്ച സകല വിശുദ്ധരേയും ഓർമ്മിക്കുവാനും മരണത്തിലൂടെ ഇഹലോകവാസം വെടിഞ്ഞ് ശുദ്ധീകരണ സ്ഥലത്തിലായിരിക്കുന്ന സകല ആത്മാക്കൾക്കുംവേണ്ടി പ്രാർഥിക്കാനും കാത്തോലിക്കാസഭ സവിശേഷമായി തിരഞ്ഞെടുത്തിരിക്കുന്ന മാസമാണ് നവംബർ. നിത്യമായ ജീവനെ ധ്യാനിച്ചുകൊണ്ട് പ്രാർഥനകളോടെ നാമർപ്പിക്കുന്ന പൂക്കളും തിരികളും മരണമടഞ്ഞ പ്രിയപ്പെട്ടവരുടെ മുഖങ്ങൾക്ക് സൗരഭ്യം നൽകുന്നു. ഭൂമിയിലെ മനുഷ്യന്റെ ഏറ്റവും വലിയ സൽപ്രവൃത്തി മരണസമയത്ത് നമ്മൾ കൂടെയുണ്ടാവണം എന്നതിലുപരി അവരെ മരണത്തിലേക്ക് തള്ളിവിടുന്ന അവസ്ഥയിലേക്ക് നമ്മുടെ ശ്രദ്ധതിരിയലാണ്. കുടിയൊഴിപ്പിക്കൽ ഭീഷണി നേരിട്ടുകൊണ്ട് മരണാസന്നരായിരിക്കുന്ന ഒരുകൂട്ടം മനുഷ്യർ മുനമ്പത്തുണ്ട്. അതുപോലെ മണൽ ഖനനത്തിലൂടെ മരണസമാനമായ രോഗാവസ്ഥയിലേക്ക് തള്ളപ്പെടുന്ന ഒരു കൂട്ടം മനുഷ്യർ തൂത്തൂർ ഗ്രാമത്തിലുമുണ്ട്. മറ്റുപലയിടങ്ങളിലും അപകടകരമായ ജീവിതാവസ്ഥയിലേക്ക് ധാരാളം ആളുകൾ നയിക്കപ്പെടുന്നുണ്ട്. ജാതിക്കും മതത്തിനും രാഷ്ട്രീയത്തിനുമപ്പുറം അവരെ മരണത്തിനു വിട്ടുകൊടുക്കാതെ ചേർത്തുപിടിച്ചുകൊണ്ട് നമുക്ക് നീതിക്കായി സ്വരമുയർത്താം. മരിച്ചവർക്ക് ഓർമപ്പൂക്കൾ അർപ്പിക്കുകയും മരണാസന്നാരായിരിക്കുന്നവർക്ക് ജീവന്റെ തിരികളും കത്തിക്കാം


www.latinarchdiocesetrivandrum.org | www.archtvmnews.com



*വിലാസം*
ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം,
തിരുവനന്തപുരം- 695 003
ഫോൺ: 0471- 2724001
ഇമെയിൽ: jeevanumvelichavum@gmail.com



വില 30 രൂപ
വാർഷിക വരിസംഖ്യ- 360/-
അക്കൗണ്ട് വിവരം:
State Bank of India
A/c No. 57027220934, IFSC- SBIN0070308
A/c Name: Editor, Jeevanum Velichavum

# പ്രതികരണങ്ങൾ




## അഴിമതിയും സ്വജനപക്ഷപാതവും

'ഭരണവും സമാധാനവും' ഒക്ടോബർ ലക്കത്തിലെ മുഖവിചാരം നന്നായി. ജനാധിപത്യത്തിന്റെ നാട്ടിൽ ഏകാധിപത്യത്തിന്റെ തിക്ത ഫലങ്ങൾ ജനങ്ങൾ അനുഭവിക്കുന്നു. സാമൂഹ്യാന്തരീക്ഷംതന്നെ അത്യന്തം കലുഷിതമായിരിക്കുന്നു. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനം തടയാൻ സർക്കാരിനുതന്നെ കഴിയുന്നില്ല. ഉത്തരവാദപ്പെട്ട അധികാരികൾ ഭരണത്തിന്റെയും രാഷ്ട്രീയത്തിന്റെയും തണലിൽ സാമൂഹ്യതിന്മകൾക്ക് കൂട്ടുനിൽക്കുന്നു. അഴിമതിയുടെ ദുഷിപ്പ് ഭരണത്തിന്റെ മുകൾത്തട്ടു മുതൽ താഴേക്കുവരെ വ്യാപിച്ചുകഴിഞ്ഞു. അഴിമതിയും സ്വജനപക്ഷപാതവും വേണ്ടപ്പെട്ടവരെ സംരക്ഷിക്കലും മുറപോലെ നടക്കുന്നു. നാട്ടിലെ ക്രമസമാധാനം അമ്പേ പരാജയപ്പെട്ടു.

തൊഴിലാളിവർഗ്ഗ സർവാധിപത്യമെന്നത് പണാധിപത്യ ഏകാധിപത്യമായി മാറി. തൊഴിലാളിവർഗ്ഗസ്നേഹം പറയുകയും മുതലാളിത്ത മനോഭാവത്തിൽ രാജാവായി വാഴുകയും ചെയ്യുന്ന അത്യന്താധുനിക സോഷ്യലിസമാണിവിടെ! അതാരും ചോദ്യം ചെയ്യാൻ പാടില്ലെന്ന ധാർഷ്ട്യത്തിന്റെ തീവ്രതയെ അണികളും ഭയക്കുന്നു. എതിർക്കുന്നവനെ തകർത്തു തരിപ്പണമാക്കുന്ന പ്രത്യയശാസ്ത്ര അജണ്ട പേടിയോടെയാണ് ജനങ്ങൾ വീക്ഷിക്കുന്നത്.

മതേതരത്വം പറയുകയും ഒളിഞ്ഞും തെളിഞ്ഞും അവസരത്തിനൊത്ത് വർഗീയ പാർട്ടികളുമായുള്ള ചങ്ങാത്തവും അപകടകരമാണ്. നാട്ടിൽ ശാന്തിയും സമാധാനവും സന്തോഷവുമാണ് ജനങ്ങൾ എന്നും ആഗ്രഹിക്കുന്നത്. അതിന് കാരുണ്യവും സഹിഷ്ണുതയും ആർജവവുമുള്ള ഭരണാധികാരികളും അനിവാര്യഘടകമാണ്. 'അയാം ദി ഗ്രേറ്റസ്റ്റ്' എന്ന ചിന്ത ഒരു ഭരണാധികാരിക്കും പാടില്ല. 'കടക്ക് പുറത്ത്' എന്നതിന് പകരം 'ഇരിക്ക് അകത്ത്' എന്ന ചിന്തയും മനസ്സും മനോഭാവവുമാണ് കേരളം ആഗ്രഹിക്കുന്നത്. സമാധാനത്തിന്റെ നൂറ് പുഷ്പങ്ങൾ ഇവിടെ വിടരട്ടെ.

**വിയാനി,**
**ജൂബിലി ആശുപത്രി, പാളയം**

## സർക്കാർ വിലാസം ധൂർത്ത്

സമകാലികത്തിൽ ജോൺസൺ റോച്ച് എഴുതിയത് അർത്ഥവത്തായി. സമകാലിക നവോത്ഥാന സുന്ദര കേരളമെന്നത് ഉച്ചി മുതൽ ഉള്ളങ്കാൽ വരെ തകർന്നുതരിപ്പണമായി അങ്ങേയറ്റം ദയനീയാവസ്ഥയിലാണ്. സംസ്ഥാനത്തിന്റെ പൊതു കടം പെരുകുമ്പോൾപോലും സർക്കാർ വിലാസം ധൂർത്തിന് ഒരു കുറവുമില്ല. അഴിമതിയും സ്വജനപക്ഷപാതവും അക്രമവും അനീതിയും കള്ളക്കടത്തും നാൾതോറും വർദ്ധിക്കുന്നു. വിലക്കയറ്റത്താൽ ജനം നട്ടം തിരിയുന്നു. മദ്യമൊഴുക്കി കേരളത്തെ മദ്യാലയമാക്കാൻ വേണ്ടതെല്ലാം സർക്കാർ ചെയ്യുന്നു. എതിർ ശബ്ദങ്ങളെ അടിച്ചൊതുക്കുന്നു. നിസാര കാര്യങ്ങൾക്കുപോലും സിംഹത്തെപ്പോലെ സടകുടഞ്ഞെഴുന്നേറ്റ് പ്രതികരിക്കുന്ന സാംസ്കാരിക നായകന്മാരും അന്താരാഷ്ട്ര ബുദ്ധിജീവികളും മൗനത്തിലാണ്. എല്ലാം ന്യായീകരിക്കുന്ന മുഖ്യ ഭരണാധികാരി ഹഹ എന്ന് ചിരിച്ച് ജനത്തെ വിഡ്ഢികളാക്കുന്നു. പ്രകൃതി ദുരന്തങ്ങൾ സർക്കാരിന് കൊയ്ത്തുത്സവമാണെന്ന് സാക്ഷര കേരളം തിരിച്ചറിഞ്ഞു കഴിഞ്ഞു. ധാർഷ്ട്യമാണ് സർക്കാരിന്റെ മുഖമുദ്ര. എല്ലാം അനുസരിക്കുവാൻ ബാധ്യസ്ഥരായ അണികൾ ഓശാന പാടിക്കൊണ്ടേയിരിക്കുന്നു! പൂച്ചയ്ക്ക് ആര് മണി കെട്ടും? എല്ലാം സഹിക്കുകതന്നെ. അല്ലാതെന്തു ചെയ്യും ഈ പാവം പ്രജകൾ?.. .

**ജെറാൾഡ് ബി. മിരാൻഡ**
**കോന്നയ്ക്കൽ**




# താളുകളിൽ


## സമകാലികം



6 മുനമ്പത്തെ വഖഫ് സുനാമി
ഫാ. ജോഷി മയ്യാറ്റിൽ

## ലേഖനം



12 'ഓഖി' ഓർമ്മകളും പ്രതീക്ഷകളും
മോൺ. യൂജിൻ എച്ച്. പെരേര



23 സകല വിശുദ്ധരും ആത്മാക്കളും
ഫാ. സനീഷ്



26 അണു ധാതുഖനനവും തീരദേശവാസികളും
അരുളാനന്ദൻ



28 ശ്രേഷ്ഠ ഭാഷയാം ഭരണ ഭാഷയാം മലയാളം
ജോയി ജോസഫ്, വെട്ടുകാട്

## കഥ



21 ലില്ലിപ്പൂക്കൾ
ഡോ. മഞ്ജു ഇഗ്നേഷ്യസ്

## ചരിത്രപഥം




18 കൊല്ലം രൂപതയുടെ വിഭജനം
ഫാ. ഡോ. ജോൺബോസ്കോ

## കവിത



11 ഇന്നലെ ഉറങ്ങാൻ കിടന്നവർ
ലോറൻസ് ഫെർണാണ്ടസ്

## ടാക്കീസ്



28 പണി: ആശയവും ആഖ്യാനവും
സുനിൽ സി. ഇ.

## നേർക്കാഴ്ച



42 ഇസ്രയേൽ - ഗാസ... സമാധാന പ്രതീക്ഷ അകലെ
ജെ. സി.

15 കാനോൻ നിയമം

33 വാർത്തകൾ

37 വചനജ്വാല

39 നീർച്ചാൽ





# മുനമ്പത്തെ വഖഫ് സുനാമി!

ഫാ. ജോഷി മയ്യാറ്റിൽ



മുനമ്പം കടപ്പുറത്ത് തിരമാലകൾ തലതല്ലി കരയുകയാണ്. വിലാപങ്ങളാണ് അവിടെ അലയടിക്കുന്നത്. ഒപ്പം, കേരളത്തിന്റെ പൊതുമനസ്സിലും സങ്കടക്കടലിന്റെ ഇരമ്പിക്കേറ്റം നടക്കുന്നു. കൂടുതൽ അറിയുന്തോറും മതേതര മനസ്സുകളിൽ രോഷവും പ്രതിഷേധവും അസ്വസ്ഥതയും തിരമാല പോലെ ഉയരുകയാണ്.

## എന്താണ് ചെറായി മുനമ്പം നിവാസികളുടെ പ്രശ്നം?

മൂന്നും നാലും തലമുറകളായി കക്ക വാരിയും മത്സ്യബന്ധനം നടത്തിയും ഉപജീവനം നടത്തുന്നവരാണ് മുനമ്പം കടപ്പുറത്തുള്ളത്. തീരെ സൗകര്യങ്ങളില്ലാതിരുന്ന കാലത്ത്, ഒറ്റപ്പെട്ട ദ്വീപായിരുന്നപ്പോൾ ഏറെ കഷ്ടപ്പെട്ട് താമസിച്ചിരുന്നവരാണ് അവർ. 1902ൽ തിരുവതാംകൂറിലെ ആയില്യം തിരുനാൾ രാജാവ് 404 ഏക്കർ വരുന്ന ആ സ്ഥലം കൃഷി ചെയ്യുന്നതിനായി സത്താർ ഹാജിയാർക്ക് പാട്ടത്തിനു നല്കി. പിന്നീട് അദ്ദേഹത്തിന്റെ പക്കൽ നിന്ന് പാട്ടാവകാശം അനന്തിരവനായ സിദ്ദിഖ് സേട്ടിന്റെ പക്കലെത്തി. താമസമോ ഉടമസ്ഥാവകാശമോ ഇല്ലാതിരുന്നിട്ടും അദ്ദേഹം 1950-ൽ അത് കോഴിക്കോട് ഫാറൂഖ് കോളേജിന് സമ്മാനിച്ചു. കോളേജിന് ക്രയവിക്രയ സർവസ്വാതന്ത്ര്യത്തോടെയാണ് അത് അദ്ദേഹം എഴുതിക്കൊടുത്തത്. മുസ്ലീം സമുദായത്തി








ന്റെ വിദ്യാഭ്യാസോന്നമനത്തിന് വിനിയോഗിച്ചില്ലെങ്കിൽ അത് തന്റെ പിൻഗാമകിളിലേക്ക് തിരികെയെത്തണമെന്നും അദ്ദേഹം ഗിഫ്റ്റ് ഡീഡിൽ എഴുതിവച്ചു. വഖഫ് എന്ന ആശയത്തിനുതന്നെ കടകവിരുദ്ധമാണ് ഈ രണ്ട് ക്ലോസുകളുമെങ്കിലും, വഖഫ് ആധാരമെന്നും വഖഫായി നല്കുന്നുവെന്നും ഉള്ള രണ്ടു പരാമർശങ്ങൾ ആ ആധാരത്തിൽ കാണാം. പിന്നീട് ഫാറൂഖ് കോളേജിന് TTC കോളേജ് പണിയേണ്ടി വന്നപ്പോൾ പണം സമ്പാദിക്കാനായി മുനമ്പം ബീച്ചിലെ സ്ഥലം പരിസരവാസികൾക്ക് വില്ക്കാൻ 1988ൽ മാനേജുമെന്റ് തീരുമാനിച്ചു. 1989 മുതൽ പരിസരവാസികൾ വലിയ തുകനല്കി സ്ഥലം വാങ്ങി പട്ടയം സ്വന്തമാക്കി കരമടച്ച് ഉപയോഗിച്ചു വരികയാണ്. 2022ൽ അവരിൽ ഒരാൾ കരം അടയ്ക്കാൻ ചെന്നപ്പോൾ വില്ലേജ് ഓഫീസിൽനിന്ന് അറിയുന്നു, കരം അടയ്ക്കാൻ സാധ്യമല്ല; കാരണം, ഈ സ്ഥലം അവരുടേതല്ല, വഖഫ് സ്വത്തായി വഖഫ്ബോർഡിന്റെ രജിസ്റ്ററിൽ ചേർക്കപ്പെട്ടു കഴിഞ്ഞതാണത്രേ!

അങ്ങനെ കഴിഞ്ഞ രണ്ടു വർഷമായി 114 ഏക്കർ വരുന്ന ഈ സ്ഥലത്തു താമസിക്കുന്ന നാനൂറ്റമ്പതോളം കുടുംബങ്ങൾ നിശ്ചലരായിപ്പോയ അവസ്ഥയിലാണ്. റവന്യൂ അവകാശങ്ങളെല്ലാം അവർക്കു നഷ്ടപ്പെട്ടിരിക്കുന്നു. അവരുടെ മക്കളുടെ വിദ്യാഭ്യാസവും വിവാഹവും വിദേശജോലി സാധ്യതയുമെല്ലാം



ഉപയോഗിക്കുന്നയാൾ അതു വഖഫായി നേർന്നാൽ അതുപോലും വഖഫ് പ്രോപ്പർട്ടിയായി പരിഗണിക്കുന്ന നിർവചനം ആക്ടിലെ മൂന്നാം വകുപ്പിന്റെ r(i) ഉപവകുപ്പായി കാണാം!

ഒരു വസ്തു വഖഫ് പ്രോപ്പർട്ടിയാണോ എന്നു നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കിയിരിക്കുന്ന 40-ാം വകുപ്പ് അങ്ങേയറ്റം അപകടകാരിയാണ്. അതിലെ ഒന്നാം ഉപവകുപ്പ് ഇങ്ങനെയാണ്: "ഒരു വസ്തു വഖഫ് സ്വത്താണെന്ന് വിശ്വസിക്കാൻ കാരണമുള്ള പക്ഷം യുക്തമെന്ന് ബോർഡിനു തോന്നുന്ന വിവരങ്ങൾ ബോർഡിന് സ്വയം ശേഖരിക്കാം; ഒരു പ്രത്യേക സ്വത്ത് വഖഫ് സ്വത്താണോ അല്ലയോ, അല്ലെങ്കിൽ ഒരു വഖഫ് സുന്നി വഖഫാണോ ഷിയാ വഖഫാണോ എന്നൊക്കെയുള്ള എന്തെങ്കിലും ചോദ്യം ഉയർന്നാൽ, ഉചിതമെന്ന് ബോർഡിന് തോന്നുന്ന അന്വേഷണം നടത്തിയതിനു ശേഷം അതിന് ഇഷ്ടമുള്ള തീരുമാനമെടുക്കാം."




## വകുപ്പ് 40/1ൽ ഒളിഞ്ഞിരിക്കുന്ന അപകടങ്ങൾ

1) ബോർഡിന് ഒരു വസ്തു വഖഫാണെന്ന് വിശ്വസിക്കാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് ഈ സെക്ഷനിൽ കൃത്യമായി പറയുന്നില്ല. ബോർഡംഗങ്ങളുടെ ഔചിത്യബോധമനുസരിച്ച് എന്തും തീരുമാനിക്കാവുന്ന അവസ്ഥയല്ലേ ഇത് ഉളവാക്കുന്നത്? മുനമ്പത്തെ ഭൂമിയെക്കുറിച്ചുള്ള ഡീഡിലെ രണ്ടു വഖഫ് പ്രയോഗങ്ങൾ മാത്രമാണ് വഖഫ് ബോർഡ് പരിഗണിച്ചത്. അതിനകത്തെ വഖഫ് വിരുദ്ധ ക്ലോസുകൾ അവഗണിക്കുകയും ചെയ്തു! ഇന്ത്യയിൽ പലയിടങ്ങളിലും യാതൊരു രേഖകളും കൈവശമില്ലാതെ, പല പ്രോപ്പർട്ടിയിലും വഖഫ് ബോർഡ് അവകാശവാദമുന്നയിച്ചിട്ടുള്ളത് ഈ ക്ലോസിന്റെ പിൻബലത്തിലാണ്.

2) വസ്തുവിനെക്കുറിച്ചു വിവരം ശേഖരിക്കണം എന്നു പറയുന്നിടത്ത് എന്തെല്ലാം വിവരങ്ങളാണ് ശേഖരിക്കേണ്ടത് എന്നു നിയമം വ്യക്തമാക്കുന്നില്ല. ബോർഡംഗങ്ങളുടെ ഔചിത്യത്തിന് ഇക്കാര്യങ്ങൾ വിടുകയെന്നാൽ അതിന്റെയർത്ഥം, അനീതിക്കുള്ള വാതിൽ മലർക്കേ തുറന്നിടുക എന്നല്ലേ? ഉദാഹരണത്തിന്, സിദ്ദിഖ് സേട്ട് ഫാറൂഖ് കോളേജിന് എഴുതിക്കൊടുത്ത ഭൂമി അങ്ങനെ കൈമാറാനുള്ള അധികാരം അദ്ദേഹത്തിനുണ്ടായിരുന്നോ എന്ന വിവരം വഖഫ് ശേഖരിക്കേണ്ടിയിരുന്നില്ലേ? പണ്ടാരവക പാട്ടംഭൂമി കൈമാറ്റം ചെയ്യാൻ കഴിഞ്ഞതെങ്ങനെ എന്നതും ഈ ഭൂമിയുടെ പട്ടയം ആദ്യമായി തയ്യാറാക്കിയത് 1951ൽ ഫാറൂഖ് കോളേജ് ആയിരുന്നു എന്ന വസ്തുതയും പരിഗണിക്കേണ്ടതായിരുന്നില്ലേ? ക്രയവിക്രയം ചെയ്യാൻ ഡീഡിലുള്ള അനുമതി പ്രകാരം വസ്തു വിറ്റതിന്റെ പണമുപയോഗിച്ച് ഫാറൂഖ് കോളേജു പണിത TTC കോളേജിന്റെ മേലായിരുന്നില്ലേ, പണം കൊടുത്ത് അതു സ്വന്തമാക്കിയവരുടെ മേലല്ലല്ലോ, വഖഫ് ബോർഡ് അവകാശവാദം ഉന്നയിക്കേണ്ടിയിരുന്നത്?!

3) തികച്ചും ഏകപക്ഷീയമായ, വ്യക്തികളെയും കുടുംബങ്ങളെയും പരിഗണിക്കാത്ത, ഒരു നിയമമാണിത്. വഖഫ് അവകാശവാദം ഉന്നയിക്കപ്പെടുന്ന സ്ഥലത്തെ വ്യക്തികൾക്ക് നോട്ടീസ് കൊടുക്കേണ്ടതാണെന്ന് 40/1ൽ പറയുന്നില്ല. എന്നാൽ, ട്രസ്റ്റോ സൊസൈറ്റിയോ ആണെങ്കിൽ നോട്ടീസു നല്കണമെന്ന് 40/3ൽ വ്യക്തമാക്കുന്നുണ്ട്. ഈ നിയമ സവിശേഷതകൾ മൂലമാണ് വഖഫ് ബോർഡിന്റെ നടപടികൾ മുനമ്പംകാർ അറിയാതെ പോയതും ഫാറൂഖ് കോളേജ് മാത്രം അറിഞ്ഞതും!

4) സാർവത്രിക മനുഷ്യാവകാശങ്ങളുടെ (Universal Declaration of Human Rights) ആർട്ടിക്കിൾ 10 പ്രകാരമുള്ള രണ്ട് മനുഷ്യാവകാശങ്ങൾ വഖഫ് ബോർഡിന്റെ മുനമ്പം ഭൂമി പിടിച്ചെടുക്കലിലൂടെ ലംഘിക്കപ്പെട്ടിരിക്കുന്നു:

a> ഒരു വ്യക്തിയെ പ്രതികൂലമായി ബാധിക്കുന്ന തീരുമാനങ്ങൾ എടുക്കുന്നതിനു മുമ്പായി അയാൾക്ക് പറയാനുള്ളത് പറയാനും അത് കേൾക്കപ്പെടാനും ഉള്ള അവകാശം ഉണ്ട്. ഇവിടെ അത് നിഷേധിക്കപ്പെട്ടു;

b> രണ്ടുപേർ തമ്മിലുള്ള തർക്കത്തിൽ അതിലൊരാൾ ന്യായാധിപൻ ആകാൻ പാടില്ല. ഇവിടെ വഖഫ് ബോർഡും ജനങ്ങളും തമ്മിലുള്ള ഒരു തർക്കവിഷയത്തിൽ ബോർഡ്തന്നെ സ്വയം വിധി പ്രഖ്യാപിക്കുന്നു! One should not sit in his own judgement എന്ന തത്വവും ഇവിടെ ലംഘിക്കപ്പെട്ടിരിക്കുന്നു.

## 83-ാം വകുപ്പിലെ മതേതരത്വ വിരുദ്ധത

1995 ലെ വഖഫ് ആക്ടിലെ 83-ാം വകുപ്പിലൂടെ സർക്കാർ വഖഫ് വസ്തുവകകൾ സംരക്ഷിക്കുക എന്ന താല്പര്യം പ്രകടമായുള്ള ഒരു വഖഫ് ട്രിബ്യൂണലിന് ആരംഭം കുറിച്ചു. വഖഫ് ബോർഡിന്റെ നടപടികളെക്കുറിച്ച് ആക്ഷേപമുള്ളയാൾ സമീപിക്കേണ്ടത് സിവിൽ കോടതിയെയല്ല; വഖഫ് ട്രിബ്യൂണലിനെയാണ്.

വഖഫ് ആക്ട് 1995-ലെ സെക്ഷൻ 83/5 പ്രകാരം വഖഫ് ട്രിബ്യൂണലിന് ഒരു സിവിൽ കോടതിയുടെ അധികാരം നല്കിയിട്ടുണ്ട്. പക്ഷേ, ഇതിന് ഒരു ക്വാസി-ജുഡീഷ്യൽ സ്വഭാവമാണ് ഉള്ളത്. അതായത്, കോടതിയുടെ പൊതുസ്വഭാവത്തിൽ നിന്ന് അതു വ്യത്യസ്തമാണ്. പൊതുനിയമം അതിന് ബാധകമല്ല, അതിന്റെ സ്റ്റാറ്റ്യൂട്ട്സ് മാത്രമാണ് ബാധകം. കോൺഗ്രസ്സ് സർക്കാർ ഉണ്ടാക്കിയ വഖഫ് ആക്ട് ഇപ്പോൾ വൻദുരന്തങ്ങൾ സൃഷ്ടിക്കുന്നതിന്റെ കാരണവും ആ സ്റ്റാറ്റ്യൂട്ട്സ് തന്നെയാണ്. മണ്ണധിനിവേശം (land grabbing) മനസ്സിൽ കണ്ട് അതിബുദ്ധിമാന്മാരായ നിയമവിദഗ്ധരൊക്കൊണ്ട് അതിവിദഗ്ധമായി തയ്യാറാക്കിയതാണ് വഖഫ് ആക്ട്. സാക്ഷാൽ ചെന്നായ് ആയിരിക്കുകയും വേണം, കുഞ്ഞാടെന്നു തോന്നിപ്പിക്കുകയും വേണം!

> **മണ്ണധിനിവേശം മനസ്സിൽ കണ്ട് അതിബുദ്ധിമാന്മാരായ നിയമവിദഗ്ധരെക്കൊണ്ട് അതിവിദഗ്ധമായി തയ്യാറാക്കിയതാണ് വഖഫ് ആക്ട്. സാക്ഷാൽ ചെന്നായ് ആയിരിക്കുകയും വേണം, കുഞ്ഞാടെന്നു തോന്നിപ്പിക്കുകയും വേണം!**

വഖഫ് ട്രിബ്യൂണലിന്റെ ഉത്തരവ് ഒരു സിവിൽ കോടതിയുടെ ഡിക്രിക്കു തുല്യമായിരിക്കും (83/7). എന്നാൽ, അതിന്റെ വിധി അതിനു സ്വയം നടപ്പിലാക്കാനാവില്ല; അതു ചെയ്യേണ്ടത് സിവിൽ കോടതിയാണ് (83/8). കാരണം, ക്വാസി - ജുഡീഷ്യൽ ബോഡിയായ ട്രിബ്യൂണൽ യഥാർത്ഥ കോടതിയല്ല എന്നതുതന്നെ. എന്നാൽ, വഖഫ് ട്രിബ്യൂണലിന്റെ തീരുമാനത്തിന് എതിരേ അപ്പീലുകൾ നിലനില്ക്കില്ല (83/9). ഹൈക്കോടതിക്ക് പോലും ട്രിബ്യൂണലിന്റെ വിധിക്ക് എതിരേ പരിമിതമായ അധികാരങ്ങളാണ് ഉള്ളത്.

## സിവിൽ കോടതിയും വഖഫ് ട്രിബ്യൂണലും തമ്മിലുള്ള അന്തരം

സിവിൽ കോടതിയിൽ തീരുമാനങ്ങളെടുക്കുന്നത് സിവിൽ പ്രൊസീജർ കോഡിനെ ആശ്രയിച്ചാണെങ്കിൽ വഖഫ് ട്രിബ്യൂണലിൽ അങ്ങനെയല്ല. ഇന്ത്യൻ എവിഡൻസ് ആക്ടും വഖഫ് ബോർഡിനു ബാധകമല്ല! സിവിൽ കോടതി ആയിരുന്നെങ്കിൽ വാദം തെളിയിക്കാനുള്ള ബാധ്യത (burden of proof) ഉണ്ടാകുമായിരുന്നത് ക്ലെയിം ഉന്നയിച്ച ആൾക്കാണ്, അതായത് വഖഫ് ബോർഡിനാണ്. എന്നാൽ, വഖഫ് ട്രിബ്യൂണലിൽ വഖഫ് ബോർഡിന് അവകാശവാദം ഉന്നയിച്ചാൽ മാത്രം മതി, മതിയായ ഒരു രേഖയും ഹാജരാക്കേണ്ടതില്ല. ഇതാണ് ട്രിബ്യൂണലിന്റെ പ്രൊസീജർ! അതായത്, വാദപ്രതിവാദം തുടങ്ങുന്നതിനുമുന്നേ ഒരു പാർട്ടിക്ക് 50 % മാർക്ക് ട്രിബ്യൂണൽ ഇട്ടു കൊടുത്തുകഴിഞ്ഞു!

ട്രിബ്യൂണലിൽ രേഖകൾ തെളിവുകളായി ഹാജരാക്കാനുള്ള ബാധ്യത ഉടമസ്ഥന്റെമേലാണുള്ളത്. രേഖകളില്ലാതെ വഖഫ് ബോർഡ് അവകാശവാദമുന്നയിക്കുമ്പോൾ ആ അവകാശവാദത്തെ പ്രോപ്പർട്ടിയുടെ ഉടമസ്ഥൻ രേഖകൾ അവതരിപ്പിച്ച് ഖണ്ഡിക്കാൻ ശ്രമിക്കണം. പക്ഷേ, സ്വന്തം റവന്യൂ രേഖകൾ കാണിച്ച് അതു തന്റെ വസ്തുവാണെന്നല്ല ആ ഉടമസ്ഥൻ തെളിയിക്കേണ്ടത് (അതൊക്കെ വെറും സിവിൽ കോടതിയിലെ ആചാരങ്ങളല്ലേ?!). മറിച്ച്, വഖഫ് ബോർഡ് പറയുന്നതിനെ ഖണ്ഡിക്കാനുള്ളതെളിവുകളാണ് അയാൾ നൽകേണ്ടത്! ഉദാഹരണത്തിന്, 200 വർഷങ്ങൾക്കുമുമ്പ് ഈ സ്ഥലം വഖഫ് ചെയ്തതാണ് എന്ന് വഖഫ് ബോർഡ് പറയുമ്പോൾ ഉടമസ്ഥൻ തെളിയിക്കേണ്ടത് 200 വർഷങ്ങൾക്കുമുമ്പ് ഈ സ്ഥലം അങ്ങനൊരു മുസ്ലീം അങ്ങനൊരു വഖഫ് ഉണ്ടാക്കിയിട്ടില്ല എന്നാണ്! എങ്ങനെയുണ്ട് ഈ മതേതര കോടതിയുടെ തമാശ! അത്തരം തെളിവുകൾ നിരത്തി ട്രിബ്യൂണലിനെ ബോധ്യപ്പെടുത്തുക മനുഷ്യസാധ്യമാണോ?

എന്താണ് ഈ പ്രൊസീജറിന്റെ അടിസ്ഥാന കാരണം എന്നു ചോദിച്ചാൽ ബൗദ്ധികസത്യസന്ധതയുള്ളവർക്ക് കിട്ടുന്ന ഉത്തരം ഒരു ശരിയത്ത് നിയമമായിരിക്കും - ഒരിക്കൽ വഖഫ് എന്നന്നേക്കും വഖഫ്! ഈ മതേതര രാജ്യത്ത് നിക്ഷിപ്ത മതതാല്പര്യമുള്ള ഒരു ട്രൈബ്യൂണലിനു മുമ്പാകെ തങ്ങളുടെ വാദങ്ങളുമായി ചെല്ലേണ്ടി വരുന്ന ഒരു ഇന്ത്യൻ പൗരന്റേത് എന്തൊരു ഗതികെട്ട അവസ്ഥയാണ്!

## വഖഫ് ആക്ട് 1995 ക്രൂരമാക്കിയ 2013 ഭേദഗതി

വഖഫ് ആക്ടിന് പില്ക്കാലത്തുണ്ടായ ഭേദഗതിയും വിചിത്രമാണ്. 1995-ലെ നിയമനിർമാണത്തിനു സമാനമായ രീതിയിൽ, 2014 മെയ് 26-ാം തീയതി മൻമോഹൻ സിങ് പ്രധാനമന്ത്രിക്കസേരയിൽ നിന്ന്

ഇറങ്ങിപ്പോകുന്നതിന് വെറും എട്ടു മാസം മുമ്പ്, കൃത്യമായി പറഞ്ഞാൽ 2013 സെപ്റ്റംബർ 20ന്, വഖഫ് ആക്ട് നിയമഭേദഗതി നടത്തി വഖഫ് ബോർഡിന് കൂടുതൽ അമിതാധികാരങ്ങൾ അനുവദിച്ചു. എന്നു മാത്രമല്ല, ആ ഭേദഗതികൾക്കനുസരിച്ച്, 2014ലെ തിരഞ്ഞെടുപ്പിനു തൊട്ടുമുമ്പ് ഡൽഹിയിലെ ലുട്ടിയെൻസ് ഡൽഹി എന്നറിയപ്പെടുന്ന സമ്പൽസമൃദ്ധമായ പ്രദേശത്ത് 123 വിവിഐപി ലാൻഡുകൾ വഖഫ് ബോർഡിന് വിട്ടുകൊടുക്കുകയും ചെയ്തു. 2013-ലെ ഭേദഗതിയിലാകട്ടെ, ഭൂമി കൈയേറ്റക്കാർ എന്ന് വഖഫ് ബോർഡ് ചൂണ്ടിക്കാണിക്കുന്നവർക്കെതിരേ ക്രിമിനൽ പ്രൊസിക്യൂഷനും ഒഴിപ്പിക്കൽ നടപടികൾക്കുമുള്ള സാധ്യതയും കോൺഗ്രസ്സ് സർക്കാർ എഴുതിച്ചേർത്തു.

## 107-ാം വകുപ്പിലെ അധിനിവേശ നിത്യത!

1963ലെ Limitation Act പ്രകാരം, ഒരു വസ്തുവിന്മേൽ ആർക്കെങ്കിലും അവകാശവാദമുന്നയിക്കാൻ കഴിയുന്നത് കൈയേറി പന്ത്രണ്ടു വർഷത്തിനുള്ളിലാണ്. എന്നാൽ വഖഫ് ആക്ടിലെ 107-ാം വകുപ്പിലൂടെ ഈ പരിധി വഖഫ് കാര്യങ്ങൾക്ക് പൂർണമായും ഒഴിവാക്കപ്പെട്ടു. ചുരുക്കിപ്പറഞ്ഞാൽ, നൂറ്റാണ്ടുകൾക്കു മുമ്പ് വഖഫ് ആക്കപ്പെട്ടു എന്നു തോന്നുന്ന ഏതു വസ്തുവകയും പിടിച്ചെടുക്കാൻ ഇന്നത്തെ വഖഫ് ബോർഡുകൾക്ക് അധികാരമുണ്ട്. വേറൊരു രീതിയിൽ പറഞ്ഞാൽ, ഇന്ത്യയിൽ എവിടെയുമുള്ള പൗരന്മാർക്ക്, തങ്ങളുടെ സ്വത്തിന്മേൽ വഖഫ് ബോർഡ് അവകാശവാദമുന്നയിക്കുന്നത് എപ്പോൾ എന്ന ഭയം നിരന്തരം കൊണ്ടുനടക്കേണ്ടിവരും! ആരും സുരക്ഷിതരല്ല, ഒന്നും സുരക്ഷിതമല്ല! ഏതു നിമിഷവും ഏതു പ്രദേശവും ഒരു മുനമ്പമായിത്തീരാം!

## ജനത്തിന് തിരിച്ചറിവുണ്ടാകുന്നു!

ഏതായാലും, മുനമ്പം ജനത്തിന്റെ ദുർഗതിക്കു കാരണമായ വഖഫ് നിയമങ്ങൾ വായിച്ചു പഠിക്കാൻ കേരളീയർ തയ്യാറായിരിക്കുന്നു. അല്പമെങ്കിലും രാജ്യസ്നേഹമോ ഭരണഘടനയോട് പ്രതിപത്തിയോ മതേതരബോധമോ ഉള്ളവർക്ക് ഇത്തരത്തിൽ ഒരു നിയമനിർമാണം നടത്താൻ കഴിയുന്നതെങ്ങനെ എന്നതാണ് ഇപ്പോൾ എല്ലാ മനസ്സുകളിലും ആർത്തിരമ്പുന്ന ചോദ്യം.

അങ്ങനെ ജനം തിരിച്ചറിയുന്നു: അവർ ശരിഅത്ത് നിയമം ഇന്ത്യൻ പൗരന്മാരുടെ മേൽ അടിച്ചേല്പിച്ചു; അങ്ങനെ അവർ ഭരണഘടനയെ നോക്കി കൊഞ്ഞനം കുത്തി: അങ്ങനെ അവർ ഇന്ത്യയെ രണ്ടാം പാക്കിസ്ഥാൻ ആക്കി! എത്ര സുന്ദരമായ ഇന്ത്യൻ മതേതരത്വം! ■



കവിത

ലോറൻസ് ഫെർണാണ്ടസ്



# ഇന്നലെ ഉറങ്ങാൻ കിടന്നവർ

വയ്യ! നാടേ,
ദീനമാം നിൻമുഖം കണ്ടുനിൽക്കാൻ
വയ്യെനിക്കൊട്ടുമീ ഞരക്കവും കേൾക്കാൻ
ആടിത്തിമിർത്തു മറഞ്ഞൊരീ താണ്ഡവ
താളത്തിലെല്ലാം ഉരുൾകൊണ്ടു പോകവേ
മുഖമില്ല തെളിവിന്റെയാൾ പോലുമില്ല പി -
ന്നവശേഷിപ്പതാം  മാംസതന്തുക്കൾ മാത്രം!
ഓട്ടുവളയിട്ടൊരു കൈ, ചെളിപറ്റും കാശുമാല
കാണാമൊരുവിരൽ വരണമോതിരക്കാഴ്ച
കുഞ്ഞിനായ്ക്കരുതിയ വർണ്ണക്കളിപ്പാവ
ആളൊഴിഞ്ഞാരവക്കൂട്ടത്തിൽ മാടങ്ങൾ
ഒന്നര സെൻ്റിന്റെ കുടികിടപ്പാധാരം
മൂലയിൽ നാമജപം ചൊന്ന മുത്തശ്ശി
ചക്കിക്ക് കൂട്ടിന് കൂടെപ്പോം നായ്കുട്ടി
കാലേ വിളിച്ചുണർത്തുന്നൊരാ പൂങ്കോഴി
അപ്പൂപ്പനിഷ്ടമാമാകാശവാണിപ്പെട്ടി
കുഞ്ഞുമോൾ പാട്ടിനു നേടിയൊരാ ട്രോഫി
ഓണത്തിനായ് കരുതിവച്ചൊരാ നെല്ലരി
ചിങ്ങത്തിനൊരുക്കിയ മംഗല്യപ്പണ്ടങ്ങൾ
വയ്യനാടേ!
ദീനമാം നിൻമുഖം കണ്ടു നിൽക്കാൻ
കണ്ണുനീർച്ചാലുമായ് കാട്ടാനപോലും
കാവലായ് നിന്നൊരാ രാവിന്റെ തേങ്ങലിൽ
മൂകമായ് കേട്ടുവോ!  കൊല്ലില്ല നിങ്ങളെ
കൊല്ലാൻ പിറന്നവർ മാനവരെങ്കിലും...
ദൗഷ്ട്യത്തിൻ കൊമ്പല്ല, ക്രൗര്യത്തിൻ മിഴിയല്ല
കൊല്ലുവാനാവുമോ മിഴിവാർന്ന നിങ്ങളെ...
ഒന്നോർത്താൽ നമ്മളിന്നിരുവരുമൊരുപോലെ
സർവവുമപഹരിക്കപ്പെട്ടവരല്ലയോ!
ജീവൻ തുടിക്കുമിടങ്ങളിലോരോരോ
കൂട്ടങ്ങളലമുറപ്പെയ്ത്തിൻ പെരുമഴ
അളവിന്റെ ചതുരങ്ങളകലുന്ന നേർവര
ചരിതങ്ങളഴിയുന്ന നേരിന്റെ താഴ്വര
നാമങ്ങളനുബന്ധരൂപങ്ങളൊക്കെയും
അലിഞ്ഞലിഞ്ഞങ്ങനെ നമ്മളൊന്നാകുമീ
വാഴ്വിന്റെ കളിയരങ്ങത്തെത്തി നമ്മളും!



ലേഖനം

# ‘ഓഖി’ ഓർമ്മകളും പ്രതീക്ഷകളും

മോൺ. യൂജിൻ എച്ച്. പെരേര



പ്രകൃതി ദുരന്തങ്ങൾ ഇന്നും മലയാളിക്കു വലിയ പേടിസ്വപ്നമായി തുടരുകയാണ്. ഈ പശ്ചാത്തലത്തിലാണ് തിരുവനന്തപുരം അതിരൂപത ഓഖി ചുഴലിക്കാറ്റിൽ മരണമടഞ്ഞതും, കാണാതായതും ഗൗരവമേറിയ ശാരീരിക മാനസിക ആഘാതങ്ങളേറ്റവർക്കുംവേണ്ടി ഏറ്റെടുത്ത പുനരധിവാസ പ്രവർത്തനങ്ങൾ പൂർത്തികരിച്ചുകൊണ്ടുള്ള കൂടിവരവ് ഒക്ടോബർ 11-ാം തീയതി നടത്തിയത്. 2017 നവംബർ 30-ാം തീയതി കന്യാകുമാരി - തിരുവനന്തപുരം തീരത്ത് സംഹാരതാണ്ഡവമാടിയ ചുഴലിക്കാറ്റിന്റെ ദാരുണാനുഭവം തുമ്പയിൽ നിന്നുള്ള ശ്രീമതി മെറ്റിൽഡയും വള്ളവിളയിൽ നിന്നുള്ള ശ്രീമതി രജിതയും പങ്കുവച്ചു. സദസ്യരെ ഈറനണിയിച്ച അവരുടെ പങ്കുവയ്ക്കൽ ചുഴലി വിഴുങ്ങിയ ആയിരത്തിലേറെ കുടുംബങ്ങളുടെ ദൈന്യതയുടെ അനുഭവമാണ്. കടൽ വിഴുങ്ങിയ തങ്ങളുടെ പ്രിയപ്പെട്ടവരുടെ ഓർമ്മകൾ ഇന്നും നോവുകളായി തുടരുമ്പോഴും ദുരന്തമുഖത്ത് താങ്ങായിനിന്ന സുമനസ്സുകളെ നന്ദിയോടെ അവർ അനുസ്മരിച്ചു. സർക്കാരും, അനേകം സന്നദ്ധപ്രവർത്തകരും ദുരന്തമുഖത്ത് താങ്ങായപ്പോൾ തിരുവനന്തപുരം അതിരൂപതയുടെ പിൻബലവും, അനുധാവനവും തുടർന്നുള്ള ജീവിതം കരുപിടിപ്പിക്കാൻ സഹായിക്കുന്നു എന്നവർ അനുസ്മരിച്ചു.

ഓഖി ചുഴലിക്കൊടുങ്കാറ്റ് ആഞ്ഞടിച്ച് വലിയ ദുരന്തങ്ങൾ മത്സ്യത്തൊഴിലാളികളിൽ വിതച്ച് കടന്നുപോയിട്ട് ഏഴു വർഷങ്ങൾ പിന്നിടുമ്പോഴും സാക്ഷര കേരളം പ്രകൃതി ദുരന്തങ്ങളുണ്ടാകുമ്പോൾ നിസ്സഹായാവസ്ഥയിൽ തുടരുന്നത് അപമാനകരമാണ്. 2004 ൽ സുനാമിത്തിരകൾ ഇൻഡോനേഷ്യ മുതൽ തെക്കനേഷ്യൻ രാജ്യങ്ങളെ പിടിച്ചുകുലുക്കിയപ്പോൾ പ്രകൃതിദുരന്തങ്ങൾ നേരിടാൻ ലോകം സജ്ജമല്ല എന്ന് തിരിച്ചറിഞ്ഞ ഐക്യരാഷ്ട്ര സംഘടന 2005-ൽതന്നെ രാഷ്ട്രത്തലവന്മാർ, ദുരന്തനിവാരണരംഗത്തെ ബഹുമുഖ പ്രതിഭകൾ, പൗരസമൂഹ പ്രതിനിധികൾ എന്നിവരെ ജപ്പാ

നിലെ ഹ്യോഗോയിൽ വിളിച്ചുചേർത്ത് ദുരന്തപ്രവചനം തുടങ്ങി ദുരന്തനിവാരണത്തിനായി തുകകൾ മാറ്റിവയ്ക്കുക, മുൻകരുതലുകൾ, അടിയന്തിര ഇടപെടലുകൾ എന്നിവക്കായി ശേഷി വർദ്ധിപ്പിക്കുക എന്നിവകളെക്കുറിച്ച് ചർച്ച ചെയ്തു. കൂടാതെ ദുരന്തരഹിത സമൂഹ നിർമ്മിതിക്കായി, 'ഹ്യോഗോ ഫ്രെയിംവർക്ക് ഫോർ ആക്ഷൻ' എന്ന മാർഗ്ഗരേഖ പ്രഖ്യാപിച്ചു. ലിംഗദർശനം, സാംസ്ക്കാരിക വൈവിധ്യം, പ്രായം, പാർശ്വവൽകൃത സമൂഹങ്ങൾ എന്നിവരെ ഈ മാർഗ്ഗരേഖയുടെ ഭാഗമാക്കി. ഇന്ത്യ ഉൾപ്പെടെ 168 രാജ്യങ്ങൾ ഈ മാർഗ്ഗരേഖ അംഗീകരിച്ചു.

2005 ൽ ലോകരാജ്യങ്ങൾക്ക് ദുരന്തനിവാരണ നയം രൂപപ്പെടുത്താൻ സഹായകരമായ ഹ്യോഗോ ഫ്രെയിംവർക്ക് ഫോർ ആക്ഷൻ എന്ന മാർഗ്ഗരേഖ ലഭിച്ച ഉടൻതന്നെ ഇന്ത്യയുടെ പാർലമെന്റിന്റെ രണ്ടു സഭകളും 'ദേശീയ ദുരന്തനിവാരണ നിയമം' ഐകകണ്ഠ്യേന പാസ്സാക്കി. തുടർന്ന് ദേശീയ ദുരന്ത നിവാരണ അതോറിറ്റി (NDMA), സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി (NDMA)കൾ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ യഥാക്രമം പ്രധാനമന്ത്രി, മുഖ്യമന്ത്രി, ജില്ലാ കളക്ടർ എന്നിവരെ അദ്ധ്യക്ഷരായി രൂപീകരിച്ചു. കൂടാതെ ദുരന്തങ്ങളുണ്ടാകുമ്പോൾ ദ്രുതഗതിയിൽ പ്രവർത്തിക്കുന്നതിന് ദേശീയ ദുരന്ത പ്രതികരണ ഫോഴ്സ് (NDRF)ഉം 2006 ൽ രൂപീകരിച്ചു.

ഇന്ത്യയിൽ പാസ്സാക്കിയ ദേശീയ ദുരന്തനിവാരണ നിയമത്തിന്റെ ചുവടുപിടിച്ച് കേരളത്തിൽ 2007 ൽ ദുരന്തനിവാരണ അതോറിറ്റി രൂപീകരിച്ചു. അതോറിറ്റിക്ക് കീഴിൽ സംസ്ഥാന എമർജൻസി ഓപ്പറേറ്റീവ് അതോറിറ്റി (KSDMA) സ്ഥാപിച്ചു.

2017 നവംബർ മാസത്തിൽ ആഞ്ഞടിച്ച ഓഖി ചുഴലിക്കൊടുങ്കാറ്റ് വിതച്ച ദുരന്തമുഖത്ത് മേല്പറഞ്ഞ സംവധാനങ്ങൾ വെറും നോക്കുകുത്തികളായി നിലനിന്നതിനാലാണ് ആയിരക്കണക്കിന് മത്സ്യത്തൊഴിലാളികൾ ദുരന്തക്കയത്തിൽപ്പെട്ട് ഗുജറാത്ത്, സിന്ധുദുർഗ്, ഗോവ തുടങ്ങിയ ഹാർബറുകളിൽ ദിവസങ്ങൾക്കകം അഭയം പ്രാപിച്ചത്. കൂടാതെ തിരുവനന്തപുരത്തെ മത്സ്യത്തൊഴിലാളികൾ സ്വമേധയ തിരച്ചിലിനായി സംഘടിതമായി ഇറങ്ങിപ്പുറപ്പെട്ടതും രക്ഷാപ്രവർത്തനം നടത്തിയതും. ഓഖി ദുരന്തമുഖത്തെ മത്സ്യത്തൊഴിലാളികളുടെ ഒരാവശ്യമായിരുന്നു കടലറിവും നാട്ടറിവുമുള്ള മത്സ്യത്തൊഴിലാളികളെയും, മലയോര പ്രദേശത്തെ ആദിവാസികളെയും പ്രതിനിധികളെയും ഉൾപ്പടുത്തി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി വിപുലീകരിക്കണമെന്നത്.

മത്സ്യത്തൊഴിലാളികളുടെ ഈ വാദത്തിന് കൂടുതൽ ശക്തിലഭിച്ചതും അധികാരവർഗ്ഗം അംഗീകരിച്ചതും 2018 ലെ മഹാജലപ്രളയ ദുരന്തമുഖത്താണ്. രാജ്യത്തിന്റെ മുഴുവൻ രക്ഷാസൈന്യവും സ്വന്തമായി രംഗത്തിറങ്ങിയപ്പോഴും പ്രളയമുഖത്ത് യഥാർത്ഥ രക്ഷകരായി മാറിയത് മത്സ്യത്തൊഴിലാളി





കളാണ്. എൺപത്തിനാലായിരം ജീവനുകളെ തങ്ങളുടെ നെഞ്ചും, മാറും, മുതുകും, കൈകളും വിരിച്ച് വാരിയെടുത്തപ്പോൾ കേരളത്തിന്റെ മുഖ്യമന്ത്രി മത്സ്യത്തൊഴിലാളികളെ വിശേഷിപ്പിച്ചത് 'കേരള സൈന്യം' എന്നാണ്. ആ വിശേഷണങ്ങൾ കഴിഞ്ഞ് ഏഴ് വർഷം പിന്നിടുമ്പോഴും ഇത്തരം വിലപ്പെട്ട നിർദ്ദേശങ്ങൾ, നാട്ടറിവും, തനതനുഭവവുമുള്ളവരെ ദുരന്തനിവാരണ സംവിധാനങ്ങളിൽ ഉൾപ്പെടുത്താം എന്ന വാഗ്ദാനവും മരീചികയായിത്തന്നെ തുടരുന്നു. കൂടാതെ രാജ്യത്തിന്റെ അതിർത്തി ഭടന്മാരായ മത്സ്യത്തൊഴിലാളികൾ വിവരണാതീതമായ ദുരന്തങ്ങൾ നേരിടുന്നു.

കഴിഞ്ഞ വർഷക്കാലം ഓഖി ദുരന്ത ബാധിതരെ അനുധാവനം ചെയ്തുകൊണ്ട് കുട്ടികളുടെ വിദ്യാഭ്യാസം, തൊഴിലെടുത്ത് ജീവിതം മുന്നോട്ടു കൊണ്ടുപോകുന്നതിനായുള്ള സംരംഭങ്ങൾ, ചികിത്സാസഹായം, വിവാഹ ധനസഹായം, അടിസ്ഥാന സൗകര്യവികസനം, പെൻഷൻ പദ്ധതി, വ്യക്തിഗത കൗൺസിലിംഗ് തുടങ്ങിയ രംഗങ്ങളിൽ ഒരു വലിയ നിര സന്നദ്ധ പ്രവർത്തകർ ദുരന്തബാധിതർക്ക് കരുതലും കരുത്തുമായി. അങ്ങനെ അടിയന്തിര സഹായമായും പുനരധിവാസ പ്രവർത്തനങ്ങൾക്കും സമാഹരിച്ച മുഴുവൻ തുകയും അതിരൂപത സാമൂഹ്യ, വിദ്യാഭ്യാസ, കുടുംബ, മത്സ്യത്തൊഴിലാളി ശുശ്രൂഷകളിലൂടെ ചിലവഴിച്ചു. എന്നാൽ സർക്കാർ വാഗ്ദാനം ചെയ്ത തൊഴിൽദായക വിദ്യാഭ്യാസ, കടൽസുരക്ഷാ കാലാവസ്ഥാ പ്രവചന മേഖലകളിലെ ഇടപെടലുകൾ അപൂർണ്ണമായി തുടരുന്നു. ഈ രംഗത്ത് അടിയന്തര ശ്രദ്ധ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

ഓഖി ദുരന്തബാധിതരെ പുനരധിവസിപ്പിക്കാൻ വളരെ ശ്രദ്ധേയമായ ഇടപെടലുകളുണ്ടായപ്പോഴും തീരത്തെയും മത്സ്യത്തൊഴിലാളി സമൂഹത്തെയും കാലോചിതമായി വികസിപ്പിക്കാനും നൂതന സാങ്കേതികവിദ്യകൾ ഉപയോഗിച്ചു കൈപിടിച്ചുയർത്താനുമുള്ള സാദ്ധ്യതകൾ അവശേഷിക്കുന്നു. ഇവിടെയാണ് കടലിനെയും, കടൽത്തീരത്തെയം, മത്സ്യാവാസവ്യവസ്ഥകളെയും, പരിസ്ഥിതിയെയും നശിപ്പിക്കുന്ന സമീപനം ഉപേക്ഷിക്കേണ്ടതും ഡോ .ശശിതരൂർ സമ്മേളനത്തിൽ മുന്നോട്ടുവച്ച മത്സ്യത്തൊഴിലാളികളെ ടെറിറ്റോറിയൽ ആർമിയായി കണ്ട് മത്സ്യത്തൊഴിലാളികളുടെയും തീരദേശത്തിന്റെയും വികസന പരിപ്രേഷ്യം രൂപപ്പെടുത്തേണ്ടതും. കൂടാതെ തീരത്തിന്റെ ഭൂവിനിയോഗം, കടൽ ജൈവ ആവാസ വ്യവസ്ഥകളുടെ പരിപാലനം സാധ്യമാക്കിക്കൊണ്ട് കടലവകാശ നിയമവും രൂപപ്പെടേണ്ടതുണ്ട്. ലോകം അതിവേഗം കുതിക്കുമ്പോൾ തീരത്തെയും പശ്ചിമഘട്ടത്തെയും മലനിരകളെയും പരിരക്ഷിക്കുന്നതാകണം വികസനം.



# കാനോൻ നിയമം
# തിരുപ്പട്ടാഘോഷവും അധികാരപത്രവും



ഫാ. ജോസ് ജി. (അതിരൂപത ചാൻസിലർ)

ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 1010 - 1023 തിരുപ്പട്ടാഘോഷവും കാർമ്മികനും വിവരിക്കുന്നു. ദിവ്യകാരുണ്യം / കുർബാന എന്ന കൂദാശയെക്കൂടാതെയുള്ള 6 കൂദാശകളിലും തിരുപ്പട്ട കൂദാശമാത്രമാണ് നിർബന്ധമായും ദിവ്യബലി ആഘോഷത്തിൽ പരികർമ്മം ചെയ്യപ്പെടുന്നത്. അതായത് ദിവ്യബലി ആഘോഷമില്ലാതെ തിരുപ്പട്ട കൂദാശ പരികർമ്മം ചെയ്യാൻ സാധ്യമല്ല. മെത്രാൻ പട്ടം, പൗരോഹിത്യ പട്ടം, ഡീക്കൻ പട്ടം എന്നിവയാണ് തിരുപ്പട്ടങ്ങളിൽ ഉൾപ്പെടുന്നത്.

## തിരുപ്പട്ടാഘോഷത്തിന്റെ മറ്റ് നിർദ്ദേശങ്ങൾ

1. സാധാരണയായി, ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലുമാണ് തിരുപ്പട്ടം ആഘോഷിക്കേണ്ടത്. എന്നാൽ, അജപാലനപരമായ കാരണങ്ങളാൽ മറ്റു ദിവസങ്ങളിൽ തിരുപ്പട്ടം നല്കാവുന്നതാണ് (CIC 1010).

2. സാധാരണയായി, തിരുപ്പട്ടം നല്കേണ്ടത് കത്തീഡ്രൽ ദൈവാലയത്തിൽവച്ചാണ്. എന്നാൽ, അജപാലനപരമായ കാരണങ്ങളാൽ മറ്റൊരു ദൈവാലയത്തിലോ ചാപ്പലിലോവച്ച് ആഘോഷിക്കാവുന്നതാണ് (CIC 1011.1).

3. ഈ ആഘോഷത്തിൽ പരമാവധി പങ്കാളിത്തം ഉണ്ടാകേണ്ടതിന് ക്ലേർജിമാരെയും മറ്റു ക്രിസ്തീയ വിശ്വാസികളെയും തിരുപ്പട്ട കർമ്മത്തിലേയ്ക്ക് ക്ഷണിക്കണം (CIC 1011.2).

4. മഹോത്സവങ്ങൾ, ആഗമനകാലം, തപസ്സുകാലം, പെസഹാക്കാലം എന്നിവയിലെ ഞായറാഴ്ചകളിലും പെസഹാ അഷ്ടദിനങ്ങളിലും തിരുപ്പട്ടം നല്കുമ്പോൾ അതാതു ദിവസങ്ങളിലെ ദിവ്യബലി അർപ്പിക്കുകയും ആരാധനക്രമ നിറങ്ങളിലുള്ള തിരുവസ്ത്രങ്ങൾ ധരിക്കുകയും വേണം (റോമൻ മിസ്സാൽ തിരുപ്പട്ട മുഖവുര).

## തിരുപ്പട്ട പരികർമ്മവും അധികാരപത്രവും (Confering Orders and Dimissorial Letter)

1. ഒരു രൂപതയ്ക്കുവേണ്ടിയോ സെക്കുലർ ക്ലേർജിമാരുടെ ഒരു സഭയ്ക്കുവേണ്ടിയോ പൊന്തിഫിക്കൽ പദവിയില്ലാത്ത ക്ലേർജിമാരുടെ സന്യാസ ഇൻസ്റ്റിറ്റ്യൂട്ടിലേക്കോ അപ്പസ്തോലികജീവിത സമൂഹത്തിലേക്കോ പൗരോഹിത്യം സ്വീകരിക്കേണ്ട അർത്ഥിക്കും ഡീക്കൻപട്ടം സ്വീകരിക്കേണ്ട അർത്ഥിക്കും തിരുപ്പട്ടം നല്കേണ്ടത് സ്വന്തം മെത്രാനോ അഥവാ അദ്ദേഹം നല്കുന്ന അധികാരപത്രത്തോടുകൂടി മറ്റൊരു മെത്രാനോ ആണ് (CIC 1015.1, 1016 & 1019.2). ഡീക്കൻ പട്ടത്തിലൂടെ ഇൻകാർഡിനേഷൻ ചെയ്യപ്പെട്ട രൂപതയിലെ മെത്രാനാണ് സെക്കുലർ ക്ലേർജിയുടെയും സ്വന്തം മെത്രാൻ.

2. പൊന്തിഫിക്കൻ പദവിയിലുള്ള ക്ലേർജിമാരുടെ സന്യാസ ഇൻസ്റ്റിറ്റ്യൂട്ടിലേക്കോ അപ്പസ്തോലികജീവിത സമൂഹത്തിലേക്കോ പൗരോഹിത്യം സ്വീകരിക്കേണ്ട അർത്ഥിക്കും ഡീക്കൻ പട്ടം സ്വീകരിക്കേണ്ട അർത്ഥിക്കും, അവരവരുടെ മേജർ സുപ്പീരിയർ നല്കുന്ന അധികാരപത്രത്തോടുകൂടി മറ്റൊരു മെത്രാന് തിരുപ്പട്ടം നല്കാനാകും (CIC 1019.1)

3. CIC 1050- 1051 എന്നിവ ആവശ്യപ്പെടുന്ന നിയമപരമായ യോഗ്യതാപത്രങ്ങളും രേഖകളും മുൻകൂട്ടി ലഭിച്ചശേഷമേ ബന്ധപ്പെട്ട മേലധികാരി അധികാരപത്രം നല്കാവൂ (CIC 1020).

4. മെത്രാൻപട്ടം സ്വീകരിക്കേണ്ട അർത്ഥിക്ക് പൊന്തിഫിക്കൽ കല്പനയോടുകൂടി രണ്ടു മെത്രാന്മാരോടൊപ്പം പ്രധാന മെത്രാന് തിരുപ്പട്ടം നല്കാനാകും (CIC 1013 1014). ■



ലേഖനം

# ഒരു വാക്കുകൊണ്ടു വിശുദ്ധിയുടെ പടിചവിട്ടികയറിയവൻ.



മാക് ഡിക്രൂസ്

യേശു അവനോട് അരുളിച്ചെയ്തു: സത്യമായി ഞാൻ നിന്നോട് പറയുന്നു, നീ ഇന്ന്  എന്നോടുകൂടെ പറുദീസയിൽ ആയിരിക്കും” ( ലുക്കാ 23.43 ). കുരിശിൽ കിടന്ന് യേശു അരുൾ ചെയ്ത അന്ത്യവാക്കുകളിൽ പറുദീസ വാഗ്ദാനം ചെയ്യപ്പെട്ട ഏക വിശുദ്ധൻ: വി.ഡിസ്മസ്. യേശുവിനോടൊപ്പം ക്രൂശിക്കപ്പെട്ട രണ്ടു കള്ളന്മാരിൽ യേശുവിന്റെ മഹത്വവും സ്വന്തം അപരാധവും തിരിച്ചറിഞ്ഞ് യേശുവിനോട് കരുണ യാചിച്ചതിന്റെ ഫലമായി സ്വർഗ്ഗ സമ്മാനത്തിന്റെ വാഗ്ദാനം നേടിയതായി വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിൽ പറയുന്ന ആളാണ് നല്ല കള്ളൻ. ക്രിസ്തുവിലൂടെയുള്ള രക്ഷയിലെത്താൻ ഒരാൾ സ്വീകരിക്കേണ്ട ആവശ്യമായ നടപടികളുടെ ഉദാഹരണമായി നല്ല കള്ളന്റെ പരിവർത്തനത്തെ സ്വീകരിക്കാം; വ്യക്തിപരമായ പാപത്തെക്കുറിച്ചുള്ള അവബോധം, പാപത്തിന്റെ അനുതാപം, ക്രിസ്തുവിന്റെ സ്വീകാര്യത, നിത്യജീവനെക്കുറിച്ചുള്ള രക്ഷയുടെ വാഗ്ദത്തം.



“അവിടുത്തേക്ക് എന്നേക്കും വസിക്കാൻ മഹനീയമായ ഒരാലയം ഞാൻ നിർമ്മിച്ചിരിക്കുന്നു” (1 രാജാ 8:13) . ദൈവത്തിനായി ഒരാലയം പണിയുക, അതിൽ ദൈവം വസിക്കുക, അതിൽ പ്രവേശിക്കുന്ന

വർക്ക് കൃപയുടെ നീർച്ചാലൊഴുക്കുക, ആ പ്രദേശ മാകെ ഫലഭൂയിഷ്ഠമാവുക എന്ന ഒരു വലിയ പദ്ധതി തിരുവനന്തപുരം അതിരൂപതയുടെ കീഴിൽ വരുന്ന മാമ്പള്ളി ഇടവകയുടെ വടക്ക് ഭാഗത്ത് സാക്ഷാത്കരിക്കപ്പെട്ടിരിക്കുകയാണ്. നെടുങ്കണ്ടത്തെ സെന്റ് ഡിസ്മസിന്റെ നാമധേയത്തിലുള്ള ദേവാലയം ഏഷ്യാ ഭൂഖണ്ഡത്തിലെ ആദ്യ ദേവാലയവും ലോകത്തിലെ രണ്ടാമത്തേതുമാണ്. ഈ ദേവാലയ നിർമ്മിതിക്കായി ദൈവം തിരഞ്ഞെടുത്ത് അനുഗ്രഹിച്ചത് കൊച്ചിയിലെ കോളിസ് കുടുംബത്തേയാണ്.

വി. ഫ്രാൻസിസ് സേവ്യറിന്റെ പാദസ്പർശമേറ്റ, ശ്രീനാരായണ ഗുരുവിന്റെയും മഹാകവി കുമാരനാശാന്റെയും ഓർമ്മകൾ നിലനിൽക്കുന്ന പുണ്യ ഭൂമിയിലാണ് ഈ ദേവാലയം ഉയർത്തപ്പെട്ടത്. 16 സെന്റ് സ്ഥലത്തിൽ ഒരു കുരിശ്ശടി നിർമ്മിക്കണമെന്ന തീരുമാനത്തിൽ നിന്ന് 2500 ചതുരശ്ര അടി വിസ്തീർണമുള്ള പള്ളിയായി മാറി. പ്രാർത്ഥനാ ചൈതന്യവും സേവന മനോഭാവവുമുള്ള റവ.ഫാ. ജസ്റ്റിൻ ജൂഡിനാണ് ഇടവക വികാരിയായി നിയമിക്കപ്പെത്. ഈ ദേവാലയ നിർമ്മിതിക്കായി അക്ഷീണം പ്രയത്നിച്ച അച്ചനെ വിസ്മരിക്കാനാവുകയില്ല. 2023 മാർച്ച് 19-ന് തറക്കല്ലിട്ട് നിർമ്മാണം തുടങ്ങി 2024 സെപ്തംബർ 29 - ന് ദേവാലയം തിരുവനന്തപുരം ലത്തീൻ അതിരൂപത മെത്രാപ്പോലിത്ത അഭിവന്ദ്യ തോമസ് ജെ നെറ്റോ പിതാവിന്റെ കരങ്ങളാൽ ആശീർവദിക്കപ്പെട്ടു. തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ അഭിവന്ദ്യ പിതാക്കന്മാരായ എമിരിത്തൂസ് ബിഷപ്പ് എം. സൂസൈപാക്യം, സഹായമെത്രാൻ റൈറ്റ് റവ.ഡോ.ആർ ക്രിസ്തുദാസ് എന്നിവരുടെ മഹനീയ സാന്നിദ്ധ്യവും പ്രാർത്ഥനയും മാറ്റുകൂട്ടി.

മുൻകാല ജീവിതം എത്രതന്നെ പാപമലിനമായാലും ഹൃദയം നുറുങ്ങിയ ഒരു മാനസാന്തരത്തിലൂടെ സ്വർഗ്ഗംനേടാൻ കഴിയും എന്ന് പഠിപ്പിച്ച വ്യക്തിത്വമാണ് വിശുദ്ധ ഡിസ്മസ്. ഈ വിശുദ്ധന്റെ നാമധേയത്തിലുള്ള ദേവാലയം വിശ്വാസ സമൂഹത്തിന്റെ പ്രാർത്ഥനാ ജീവിതത്തിന് എന്നും ഒരു മുതൽക്കൂട്ടായി തീരും. വി.അഗസ്തീനോസ് പറയുംപോലെ "നിന്നെക്കൂടാതെ നിന്നെ സൃഷ്ടിച്ച ദൈവം നിന്നെക്കൂടാതെ നിന്നെ നീതീകരിക്കുന്നില്ല. അവിടുത്തെ കാരുണ്യം സ്വീകരിക്കുവാൻ നാം നമ്മുടെ അപരാധങ്ങൾ ഏറ്റുപറയണം." നമുക്കു പാപമില്ലെന്നു നാം പറഞ്ഞാൽ അത് ആത്മവഞ്ചനയാകും; അപ്പോൾ നമ്മിൽ സത്യമില്ലെന്നുവരും. എന്നാൽ, നാം പാപങ്ങൾ ഏറ്റു പറയുന്നെങ്കിൽ, അവൻ വിശ്വസ്തനും നീതിമാനുമാകയാൽ, പാപങ്ങൾ ക്ഷമിക്കുകയും എല്ലാ അനീതികളിലും നിന്നു നമ്മെ ശുദ്ധീകരിക്കുകയും ചെയ്യും." (1 യോഹ. 1:8-9).

■



ചരിത്രപഥം

# തിരുവിതാംകൂറിലെ ക്രിസ്തുമതത്തിന്റെ ഉത്ഭവം 3

# കൊല്ലം രൂപതയുടെ വിഭജനം

ഫാ. ഡോ. ജോൺ ബോസ്കോ



കൊല്ലം രൂപതയുടെ വിഭജനത്തിന് ബിഷപ്പ് ബെൻസിഗർ നാല് കാരണങ്ങൾ ചൂണ്ടിക്കാട്ടി.

1) വിശ്വാസികളുടെ വർദ്ധിച്ചുവരുന്ന എണ്ണവും, വളർന്നുവരുന്ന മതപരിവർത്തന പ്രവർത്തനവും.

2) തദ്ദേശീയ പുരോഹിതരുടെ എണ്ണം വർദ്ധിക്കുന്നു.

3) യൂറോപ്യൻ കർമ്മലീത്ത മിഷണറിമാരുടെ എണ്ണം കുറയുന്നു.

4) റേറും എക്ലേസിയ എന്ന ചാക്രിക ലേഖനത്തിൽ പ്രകടമായ പാപ്പായുടെ ആഗ്രഹത്തിന് അനുസൃതമായി പ്രവർത്തിക്കുക.

റേറും എക്ളേസിയ എന്ന ചാക്രിക ലേഖനത്തിൽ പീയുസ് പതിനൊന്നാമൻ പാപ്പ മിഷൻ പ്രദേശങ്ങൾ വിഭജിച്ച് അത് തദ്ദേശ പുരേഹിതരെ ഏൽപ്പിക്കാൻ മെത്രാൻമാരെയും മിഷനറിമാരെയും ഉദ്ബോധിപ്പിച്ചു. ബിഷപ്പ് ബെൻസിഗർ തിരുവനന്തപുരം, കോട്ടർ, കൊല്ലം എന്നിങ്ങനെ മൂന്ന് രൂപതകളായി വിഭജിക്കാൻ നിർദ്ദേ



ശിച്ചു. തിരുവിതാംകൂർ സംസ്ഥാനത്തിന്റെ തലസ്ഥാനവും ഏറ്റവും ജനസംഖ്യയുള്ള പട്ടണവുമായിരുന്നു കോട്ടർ. രണ്ടാമത്തെ വലിയ പട്ടണവുമായിരുന്നു. സംസ്ഥാനത്തിന്റെ രാഷ്ട്രീയ വിഭജനത്തിന്റെയും 1921 ലെ പൊതു സെൻസസും അടിസ്ഥാനമാക്കിയാണ് വിഭജനം അദ്ദേഹം നിർദ്ദേശിച്ചത്. നിർദ്ദിഷ്ട തിരുവനന്തപുരം രൂപത 2,170 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ 640,000 (1928) ജനസംഖ്യയുള്ളതും അതിൽ 56,215 കത്തോലിക്കരുമായിരുന്നു. നെയ്യാറ്റിൻകര, തിരുവനന്തപുരം, നെടുമങ്ങാട്, ചിറയിൻകീഴ് എന്നീ നാല് ഉപ ജില്ലകൾ ഉൾപ്പെട്ടതായിരുന്നു തിരുവനന്തപുരം. ഈ പ്രദേശത്തെ ചെറിയ ഒരു ഭാഗം കൊച്ചി രൂപതയുടേതായിരുന്നു. തിരുവനന്തപുരത്തായിരുന്നു ഏറ്റവും കൂടുതൽ മതപരിവർത്തനങ്ങൾ നടന്നത്. 1900 ൽ 10,965,1910 ൽ 18,847, 1920 ൽ 28,891, 1928 ൽ 56,215. അവിടെ 94 പള്ളികളും പതിമൂന്ന് കർമ്മലീത്ത പുരോഹിതൻമാരും പതിനാറ് തദ്ദേശീയ പുരോഹിതൻമാരും ഉണ്ടായിരുന്നു. അതിൽ എട്ട് തദ്ദേശീയ പുരോഹിതൻമാർ തിരുവന്തപുരം പ്രദേശത്ത് നിന്നുള്ളവരായിരുന്നു. 7,159 വിദ്യാർത്ഥികളും ഏഴ് കോൺവെൻറുകളുമുള്ള 59 സ്കൂളുകളുണ്ടായിരുന്നു.

പുതുക്രിസ്ത്യാനികൾ ഉള്ളതുകൊണ്ടും ഫലഭൂയിഷ്ടമായ മാനസാന്തരമേഘലയായതിനാലും തിരുവനന്തപുരം രൂപതയെ ബെൽജിയം കർമ്മലീത്ത മിഷനറിമാർക്ക് നൽകാനും പുതിയ രൂപതയായ കോട്ടാറിനെ തദ്ദേശീയ പുരോഹിതൻമാർക്കും കൊല്ലം രൂപതയെ ഇറ്റാലിയിലെ ഏതെങ്കിലുമൊരു കർമ്മലീത്ത സഭയ്ക്കും കൈമാറാനും അദ്ദേഹം നിർദ്ദേശിച്ചു. മറ്റൊരു കർമ്മലീത്ത പ്രവിശ്യ കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ കൊല്ലത്തെ തദ്ദേശീയ പുരോഹിതരെ ഏൽപ്പിക്കാം എന്ന് അദ്ദേഹം നിർദ്ദേശിച്ചു. 1930 മെയ് 26 ന് നിർദ്ദേശം നൽകി ഒരു വർഷത്തിനുശേഷം പതിനൊന്നാം പീയുസ് പാപ്പ തന്റെ അപ്പോസ്തലിക തിരുവെഴുത്ത് ആഡ് പാസ്റ്ററൽ മിനിസ്ട്രിയം വഴി തെക്കൻ തിരുവിതാംകൂറിൽ, തമിഴ് സംസാരിക്കുന്ന പ്രദേശങ്ങൾ കൂട്ടിച്ചേർത്ത് പുതിയ കോട്ടാർ രൂപത സ്ഥാപിക്കുകയും തദ്ദേശീയ വൈദീകരെ ഏൽപ്പിക്കുകയും ചെയ്തു. നിർദ്ദിഷ്ട തിരുവനന്തപുരം രൂപതയുടെ സ്ഥാപനത്തിന് രണ്ടു ബുദ്ധിമുട്ടുകളെക്കുറിച്ച് 1930 ജനുവരി 2 ന് പ്രൊപ്പഗാന്ത ഫിഡെയുടെ പ്രീഫെക്റ്റ് ആയ ബിഷപ്പ് റാൻ റോസ് ചൂണ്ടിക്കാണിച്ചു.

1) കൊല്ലം രൂപതയുടെ ഭരണനിർവ്വഹണത്തിന് അനുയോജ്യമായ ഒരു കർമ്മലീത്ത പ്രവിശ്യയോ മിഷനറി ഓർഡറോ കണ്ടെത്തുന്നതിലുള്ള ബുദ്ധിമുട്ട്.

2) കോട്ടാറിലെ തദ്ദേശീയ പുരോഹിതരുടെ ഭരണത്തിന്റെ കാര്യക്ഷമത അറിയാൻ റോം ആഗ്രഹിച്ചു. എന്തുകൊണ്ടെന്നാൽ ഈ കാലയളവിൽ കൊച്ചിയിലെയും തിരുവിതാംകൂറിലെയും ലാറ്റിൻ രൂപതകൾ ഭരിച്ചിരുന്നത് യൂറോപ്പ്യൻ പുരോഹിതൻമാരായിരുന്നു.


### തിരുവനന്തപുരം രൂപതയുടെ നിർമ്മാണത്തിലെ കാലതാമസത്തിനുള്ള കാരണങ്ങൾ

1) കൊല്ലം ഒരു ഇറ്റാലിയൻ അല്ലെങ്കിൽ തദ്ദേശീയ ബിഷപ്പിനെ നിയമിക്കാനുള്ള കർമ്മലീത്ത ജനറലിന്റെ എതിർപ്പ്.

2) മലങ്കര അതിരൂപതയുടെ സ്ഥാപനം.

3) പോർച്ചുഗീസ് ഗവൺമെൻറിന്റെ സമ്മതം.

പ്രൊപ്പഗാന്ത ഫിദേയ് കൊല്ലം രൂപതയുടെ വിഭജനത്തിനായി ഒരു ബിഷപ്പിനെ നാമനിർദ്ദേശം ചെയ്യാൻ ശ്രമിച്ചു. എന്നാൽ കർമ്മലീത്ത ജനറൽ ഒരു ബെൽജിയം ബിഷപ്പിനായി നിലകൊണ്ടപ്പോൾ നാമനിർദ്ദേശം സങ്കീർണ്ണമായി തുടർന്നു. ഈ സമയം മലബാറിലെ ലാറ്റിൻ ഹയറാർക്കിയുടെ സമ്മതമില്ലാതെ, നിർദ്ദിഷ്ട തിരുവനന്തപുരം ലാറ്റിൻ രൂപതയുടെ പ്രദേശത്തിനകത്ത് തിരുവനന്തപുരം മലങ്കര അതിരൂപത സ്ഥാപിച്ചത് പ്രശ്നങ്ങൾ കൂടതൽ സങ്കീർണ്ണമാക്കി. ഇത് കർമ്മലീത്താ മിഷനറിമാർക്കും തിരുവനന്തപുരത്തെ അൽമായർക്കുമിടയിൽ അഗാധമായ അതൃപ്തി സൃഷ്ടിച്ചു. കർമ്മലീത്ത മിഷനറിമാരുടെ കത്തുകളിൽ നിന്ന്, അപ്പോസ്തലിക് ഡെലഗേറ്റും പ്രൊപ്പഗാന്ത ഫിദേയുടെ പ്രീഫെകറ്റും, കൊല്ലത്തെ അപ്പോസ്തലിക അഡ്മിനിസ്ട്രേറ്ററുമായോ, വരാപ്പുഴയിലെ മെട്രോപൊളിറ്റൻ ആർച്ച് ബിഷപ്പുമായോ, ബിഷപ്പ് ബെൻസിഗറുമായോ ഈ വിഷയം ആലോചിച്ചിട്ടില്ലെന്ന് വ്യക്തമാണ്. തിരുവനന്തപുരത്ത് ഒരു ലാറ്റിൻ ബിഷപ്പിനെ കാത്തിരുന്ന അൽമായർക്ക് നാമമാത്രമായ വിശ്വാസികളുള്ള യാക്കോബായ വിശ്വാസികൾക്കുവേണ്ടി മലങ്കര അതിരൂപത തിരുവനന്തപുരത്ത് സ്ഥാപിച്ചത് അതൃപ്തി ഉളവാക്കി. തിരുവനന്തപുരത്ത് ഒരു ലാറ്റിൻ ബിഷപ്പിന്റെ നിയമനം തടയാൻ ബെൽജിയം കർമ്മലീത്ത മിഷനറിമാർ ശ്രമിച്ചു എന്നാരോപിച്ച് തദ്ദേശീയരായ വൈദീകരും അൽമായരും റോമിലേയ്ക്ക് നിവേദനങ്ങൾ അയച്ചു. തിരുവനന്തപുരത്തെ പല സ്ഥലങ്ങളിലും മലങ്കര പുരോഹിതൻമാർ ലത്തീൻ റീത്തിൽപ്പെട്ട വിശ്വാസികൾക്ക് വീണ്ടും ജ്ഞാനസ്നാനം നൽകി. ചില സന്ദർഭങ്ങളിൽ, ലത്തീൻ റീത്തിൽ വിവാഹിതരായ ദമ്പതികളുടെ പുനർവിവാഹവും മലങ്കര റീത്തിലെ പുരോഹിതൻമാർ ഏറ്റെടുത്തു നടത്തി. മാർ ഇവാനിയോസും അദ്ദേഹത്തിന്റെ പുരോഹിതൻമാരും താഴ്ന്ന ജാതിക്കാർക്കും ലാറ്റിൻ സമുദായങ്ങൾക്കുമിടയിൽ മതപരിവർത്തനം ആരംഭിച്ചപ്പോൾ പ്രതിഷേധങ്ങളും കലഹങ്ങളും ഉയർന്നു. മതപരിവർത്തനം നടത്തിയവരെ പിടിച്ചെടുക്കാൻ മലങ്കര റീത്തും ലത്തീൻ റീത്തും തമ്മിൽ ഒരു മത്സരം ഉണ്ടായിരുന്നതായി കാണാൻ സാധിക്കും. ഈ മത്സരം ക്രിസ്ത്യൻ ഇതര ജഡ്ജിമാർക്ക് മുന്നിൽപോലും പരസ്പര ആരോപണങ്ങളുള്ള അപകീർത്തികരമായ ഒരു ചർച്ചയ്ക്ക് കാരണമായി. ഇത് മലങ്കര പുരോഹിതൻമാരും ലാറ്റിൻ മിഷനറിമാരും തമ്മിലുള്ള അകൽച്ചയ്ക്ക് കാരണമായി..



കർമ്മലീത്ത മിഷനറിമാർ മാർ ഇവാനിയോസി നും അദ്ദേഹത്തിന്റെ ദൗത്യത്തിനും എതിരായിരുന്നില്ല. പഠനത്തിനും ജോലിക്കുംവേണ്ടി മാത്രം കുറച്ച് യാക്കോബായ ക്രിസ്ത്യാനികൾ താമസിച്ചിരുന്നു. അവർക്കുവേണ്ടിമാത്രം തിരുവനന്തപുരത്ത് ഒരു മലങ്കര അതിരൂപത സ്ഥാപിച്ചത് പ്രതിഷേധങ്ങൾക്ക് കാരണമായി. മാർ ഇവാനിയോസ് തിരുവനന്തപുരമല്ലാതെ മറ്റെവിടെയെങ്കിലും തിരഞ്ഞെടുക്കുകയും മലങ്കര പുരോഹിതൻമാർ ലാറ്റിൻ സമൂഹങ്ങളിൽ നിന്ന് അകലം പാലിച്ചിക്കുകയും ചെയ്തിരുന്നെങ്കിൽ വിവാദങ്ങൾ ഒഴിവാക്കാമായിരുന്നു. കൊല്ലം രൂപതയുടെ അഡ്മിനിസ്ട്രേറ്ററായ ബർണാഡിൻ വില്ലയുടെ അഭിപ്രായത്തിൽ സർക്കാരുമായി കൂടുതൽ സ്വാധീനം ചെലുത്താൻ വേണ്ടി മാത്രമാണ് മാർ ഇവാനിയോസ് തിരുവനന്തപുരത്ത് ഒരു അതിരൂപത സ്ഥാപിച്ചത്. ലാറ്റിൻ സമുദായങ്ങൾക്കിടയിൽ മലങ്കര പുരോഹിതരുടെ മതപരിവർത്തന പ്രവർത്തനങ്ങൾക്കെതിരെ ലാറ്റിൻ മിഷനറിമാരും അൽമായരും നിരവധി പരാതികൾ റോമിൽ സമർപ്പിക്കുകയുണ്ടായി. കൊല്ലത്തും തിരുവനന്തപുരത്തും ഒരു ബിഷപ്പിന്റെ അഭാവം ഈ വിവാദങ്ങൾക്ക് ആക്കം കൂട്ടി. അപ്പോസ്തലിക് ഡെലഗേറ്റിന്റെ അഭിപ്രായത്തിൽ കൂടുതൽ വിവാദങ്ങളും പ്രതിഷേധങ്ങളും ഒഴിവാക്കാൻ ഇന്ത്യയിലെ അപ്പോസ്തലിക പ്രതിനിധി കീർക്കൽസ് റോമിലേയ്ക്ക് ശുപാർശ ചെയ്തു. എന്നിരുന്നാലും, പോർച്ചുഗീസ് സർക്കാരുമായുള്ള കരാർ സമയബന്ധിതമായ തീരുമാനങ്ങളും നടപടികളും സ്വീകരിക്കുന്നതിൽ നിന്ന് റോമിനെ തടഞ്ഞു. 1936 ജനുവരി 15 ന് മാത്രമാണ് പോർച്ചുഗലിലെ അപ്പോസ്തലിക് നുൻഷിയോ ആയ സിറിയാച്ചി തിരുവനന്തപുരം രൂപതയുടെ സ്ഥാപനവുമായി മുന്നോട്ടു പോകാനുള്ള തന്റെ സമ്മതം റോമിനെ അറിയിച്ചത്.

(തുടരും...)



കഥ

# ലില്ലിപ്പൂക്കൾ



ഡോ. മഞ്ജു ഇഗ്നേഷ്യസ്

ചക്രവാളങ്ങൾ മുത്തമിടുന്ന ഗോതമ്പുവയലേലകൾപോലെ മനോഹരമായ മുടിച്ചുരുളുകൾ മാടിയൊതുക്കി, മന്ദം മന്ദം നടന്നടുക്കുന്ന മേരിയെ കണ്ണുചിമ്മാതെ ജോസഫ് നോക്കി നിന്നു. തന്റെ മണവാട്ടിയാകാനൊരുങ്ങുന്ന ആ ലില്ലിപ്പൂവിനെ സ്വന്തമാക്കുന്ന ദിവസങ്ങളെണ്ണിയെണ്ണി രാവും പകലും തള്ളിനീക്കുകയാണ്. അരികിലെത്തിയപ്പോൾ മുമ്പെങ്ങുമില്ലാത്തൊരു പരിഭ്രമം ആ മുഖത്ത് നിഴലിക്കുന്നോ... കണ്ണുകളിലെ തിളക്കം നഷ്ടമായതുപോലെ.
എന്തുപറ്റിയെടോ? വല്ലാണ്ടിരിക്കണല്ലോ?!
കാൽവിരലുകൾ ചിത്രമെഴുതിയതല്ലാതെ അവൾ ഒന്നും മിണ്ടുന്നില്ല.

എന്താണു കാര്യം? ഒന്നു നോക്ക്... എന്തിനും പരിഹാരമുണ്ടല്ലോ!? ജോസഫ് അസ്വസ്ഥനായി. എന്റെയും വീട്ടുകാരുടെയും ഭാഗത്തുനിന്ന് എന്തെങ്കിലും തെറ്റുവന്നിട്ടുണ്ടോ?

അവന്റെ അസ്വസ്ഥതയുടെ ആക്കം കൂടി. അവൾ മുഖമുയർത്തി. ആ മനോഹര നയനങ്ങൾ അണപൊട്ടിയൊഴുകി. ആ ചുണ്ടുകൾ പതുക്കെ മന്ത്രിച്ചു...
എന്നോടു ക്ഷമിക്കണം... എന്നെ മറക്കണം... നമ്മുടെ കല്ല്യാണം നടക്കില്ല... നടക്കാൻ പാടില്ല.

ഇടിത്തീയ് പതിച്ചതുപോലെ ജോസഫ് ഞെട്ടിത്തരിച്ചു. അല്പംകഴിഞ്ഞ് സമനില വീണ്ടെടുത്തു. ഒരു രസത്തിനുവേണ്ടിപ്പറയുന്നതാണോ? ഓ... ഒരു തമാശക്കാരി... കളിപ്പീരൊന്നും എന്നോടു വേണ്ട കേട്ടോ...



മേരിയുടെ മുഖത്ത് ഒരു ഭാവമാറ്റവുമില്ല... എന്തോവലിയ നിശ്ചയദാർഢ്യം നിഴലിച്ചപോലെ. എന്താണു കാര്യം... എന്തെന്നു പറ... ദേഷ്യവും സങ്കടവും നിസ്സഹായതയും തളംകെട്ടി. ഇല്ല എന്ന അർത്ഥത്തിൽ മേരി തലയാട്ടി. കാര്യം വെളിപ്പെടുത്താതെ നീ ഇവിടെനിന്ന് പോകേണ്ട... ഞാൻ വിടില്ല... ശാന്തഗംഭീരമായ ആ ആജ്ഞക്കു മുന്നിൽ അവൾ പതറി. മാലാഖയുടെ വരവും മംഗലവാർത്തയും അതിനെത്തുടർന്നുണ്ടായ മാറ്റങ്ങളും ചിലമ്പിയ സ്വരത്തിൽ അവൾ ഒരുവിധം പറഞ്ഞു തീർത്തു. വിശ്വസിക്കാനാകാത്ത കാര്യങ്ങൾ... പതിവിനു വിപരീതമായി തിരിഞ്ഞു നോക്കാതെ നടന്നകലുന്ന അവളെ നോക്കി അവൻ വിതുമ്പി...വിറങ്ങലിച്ചു നിന്നു. കണ്ണിൽ ഇരുട്ടുനിറയുമ്പോലെ...

കല്ല്യാണ ഒരുക്കങ്ങൾ നടക്കുന്ന ആ ഭവനത്തിൽ എല്ലാവരും വലിയ സന്തോഷത്തിലാണ്. അടുത്ത ബന്ധുക്കൾ ഒത്തുചേർന്നുള്ള കൂടിയാലോചനകളും ശ്രമങ്ങളും തുടങ്ങിയിട്ട് ദിവസങ്ങളായി. നിനക്ക് വിശപ്പില്ലേ...അസുഖം വല്ലതുമുണ്ടോ? മോനെ? നേരമെത്രയായി? ഭക്ഷണം വിളമ്പി വച്ചിട്ട്... അമ്മ കൂടെക്കൂടെ ഓർമ്മിപ്പിച്ചു. പ്രതികരണമില്ലാതെ ജോസഫ് കിടക്കയിൽ ചുരുണ്ടു കൂടി. രാത്രിയുടെ യാമങ്ങൾ നിരങ്ങി നീങ്ങി... ഉറക്കം വരുന്നില്ല. . . തന്നെ മേരി വഞ്ചിക്കുകയാണോ?.. ഒരിക്കലും നടക്കാനിടയില്ലാത്ത ഒരു കെട്ടുകഥയും എഴുന്നള്ളിച്ചു. വിശ്വസിക്കാൻ പറ്റാത്ത കാര്യങ്ങൾ... ഇനി ആരെങ്കിലും ആ മനസ്സിൽ കയറിക്കൂടിയോ? അവൾക്ക് എന്നെ വഞ്ചിക്കാൻ കഴിയുമോ... മറക്കാൻ പറ്റുമോ. . . പരിശുദ്ധയായ അവളെ സംശയിച്ചതിൽ, തെറ്റിദ്ധരിച്ചതിൽ മനസ്സ് വിങ്ങി.. . സ്വയം കുറ്റപ്പെ ടുത്തി. . . ചിന്തകളുടെ അശ്വമേധം തുടർന്നുകൊണ്ടേയിരുന്നു. . .

മേരിയുടെ ഈ അവസ്ഥയ്ക്ക് കാരണക്കാരൻ താനല്ലെന്ന് മറ്റുള്ളവർ അറിഞ്ഞാൽ... ഓ... വല്ലാത്ത നടുക്കത്തോടെ മാത്രമേ ജോസഫിനതു ചിന്തിക്കാൻ കഴിഞ്ഞുള്ളൂ. കല്ലേറുകൊണ്ടു പിടഞ്ഞു മരിക്കുന്ന തന്റെ ഓമനയുടെ രൂപം... ഒരിക്കലും പാടില്ല... അതെനിക്ക് താങ്ങാൻ സാധിക്കില്ല... അവൾക്ക് ഒരു പോറൽപോലുമേൽക്കരുത്... പകരം ഞാനൊരു വഞ്ചകനാകാം... പ്രതിശ്രുത വധുവിനെ ഗർഭിണിയാക്കിയിട്ട് കടന്നുകളയുന്ന വഞ്ചകൻ... ആരും വെറുപ്പോടും അറപ്പോടും ഓർക്കുന്ന മനുഷ്യൻ!! ദൃഢനിശ്ചയത്തിൽ ആ മുഖം കടുത്തു. പണിയായുധങ്ങളും അത്യാവശ്യംവേണ്ട തുണികളും മാറാപ്പിലൊതുക്കി ആരും കാണാതെ... പുലരുന്നതിനുമുമ്പ് രണ്ടു കുന്നുകളെങ്കിലും താണ്ടിയാൽ ഒരു വിധം അറിയാവുന്നവരില്ലാതാകും... പിന്നെ കുറെ മൈലുകൾകൂടി താണ്ടി തീർത്തും അറിയപ്പെടാത്ത ദേശത്തെത്തിച്ചേരാം. പിന്നെ പിറന്ന നാടും വീടും അമ്മ... അപ്പൻ സഹോദരങ്ങൾ... ബന്ധുക്കൾ... കളിത്തോഴർ... എല്ലാമുപേക്ഷിച്ച് മരണംവരെ ഒരു അജ്ഞാതവാസം. തന്റെ എല്ലാമെല്ലാമായിരുന്ന കണ്ണടച്ചാലും എപ്പോഴും മനസ്സിൽ നിറഞ്ഞു നിൽക്കുന്ന ആ സുന്ദര രൂപം... തന്റേതെന്നു മാത്രമെന്നുറപ്പിച്ചിരുന്ന മേരി... കണ്ണീർ മാറിടം നനച്ചൊഴുകി. പൊങ്ങിവന്ന വിതുമ്പലുകൾ മേൽവസ്ത്രച്ചുരുളുകളിലമർന്നു ഞെരുങ്ങി.

എല്ലാവരും ഉറങ്ങിക്കഴിഞ്ഞെന്നു ബോധ്യമായപ്പോൾ പതുക്കെ പടിയിറങ്ങി നടത്തത്തിന് വേഗം കൂടി... ഓട്ടമായി.. . രണ്ടാം കുന്നിന്റെ അടുത്തെത്തിയപ്പോൾ കാൽ കുഴഞ്ഞു. കുറച്ചൊന്നിരിക്കാം. തോൾസഞ്ചി താഴെയിറക്കി തെല്ലൊന്നു വിശ്രമിക്കാം. ചെറിയൊരു മയക്കം...

കണ്ണഞ്ചിക്കുന്ന പ്രകാശപൂരം... ഒരു ദൈവദൂതൻ? അത്ഭുതങ്ങളോടെ മേലാകെ വിറച്ചുകൊണ്ട് ജോസഫ്.... മറിയത്തെ ഭാര്യയാക്കാൻ ശങ്കിക്കേണ്ട... അവൾ ഗർഭം ധരിച്ചിരിക്കുന്നത് അത്യുന്നതങ്ങളിൽ നിന്നാണ്... കണ്ണുതിരുമ്മി വീണ്ടും നോക്കി... ദൂതൻ സ്നേഹപൂർവ്വം തലയിൽ കൈവച്ചനുഗ്രഹിച്ചു. പുഞ്ചിരി പൊഴിക്കുന്ന ആ ദിവ്യപ്രകാശം ചിറകടിച്ചകന്നു പോയി... മേരി പറഞ്ഞ അതേ കാര്യങ്ങൾ. ദേഹമാകെ കോൾമയിർക്കൊണ്ടു. നാവിറങ്ങിയ പോലെ. മനസ്സിലെ ഭാരം അലിഞ്ഞുതീരുമ്പോലെ - വല്ലാത്ത സമാധാനം. നേരം പുലരുന്നു. . . ആട്ടിടയന്മാരുടെ കലപിലാരവങ്ങളും ആട്ടിൻ പറ്റങ്ങളുടെ കൂട്ടക്കരച്ചിലും... ശബ്ദമുഖരിതം. വല്ലാത്തൊരുത്സാഹം!!?

തോൾസഞ്ചിയുമെടുത്ത് തിരിച്ചു നടന്നു. എത്തിയാലുടൻ മേരിയെ കാണണം. ആശ്വസിപ്പിക്കണം... അവളോടു കോപിച്ചതിനു മാപ്പ് ചോദിക്കണം. താങ്ങും തണലുമാകണം... ഭവ്യതയോടെ... രക്ഷകന്റെ ജനനത്തിനു തിരഞ്ഞെടുത്ത കന്യകയ്ക്ക് അർഹിക്കുന്ന ബഹുമാനാദരങ്ങളോടെ... മന്വന്തരങ്ങൾ കാതോർത്ത ആ ദിവ്യതാരത്തിനു സാക്ഷിയാകാൻ എന്തൊരു മഹാഭാഗ്യമാണ് ഈയുള്ളവന്.

ഉച്ചവെയിലിനു കനം കുറഞ്ഞപ്പോൾ മേരിയെ കണ്ടു. ദേവാലയത്തിൽ പ്രാർത്ഥനാനിർഭരയായിരിക്കുന്ന രക്ഷകന്റെ അമ്മയെ. എന്തൊരു തേജസ്സാണാ മുഖത്തിന്. തന്റെ മണവാട്ടിയാകാനൊരുങ്ങുന്ന നാണക്കാരി സുന്ദരിക്കുട്ടിയിൽ പരിശുദ്ധ കന്യകാമാതാവായി... ലോകമാതാവായുള്ള മാറ്റം ജോസഫ് തിരിച്ചറിഞ്ഞു. ദേവാലയമുറ്റത്ത് പടർന്നുപന്തലിച്ച ഒലിവ് മരത്തണലിൽ മനസ്സിലെ പലതരത്തിലുള്ള സംഘർഷങ്ങളും മനോവേദനയും അലിഞ്ഞലിഞ്ഞില്ലാതായി... ഒരു പുത്തനുണർവ്വോടെ... ചാർച്ചക്കാരി എലിസബത്തിന്റെ വാർദ്ധക്യകാലത്തെ ഗർഭശുശ്രൂഷയുമായി പോകുന്ന മേരിയൊരു താങ്ങായി. തണലായി... രക്ഷകന്റെ വളർത്തു പിതാവും യാത്രയായി... ഓരോ ചുവടും സസന്തോഷം സശ്രദ്ധം... സധൈര്യം വിശുദ്ധിയുടെ ലില്ലിപ്പൂക്കളുമേന്തി...

■






# സകല വിശുദ്ധരും ആത്മാക്കളും

ഫാ. സനീഷ്


ദൈവഹിതമനുസരിച്ച് ജീവിച്ച് സ്വജീവിതത്തിലൂടെ ദൈവികപുണ്യങ്ങൾ എങ്ങും വിതരണം ചെയ്യുന്നവരാണ് വിശുദ്ധർ. വിശുദ്ധ കൊച്ചുത്രേസ്യയുടെ വാക്കുകളിൽ പറഞ്ഞാൽ; ദൈവഹിതം നിറവേറ്റുകയും അവിടുന്ന് ആഗ്രഹിക്കുന്നതുപോലെ  നാം ആയിരിക്കുകയും ചെയ്യുന്നതിലാണ് വിശുദ്ധി അടങ്ങിയിരിക്കുന്നത്.'

വിശുദ്ധി ദൈവത്തിന്റെ സ്വഭാവമായി പഴയ നിയമം വ്യക്തമാക്കുന്നു. യഹോവ എന്ന ഹീബ്രുപദം വ്യക്തമാക്കുന്നതും ഇതുതന്നെയാണ്. തന്റെ തിരഞ്ഞെടുക്കപ്പെട്ട ജനം പരിശുദ്ധരാകണം എന്ന് ദൈവം ആഗ്രഹിക്കുന്നു. ലേവ്യ: 19:2 ൽ ഇത് വ്യക്തമാക്കുന്നു. അതുകൊണ്ടുതന്നെ  വിശുദ്ധിയിൽ ആയിരിക്കുന്നതിനുള്ള നിയമാവലിയും ദൈവം തന്റെ ജനമായ ഇസ്രായേലിന് നൽകുന്നുണ്ട്. വിശുദ്ധ ബൈബിളിൽ 67 തവണ വിശുദ്ധർ എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു. പഴയനിയമകാലത്ത് വിശുദ്ധരും വിശുദ്ധരോടുള്ള മധ്യസ്ഥവും വ്യക്തമായ ഒരു കാര്യമായി രൂപപ്പെട്ടിരുന്നില്ല. യേശുക്രിസ്തുവിന്റെ ആഗമനത്തോടെയാണ് ഈ തലത്തിന് വ്യക്തമായ ഒരു മാനം കൈവരുന്നത്. വിശുദ്ധ പൗലോസ് അപ്പോസ്തലൻ കൊറിന്തോസുകാർക്ക് എഴുതിയ ഒന്നാം ലേഖനത്തിൽ ഇങ്ങനെ പറയുന്നു; സഭ ഒരു ശരീരം. ക്രിസ്തു ശിരസ്സ്. എല്ലാവരും അവയവങ്ങൾ; അതുകൊണ്ടുതന്നെ ശിരസായ ക്രിസ്തുവിന്റെ അവയവങ്ങളായ നാം ഓരോരുത്തരും

വിശുദ്ധരാകാൻ വിളിക്കപ്പെട്ടവരാണ്. അപ്പോ. 9: 13ൽ അനന്യാസ് ഇപ്രകാരം പറയുന്നു; കർത്താവേ, അവിടുത്തെ വിശുദ്ധർക്കെതിരായി അവൻ ജെറുസലേമിൽ എത്രമാത്രം തിന്മകൾ പ്രവർത്തിച്ചിട്ടുണ്ടെന്ന് വളരെപ്പേരിൽനിന്ന് ഞാൻ കേട്ടിട്ടുണ്ട്. അപ്പ : പ്രവർത്തനം 9: 32; പത്രോസ് ലിഡായിലെ വിശുദ്ധരുടെ അടുക്കലെത്തി. ഇവിടെയെല്ലാം ആദിമ ക്രൈസ്തവ സമൂഹത്തെയാണ് വിശുദ്ധർ എന്ന പദംകൊണ്ട് വിശേഷിപ്പിക്കുന്നത്. കാരണം അവർ അപ്പോസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ ഒരു മനസ്സോടെ പങ്കുചേർന്നുകൊണ്ട് ക്രിസ്തുവിന് സാക്ഷ്യം നൽകി.

ആധുനിക ക്രൈസ്തവരായ നാമോരോരുത്തരും ആദിമ ക്രൈസ്തവരെപ്പോലെതന്നെ വിശുദ്ധരാകാൻ വിളിക്കപ്പെട്ടവരാണ്. ദൈവത്തിന്റെ സ്വർഗീയപദ്ധതികൾ അനുസരിച്ച് ജീവിച്ചുകൊണ്ട് ഈശോയെ സ്വന്തമാക്കിയവരാണ് വിശുദ്ധർ. വിശുദ്ധരുടെ പ്രാർത്ഥനകൾ സ്വർഗത്തിൽ പരിമളദ്രവ്യംനിറഞ്ഞ സ്വർണ്ണപ്പാത്രം പോലെയാണ് (വെളി 5:8) വിശുദ്ധരെ നാം ആരാധിക്കുകയല്ല വണങ്ങുകയാണ്, അവരോട് മധ്യസ്ഥം പ്രാർത്ഥിക്കുകയാണ് ചെയ്യുന്നത്. മനുഷ്യരുടെമുന്നിൽ യേശുവിനെ ഏറ്റുപറഞ്ഞവരാണ് വിശുദ്ധർ. അതുകൊണ്ടുതന്നെ യേശു അവരെ ദൈവതിരുസന്നിധിയിൽ ഏറ്റു പറയും. അവരുടെ മധ്യസ്ഥം നാം തേടുന്നത് തീർച്ചയായും സഹായകരമാണ്. നമ്മളും ആ വിശുദ്ധരുടെ കൂട്ടായ്മയുടെ ഭാഗമാണ്. നമ്മുടെ വിശ്വാസപ്രമാണത്തിലും നാം ഇത് പ്രഖ്യാപിക്കുന്നു. കത്തോലിക്കരായ നമുക്ക് ദൈവത്തിൽ ആശ്രയവും ആനന്ദവും കണ്ടെത്തിക്കൊണ്ട് വിശുദ്ധരോടുള്ള വിശ്വാസവും കൂട്ടായ്മയും നമ്മിലൂടെ പകർന്നു നൽകാം.

നവംബറിന്റെ പുണ്യം സകല വിശുദ്ധരുടെയും തിരുനാൾ മാത്രമല്ല വളരെ സവിശേഷമായ നമ്മുടെ മരണമടഞ്ഞ പൂർവികരെ ഓർക്കുന്ന, അവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന മാസംകൂടിയാണ്. സകല വിശുദ്ധരുടെയും തിരുനാൾ കഴിഞ്ഞ് അടുത്ത ദിവസംതന്നെ നവംബർ 2, നാം സകല ആത്മാക്കളുടെയും തിരുനാൾ ആഘോഷിക്കുന്നു. വിശുദ്ധരുടെ ലൈവ് ലൊക്കേഷൻ പരിശോധിക്കുമ്പോൾ, Heaven / സ്വർഗ്ഗം എന്ന് വ്യക്തമായി കാണുന്നു. എന്നാൽ മരണമടഞ്ഞ വ്യക്തിയുടെ സ്റ്റാറ്റസും ലൈവ് ലൊക്കേഷനും വ്യക്തമല്ല. ഇതുതന്നെയാണ് ആത്മാക്കളുടെ തിരുനാളിന്റെ സൗന്ദര്യവും. മരണമടഞ്ഞ എല്ലാവർക്കുംവേണ്ടി പ്രത്യേകിച്ച് നമ്മുടെ പ്രിയപ്പെട്ടവർക്കുവേണ്ടി ദൈവസന്നിധിയിൽ നാം കരങ്ങൾ കൂപ്പുന്നു, ഹൃദയം തുറക്കുന്നു. പഴയ നിയമ ഗ്രന്ഥങ്ങൾ പരിശോധിക്കുമ്പോൾ, മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന പാരമ്പര്യത്തേക്കാളും, കർത്താവിന്റെ ദിവസത്തിനുവേണ്ടി ജനം ഒരുക്കപ്പെടുന്ന ഒരു അവസ്ഥയാണ് നിലനിന്നിരുന്നത്. കർത്താവിന്റെ ദിനം ഭയം ജനിപ്പിക്കുന്ന, ശിക്ഷാവിധിയുടെ ദിനമായിട്ടാണ് പ്രവാചകഗ്രന്ഥങ്ങൾ വരച്ചു കാട്ടുന്നത്. എന്നാൽ മക്കബായരുടെ രണ്ടാം പുസ്തകത്തിലെ പന്ത്രണ്ടാം അധ്യായത്തിലെ 42 മുതൽ 46 വരെയുള്ള വാക്യങ്ങൾ, കൃത്യമായും വ്യക്തമായും, മരിച്ചുപോയ എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകത നമ്മെ പഠിപ്പിക്കുന്നു.



ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനം മരിച്ചവർ നിത്യജീവനിലേക്ക് ഉയർപ്പിക്കപ്പെടും എന്ന താണ്. കൊറിന്തോസുകാർക്ക് എഴുതിയ ഒന്നാം ലേഖ നത്തിലെ പതിനഞ്ചാം അദ്ധ്യായം 12-17 വാക്യങ്ങൾ മരിച്ചവരുടെ ഉയർപ്പിനെക്കുറിച്ച് വ്യക്തതനൽകുന്നു. ക്രിസ്തു ഉയർപ്പിക്കപ്പെട്ടില്ലെങ്കിൽ തങ്ങളുടെ പ്രേഷി തവേലയും നമ്മുടെ വിശ്വാസവും എല്ലാം വ്യർത്ഥവും നിഷ്ഫലവും ആണെന്ന് പൗലോസ് അപ്പോസ്തലൻ നമ്മെ അനുസ്മരിപ്പിക്കുന്നു. യോഹന്നാന്റെ സുവിശേഷം പതിനാലാം അധ്യായത്തിലൂടെ ഈശോയും നമ്മെ ബലപ്പെടുത്തുന്നത് മരിച്ചവരുടെ ഉയർപ്പ് യാഥാർത്ഥ്യ മാണെന്ന് വ്യക്തത നൽകിയിട്ടാണ്. അവിടുന്ന് അരു ളിചെയ്യുന്നു; എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങൾ ഉണ്ട്. ഞാൻപോയി സ്ഥലം ഒരുക്കി കഴിയുമ്പോൾ ഞാൻ ആയിരിക്കുന്നിടത്ത് നിങ്ങളും ആയിരിക്കേണ്ടതിന് ഞാൻ വീണ്ടും വന്നു നിങ്ങളെയും കൂട്ടിക്കൊണ്ട് പോകും. ഈ പ്രത്യാശയാണ് ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനം. മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതും കല്ലറകൾ സന്ദർശിക്കുന്നതും എല്ലാം ഈ വിശ്വാസം ജീവിക്കുന്നതിന്റെ ഭാ ഗമായിട്ടാണ്.

ഒരു വ്യക്തി മരണശേഷം 3 അവസ്ഥകളിൽ ആയിരിക്കാനുള്ള സാധ്യതകളുണ്ട്. ഒന്നാമതായി സ്വർ ഗ്ഗം: നന്മയിൽ ജീവിച്ച് കൃപയിൽ മരിക്കുന്ന ഒരു വ്യക്തി സ്വർഗത്തിൽ ദൈവത്തെ മുഖാമുഖംകണ്ട് വസി ക്കുന്ന അവസ്ഥ. മറ്റൊരു കൂട്ടർക്കും സ്വർഗം അവകാശമാക്കാൻ പറ്റും. മരണത്തിനുമുൻപ് അനുവദിച്ച പാപങ്ങൾ ഏറ്റുപറഞ്ഞ് കൃപയിൽ മരിക്കുന്നയാൾക്ക് സ്വർഗ്ഗം സ്വന്ത മാക്കാൻ ആകും. കുരിശിന്റെ വല തുവശത്ത് തറക്കപ്പെട്ട നല്ല കള്ളൻ സ്വർഗ്ഗം സ്വന്തമാക്കിയത് ഈ രീതി യിലാണ്. അവൻ കള്ളനായിരുന്നു, അവൻ എല്ലാം മോഷ്ടിച്ചു. ഒടുവിൽ സ്വർഗ്ഗവും അവൻ മോഷ്ടിച്ചു. രണ്ടാമതായി നരകം: പാപത്തിൽ ജീവിച്ച് അനുതാപം ഇല്ലാതെ പാപത്തിൽതന്നെ മരിക്കുന്ന ഒരു വ്യക്തി നിത്യമായ നരകത്തിലേക്ക് അയക്കപ്പെടും. ഭൂമിയിൽനിന്നുയരു ന്ന പ്രാർത്ഥനകൾക്ക് അയാളുടെ ആത്മാവിനെ രക്ഷിക്കാൻ ആവില്ല. മൂന്നാമതായി, ശുദ്ധീകരണ സ്ഥലം: പാപം ചെയ്തുപോയെങ്കിലും അനു താപത്തോടെ മരിക്കുന്നവർ, സ്വർ ഗ്ഗത്തിൽ എത്തുന്നതിന് മുമ്പ്, ചെയ്ത തെറ്റുകൾക്ക് പരിഹാരം ചെയ്യുവോളം, ശുദ്ധീകരണസ്ഥലത്തായി രിക്കുന്ന ഇടം. ഇവിടെ ആയിരിക്കുന്ന ആത്മാക്കൾ നമ്മുടെ പ്രാർത്ഥനകളുടെ ഫലമായി സ്വർഗ്ഗത്തിൽ ദൈവസന്നിധിയിലേക്ക് സ്വീകരിക്കപ്പെടുന്നു.

ഇതിലെ പ്രധാന വിഷയം മരണശേഷം ഓരോ രുത്തരും എവിടെയായിരുന്നു എന്നതിൽ നമുക്ക് വ്യ ക്തതയില്ല എന്നതാണ്. അവരുടെ സ്റ്റാറ്റസ് അല്ലെങ്കിൽ ലൈവ് ലൊക്കേഷൻ നമുക്ക് അറിയില്ല. അതുകൊണ്ട് മരിച്ചുപോയ എല്ലാവർക്കുംവേണ്ടി നാം പ്രാർത്ഥിക്ക ണം. അങ്ങനെ അവർ ശുദ്ധീകരണസ്ഥലത്ത് നിന്ന് ദൈവസന്നിധിയിലേക്ക് സ്വീകരിക്കപ്പെടും. ആത്മാ ക്കളുടെ ദിവസം നാം ആചരിക്കുന്നതുവഴി നമ്മുടെ വിശ്വാസവും പ്രത്യാശയും മരിച്ചവരോടുള്ള സ്നേഹവും നാം പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. ■



ലേഖനം

# അണു ധാതുഖനനവും തീരദേശവാസികളും

**അരുളാനന്ദൻ**
(President, Peoples's Movement against Atomic Minings)


കന്യാകുമാരി ജില്ലയിലെ മണവാളക്കുറിച്ചി എന്ന ഗ്രാമത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ നേതൃത്വത്തിലുള്ള അണുശക്തി വിഭാഗത്തിൽ ഉൾപ്പെട്ട ഒരു മണൽക്കമ്പനി IREL (Indian Rare Earth Ltd.). 1965 മുതൽ അവിടെ പ്രവർത്തനം ആരംഭിച്ചു. ഇത് ഇപ്പോഴും അവിടെ തുടർന്നുകൊണ്ടിരിക്കുന്നു. മണ്ണിൽ നിന്നും 7 പ്രധാന ധാതുക്കളെ വേർതിരിച്ചെടുക്കുന്ന പ്രക്രിയയാണ് കമ്പനി ചെയ്യുന്നത്. (Zircon, Garnet, Ilmenite, Grouptile, Uranium, orium etc.) ഇപ്പോൾ ഇത് കൂടുതൽ വ്യാപകമായി വിപുലീകരിച്ചു നടത്തിക്കൊണ്ടുവരുവാനുള്ള നടപടികൾ സ്വീകരിച്ചിരിക്കുന്നു. അതിന്റെ ഭാഗമായി, കിള്ളിയൂർ (Killiur) താലൂക്കിൽ 8 റവന്യൂ ഗ്രാമങ്ങളിൽനിന്നായി 2826 ഏക്കർ സ്ഥലത്തിൽ നിന്നും മണ്ണെടുക്കുവാൻ കേന്ദ്രഗവൺമെന്റ് പദ്ധതിയിട്ടിരിക്കുകയാണ്.



അതനുസരിച്ച് ഒരു ഏക്കർ സ്ഥലത്തിന് 45 ലക്ഷം രൂപാവീതം കൊടുക്കാമെന്നു പറഞ്ഞ് തീരദേശങ്ങളിലെ പാവപ്പെട്ട ജനങ്ങളെ മോഹിപ്പിക്കുകയും ചെയ്തിരിക്കുന്നു. തീരപ്രദേശമായ നീരോടി മുതൽ സൈമൺകോളനിവരെയും അതുകൂടാതെ മറ്റു ഉൾപ്രദേശങ്ങളിൽനിന്നും മണ്ണെടുക്കുവാൻ തീരുമാനിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ ഇതിനെതിരായി നമ്മൾ ഓരോരുത്തരും കൈകോർക്കേണ്ടിയിരിക്കുന്നു.

ധാതുക്കളുടെ ഖനനത്തിനുശേഷം ഈ മണ്ണ് വീണ്ടും മണ്ണെടുത്ത സ്ഥലത്തുതന്നെ കൊണ്ടുവന്നു നിക്ഷേപിക്കും. ഇങ്ങനെ മണ്ണുവീണ്ടും കൊണ്ടുവന്നു അവിടെ ഇട്ടാൽ അത് അവിടത്തെ ജനങ്ങളുടെ ആരോഗ്യാവസ്ഥയ്ക്ക് ഹാനികരമാകും. ആസ്തമ, ക്യാൻസർ, മറ്റ് ത്വക്ക് രോഗങ്ങൾ എന്നിവ പിടിപെടാൻ കാരണമാകും. അതുമാത്രമല്ല, അവിടത്തെ വായു, ജലം എന്നിവയുടെ മലിനീകരണത്തിനും ഹേതുവാകും. തിരുവനന്തപുരം ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അറിവുപ്രകാരം, കന്യാകുമാരി ജില്ലയിലെ ജനങ്ങളാണ് കൂടുതൽ ക്യാൻസർ ബാധിതരായിരിക്കുന്നത്. അതുകൊണ്ട് ഈ പ്രക്രിയ തീരപ്രദേശങ്ങളിൽ വീണ്ടും തുടർന്നാൽ ഇനിയും കൂടുതൽ ജനങ്ങൾ രോഗബാധിതരാകും. മണ്ണെടുക്കുന്നതുമൂലം കടൽ മുന്നോട്ടു കയറിവന്ന് ഗ്രാമങ്ങൾതന്നെ നാമാവശേഷമാകും. കാരണം ഇതിനു വേണ്ടി 10-30 അടിവരെ കുഴിച്ചാണ് മണ്ണെടുക്കുന്നത്.

ഈ പുതിയ പദ്ധതിയുടെ പേര് അണുധാതു ഖനനം എന്നാണ്. തമിഴ് നാട്ടിലെ Pollution Control Board നോട് ഈ തീരപ്രദേശങ്ങളിലെ ജനങ്ങളെ മാറ്റിപാർപ്പിക്കാനുള്ള ഏർപ്പാടുകൾ നടത്താൻ കേന്ദ്രഗവൺമെന്റ് ആവശ്യപ്പെട്ടിരിക്കുകയാണ്. Pollution Control Board-ന്റെ എൻ.ഒ.സി.ക്കുവേണ്ടി കാത്തിരിക്കുന്ന ഈ സന്ദർഭത്തിൽ ഇത് പൂർണ്ണമായി നിരോധിക്കുവാൻ രൂപതാതലത്തിലും, ഇടവക തലത്തിലുമായി ജനങ്ങൾ ഇതിനെതിരെ സമരം നടത്തിവരുന്നു. സമരത്തിന്റെ ഭാഗമായി ബോധവൽക്കരണ ക്ലാസ്സുകൾ, എതിർപ്പുറാലി എന്നിവ നടത്തിക്കഴിഞ്ഞു. ഉടനെതന്നെ മനുഷ്യച്ചങ്ങലയും നടത്താൻ തീരുമാനിച്ചിരിക്കുന്നു. ഇതിനു നേതൃത്വം നൽകുന്നത് People's Movement against Atomic Minings എന്ന സംഘടനയാണ്. ഇത് പ്രധാനമായും തൂത്തൂർ ഫെറോനയിൽ ഉൾപ്പെട്ട ഗ്രാമങ്ങളിലുള്ള ജനങ്ങളെയാണ് കൂടുതൽ ബാധിക്കുന്നത്. അതുകൊണ്ട് എല്ലാവരും ജാതിമതഭേദമന്യേ ഒറ്റക്കെട്ടായി ഇതിനെതിരെ എതിർപ്പ് പ്രകടിപ്പിക്കുകയും, പദ്ധതി ഇവിടെ നടപ്പിലാക്കാതിരിക്കാൻ ഒന്നിച്ചുനിന്നുകൊണ്ട് സമരം ചെയ്യണമെന്നും അഭ്യർത്ഥിക്കുന്നു. ഇതിനായി പ്രത്യേകം പ്രാർത്ഥിക്കുകയും വേണം. പ്രാർത്ഥന എന്ന വലിയ ആയുധശക്തിയാൽ ഇതുതടയാൻ സർവ്വേശ്വരൻ ഇടവരുത്തട്ടെ. . . ■





ലേഖനം



# ശ്രേഷ്ഠ ഭാഷയാം ഭരണ ഭാഷയാം മലയാളം

ജോയി ജോസഫ്, വെട്ടുകാട്




**"എന്തൊക്കെ വൈകല്യങ്ങളുണ്ടെങ്കിലും അമ്മയുടെ മാറിലെക്കെന്നപോലെ ഞാനെന്റെ മാതൃഭാഷയോട് പറ്റിച്ചേർന്നുതന്നെ നിൽക്കും. ജീവൻ നൽകുന്ന മുലപ്പാൽ അവിടെനിന്നേ എനിക്ക് ലഭിക്കൂ!"**

(മഹാത്മാഗാന്ധി)

കേരളത്തിന്റെ ഒദ്യോഗിക ഭാഷയാണ് മലയാളം. ആ ഭാഷയുടെ അടിസ്ഥാനത്തിലാണ് കേരള സംസ്ഥാനം രൂപീകരിക്കപ്പെട്ടത്. ഭാഷാടിസ്ഥാനത്തിൽ കേരള സംസ്ഥാനം രൂപീകരിക്കുന്നതിൽ സുപ്രധാന കാഴ്ചപ്പാട് രൂപപ്പെടുത്തിയ കൃതിയാണ് ഇ.എം.എസ്സിന്റെ 'കേരളം മലയാളികളുടെ മാതൃഭൂമി.' ഇ.എം.എസ്സിന്റെ തന്നെ 'ഒന്നേകാൽകോടി മലയാളികൾ' എന്ന കൃതിയും ഇക്കാര്യത്തിൽ വലിയ തോതിലുള്ള ചലനങ്ങളുണ്ടാക്കി. കേരളത്തെ മലയാളികളുടെ മാതൃഭൂമിയായി അവതരിപ്പിച്ച ഇ.എം.എസ്സ്

തന്നെയാണ് 1957 ലെ ഐക്യ കേരളത്തിൽ അധികാരത്തിലെത്തിയ ആദ്യ സർക്കാരിന് നേതൃത്വം നൽകിയത്. ആ സർക്കാരിന് മാതൃഭാഷാ പരിപോഷണത്തെക്കുറിച്ച് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു.

കേരളത്തിലെ സർക്കാർ - പൊതുമേഖല ജീവനക്കാരുടെ മലയാള പരിജ്ഞാനം ഉറപ്പുവരുത്താനായി ബിരുദതലംവരെ യോഗ്യത ആവശ്യമുള്ള പി.എസ്.സി പരീക്ഷകൾ മലയാളത്തിൽ നടത്താൻവേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. സർക്കാർ ഉദ്യോഗസ്ഥർ പത്താംതരംവരെ മലയാളം പഠിക്കാത്തവരാണെങ്കിൽ നിരീക്ഷണ കാലാവധി പൂർത്തിയാക്കുന്നതിനുമുമ്പ് മലയാളഭാഷയിൽ പ്രാവീണ്യം നേടേണ്ടത് അനിവാര്യമാണെന്ന് ആവശ്യപ്പെടുന്ന നിയമഭേദഗതി വരുത്തിയിട്ടുണ്ട്. ഇങ്ങനെ ഭരണത്തിന്റെ സമസ്തതലങ്ങളിലും ഔദ്യോഗികഭാഷ മലയാളമാക്കുന്നതിനുള്ള ഇടപെടലുകളാണ് സർക്കാർ നടത്തിവരുന്നത്. ഇപ്പോഴും ഇംഗ്ലീഷിൽ എഴുതുന്നതിലാണ് പലർക്കും താത്പര്യം. പൊതുജനങ്ങളുടെ ജനാധിപത്യപരമായ അവകാശങ്ങളുടെ നിഷേധമല്ലേ ഇത്?

വൈജ്ഞാനിക നൂതനത്വ സമൂഹമാക്കി കേരളത്തെ മാറ്റിത്തീർക്കുന്നതിലും മാതൃഭാഷയ്ക്ക് നിഷേധിക്കാനാവാത്ത പങ്കുണ്ട്. ഭരണഭാഷ പൂർണ്ണമായും മലയാളമാക്കി മാറ്റിത്തീർക്കുന്നതിലും അങ്ങനെ നവകേരളസൃഷ്ടിക്ക് കൂടുതൽ കരുത്തു പകരുന്നതിനും നമുക്ക് സാധിക്കും.

## മാതൃഭാഷയെ അവഗണിക്കുന്നു

മറ്റെല്ലാ നാട്ടുകാരും അവരുടെ മാതൃഭാഷയെ പെറ്റമ്മയായി കാണുമ്പോൾ മലയാളി മലയാളത്തെ പോറ്റമ്മയാക്കാൻപോലും തയ്യാറാവുന്നില്ല. മലയാളം പഠിക്കുന്നത് എന്തോ ഒരു കുറവുപോലെ കരുതുന്നവരാണ് മലയാളികളിലേറെയും. സ്വന്തം മക്കളെ മാതൃഭാഷ പഠിപ്പിക്കാൻ മറക്കുന്നു.

ഒന്നാം ക്ലാസ്സിൽ പ്രവേശനത്തിന് ഒരു ലക്ഷം രൂപവാങ്ങുന്ന ഹൈക്ലാസ്സ് വിദ്യാലയങ്ങളിൽ ക്യൂ നിൽക്കുന്ന 'Talk Only in English' എന്ന് ചുവരുകളിൽ കല്പന പതിക്കുന്ന എഴുത്തച്ഛനെയും, കുമാരനാശാനെയും, സി.വി.യെയും, ബഷീറിനെയും, വൈലോപ്പിള്ളിയേയും അറിഞ്ഞുകൂടാത്ത, പാഠപുസ്തകത്തിലെ നാലുവരി കവിതപോലും ചൊല്ലാനറിയാത്ത, മൂന്നു വയസ്സുകാരന്റെ കുഞ്ഞിക്കൈ പിടിച്ച് അമ്മ എന്ന ദിവ്യപദത്തിന് പകരം 'A for Apple' എന്നു പഠിപ്പിക്കുന്ന മെഡിക്കൽ കോളേജ് സീറ്റിന് അൻപത് ലക്ഷം മുതൽ ഒരു കോടിവരെ എണ്ണിക്കൊടുക്കുന്ന, കൊട്ടിഘോഷിക്കുന്ന ഇംഗ്ലീഷിലോ മലയാളത്തിലോപോലും തെറ്റില്ലാത്ത നാലുവാചകമെഴുതാനാവാത്ത ബിരുദാനന്തര ബിരുദധാരിയായ, സർക്കാർ വിദ്യാലയങ്ങളെ പുച്ഛിച്ചു കൊല്ലുന്ന മലയാളി. . . അഭിമാനിക്കാനാവുമോ നമ്മുടെ വിദ്യാഭ്യാസത്തെ ചൊല്ലി.

## മലയാളി മലയാളം പഠിക്കണം


ഇന്ത്യയിൽ കേരള സംസ്ഥാനത്തിലും ലക്ഷദ്വീപിലും പുതുച്ചേരിയുടെ ഭാഗമായ മയ്യഴിയിലും സംസാരിക്കുന്ന ഭാഷയാണ് മലയാളം. ഇന്ത്യൻ ഭരണഘടനയുടെ എട്ടാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇന്ത്യയിലെ ഇരുപത്തിരണ്ട് ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് മലയാളം. മലയാള ഭാഷയെ 'കൈരളി' എന്നും അറിയപ്പെടുന്നു. കേരള സംസ്ഥാനത്തിലെ ഭരണഭാഷയുംകൂടിയാണ് മലയാളം.

ഇന്ത്യയിൽ ഏറ്റവും കൂടുതൽ വികാസം പ്രാപിക്കുന്ന ഭാഷ മലയാളമാണെന്നാണ് പുതിയ സർവ്വേ പറയുന്നത്. മലയാളം കൂടുതൽ നവീകരണം സംഭവിച്ച് രാജ്യത്തെതന്നെ ഏറ്റവും വികാസം പ്രാപിച്ച ഭാഷയായി മാറുകയാണെന്നാണ് ബറോഡയിൽ പ്രവർത്തിക്കുന്ന ഭാഷാ റിസർച്ച് ആന്റ് പബ്ലിക്കേഷൻസ് അഖിലേന്ത്യാതലത്തിൽ നടത്തിയ പീപ്പിൾസ് ലിംഗ്വിസ്റ്റിക്സ് സർവ്വേ പറയുന്നത്.

കേവലം 80 ലക്ഷംപേർ സംസാരിക്കുന്ന സ്വീഡിഷ് ഭാഷയ്ക്കും 100 ലക്ഷം പേർ സംസാരിക്കുന്ന ഗ്രീക്ക് ഭാഷയ്ക്കും ലോകത്തിലുള്ള സ്ഥാനം ആലോചിക്കുമ്പോൾ നമ്മൾ ലജ്ജിച്ച് തല താഴ്ത്തേണ്ടിയിരിക്കുന്നു. അവർക്ക് അവരുടെ മാതൃഭാഷയോടുള്ള സ്നേഹവും ആദരവും കണ്ടുപഠിക്കേണ്ടിയിരിക്കുന്നു. ഏകദേശം 350 ലക്ഷത്തിലധികം മലയാളികളുള്ള കേരളം മാതൃഭാഷയോട് കാണിക്കുന്നത് ഒരു ജനതയും കാണിക്കാത്തതരം അനാസ്ഥയാണ്. ഏത് യന്ത്രവത്കൃത ലോകത്തു ജീവിച്ചാലും ഏത് സാങ്കേതികവിദ്യയുടെചുവട്ടിൽ കിടന്നാലും മലയാള ഭാഷയേയും സംസ്ക്കാരത്തേയും മറക്കുന്നത് പെറ്റമ്മയെ മറക്കുന്നതിന് തുല്യമാണ്. മാതൃഭാഷയുടെ വിശുദ്ധി കാത്തുസൂക്ഷിക്കണമെന്നുള്ള സന്ദേശം എന്നും ഓർമ്മയിൽ തെളിയട്ടെ. നമ്മുടെ ഭാഷ അങ്ങനെ ആർക്കും വഴിമാറിക്കൊടുക്കേണ്ടതില്ല.

## അവമതിപ്പുണ്ടാക്കുന്ന പദങ്ങളും പ്രയോഗങ്ങളും പാടില്ല

ശാരീരികാവസ്ഥകളുമായി ബന്ധപ്പെട്ടതടക്കം പ്രത്യേക ജനവിഭാഗങ്ങൾക്ക് അവമതിപ്പുണ്ടാക്കുന്ന പദങ്ങളും പ്രയോഗങ്ങളും ഔദ്യോഗിക ഭരണ - പഠന ഭാഷയിൽ നിന്നും പൂർണ്ണമായി ഒഴിവാക്കണമെന്ന് സംസ്ഥാന സർക്കാരിന്റെ ഭാഷാമാർഗ്ഗ നിർദേശക വിദഗ്ധ സമിതി ശുപാർശ ചെയ്തു. 'വികലാംഗർ' എന്ന പ്രയോഗം പാടില്ല, പകരം 'ഭിന്നശേഷിക്കാർ' എന്നുതന്നെ ഉപയോഗിക്കണം. അതുപോലെ കിഴവൻ, കിഴവി, മുതുക്കൻ, മുതുക്കി, ഞൊണ്ടി, പൊട്ടൻ തുടങ്ങിയവ ഒഴിവാക്കേണ്ട വാക്കുകളുടെ ഉദാഹരണമായി സമിതി ചൂണ്ടിക്കാണിച്ചിട്ടുണ്ട്.



ജനനം മുതൽ മരണംവരെ എല്ലാ മനുഷ്യവ്യവഹാരങ്ങൾക്കും പ്രേരകമായ ജീവസ്രോതസ്സാണ് ഭാഷ. ശബ്ദമാകുന്ന ജ്യോതിസ് ഉള്ളിൽ ജ്വലിക്കുന്നില്ലെങ്കിൽ മനുഷ്യന്റെ മനസ്സും ബുദ്ധിയും ബോധവും അജ്ഞാതമാകുന്ന കൂരിരുട്ടിൽ മുഴുകിപ്പോകുമെന്നാണ് പണ്ഡിതമതം. ഭാവം ബോധത്തിന്റെയും ഭാവന മനസ്സിന്റെയും ചിന്ത ബുദ്ധിയുടേതുമാണ്. ഇവ മൂന്നിനേയും പ്രകാശിപ്പിക്കുന്നത് മാതൃഭാഷയാണ്. മാതാവിൽ നിന്നാണല്ലോ ശിശുവിലേക്ക് ആദ്യമായി സംസാര ശബ്ദമെത്തുന്നത്. ജീവനുള്ള എല്ലാറ്റിനും ഭാഷയുണ്ട്. മനുഷ്യഭാഷ അഭ്യാസസിദ്ധവും മറ്റുള്ളതെല്ലാം ജന്മസിദ്ധവുമാണ്. അതിന് ജൈവഭാഷ എന്നാണ് പറയുക.

വരുംതലമുറ മാതൃഭാഷ കൃത്യമായും വ്യക്തമായും പരിശീലിപ്പിക്കുകയും ശ്രേഷ്ഠഭാഷയായ മലയാളത്തിന്റെ മഹത്വം മനസ്സിലാക്കുകയും ചെയ്യേണ്ടത് ഭാഷയുടെയും സാഹിത്യത്തിന്റെയും ഉന്നമനത്തിന് അനിവാര്യമാണ്. ക്ലാസ്സിക്ക് പദവി ലഭിച്ച ശ്രേഷ്ഠഭാഷയായ മലയാളം ലിപിയുള്ള ലോകഭാഷകളിൽ ആദ്യത്തെ ഇരുപത്തഞ്ച് എണ്ണത്തിൽ ഒന്നാണ്. സാഹിത്യസമ്പത്തുകൊണ്ട് ഇന്ത്യൻ ഭാഷകളിൽ രണ്ടാമതാണ് മലയാളത്തിന്റെ സ്ഥാനം. ഇന്ത്യയിലെ സർവ്വോന്നത സാഹിത്യ ബഹുമതിയായ ജ്ഞാനപീഠം പുരസ്കാരം ആദ്യംലഭിച്ചതും മലയാളത്തിനു തന്നെ. ഇത്രയും മഹത്തായ സാഹിത്യ സാംസ്കാരിക പാരമ്പര്യമുള്ള മാതൃഭാഷയെ ഇത്രകണ്ട് അവഗണിക്കുന്ന മറ്റൊരു ജനതയും ലോകത്തിലില്ല.

മലയാളം ഇല്ലാത്ത മലയാളിയാകാതെ മാതൃഭാഷയെ സ്നേഹിക്കുന്നവരായി മലയാളികൾ മാറട്ടെ. വരുംനാളുകളിൽ ഭാഷാഭിമാനവും ദേശാഭിമാനവും നേടാനായി മാതൃഭാഷയാം മലയാളം സ്വായത്തമാക്കി മുന്നേറാം.

''ഇരുൾ മറയും സൂര്യനുദിക്കും. കൈരളിയാം മലയാളനാട്ടിൽ പൊൻമലയാളം തെളിയട്ടെ!''

■






ടാക്കീസ്

# പണി: ആശയവും ആഖ്യാനവും

സുനിൽ സി. ഇ

മനുഷ്യരുടെ തനിമ വെളിവാക്കപ്പെടണമെങ്കിൽ അവരെ ഒരു സങ്കല്പിക ശത്രുദേശത്ത് പ്രതിഷ്ഠിച്ച് നിരീക്ഷിക്കുകയാണ് എളുപ്പം. ഈ വിദ്യ ഇപ്പോൾ പ്രയോഗിക്കപ്പെടുന്നത് അന്യഗ്രഹത്തിലോ സ്വപ്ന സമാന മായികലോകത്തോ 'ഈ ഇടം' പ്രതിഷ്ഠിച്ചെടുക്കുക വഴിയല്ല. മറിച്ച് അതിജീവനത്തിനായി സംഹാരചോദനകൾ നിറച്ച് സ്വന്തം സ്പീഷിസിനെ വകവരുത്തുന്ന രീതിയാണ് പുതിയ സ്ഥലപ്പെടലിന്റെ പ്രതികാരവാഞ്ഛകളിൽ കടന്നുകൂടിയിട്ടുള്ളത്. തനിക്ക് കിട്ടിയിട്ടുള്ള ശിക്ഷ അന്യനിലേക്ക് പടർത്തണമെങ്കിൽ ഒരു ഗ്യാങ്സ്റ്റർ ക്യാരക്ടർ മാത്രം മതിയെന്നും, മേലധികാരം ഉറപ്പിച്ചെടുത്താൽ അത് കടുത്ത പ്രതികാരമായി തീരുമെന്നും പുതിയ ജനറേഷൻ മനസ്സിലാക്കിവെച്ചിരിക്കുകയാണ്. ആക്രമോത്സുക ആധിപത്യത്തിനും മേല്ക്കോയ്മയ്ക്കുംവേണ്ടി ചെയ്യുന്ന പ്രവൃത്തികൾക്ക് സാധൂകരണം കിട്ടപ്പെടുകയാണ്. അക്രമത്തിന്റെ അത്തരം ഒരു തുറസ്സ് നിർമ്മിതിയാണ് ജോജു ജോർജ്ജ് രചനയും സംവിധാനവും നിർവ്വഹിച്ച ''പണി'' എന്ന സിനിമ. രണ്ട് ആണത്തങ്ങളുടെ ഇടയ്ക്ക് പെട്ടുപോയവരുടെ കഥയാണ് ജോജു പണിയിലൂടെ വരഞ്ഞത്. നീണ്ടവർഷ സർവ്വീസുള്ള പോലീസുകാരെ തളർത്താൻ ശരീരഭാഷയിലുള്ള വ്യത്യാസംമാത്രം മതിയെന്ന തത്വവും പണിയിൽ ദൃശ്യപ്പെടുത്തിയിട്ടുണ്ട്. അക്രമത്തിന്റെ മനഃശാസ്ത്രം പരിശോധിച്ചാൽ ഒരു കാര്യം വ്യക്തമാണ്. സമൂഹം കൃത്രിമത സൃഷ്ടിച്ചോ ഗൂഢവഴികൾ അവലംബിച്ച് നടപ്പിലാക്കിയതോ ഒന്നും ഇനി നിഷിദ്ധമാക്കിവയ്ക്കാനാവില്ലെന്നും, അതിനെ പുണർന്ന് പുല്കാനുള്ള ത്വര ഇന്നും ബാക്കിയിട്ടിട്ടാണ് ഗ്യാങ്സ്റ്റർ തലമുറകൾ ഭൂമിയിൽ നിന്നും മടങ്ങുന്നതെന്നും 'പണി' തെളിയിക്കുകയാണ്. വാളെടുത്തവൻ വാളാലേ എന്ന ബൈബിൾ വാക്യം ഓർമ്മിപ്പിച്ചുകൊണ്ടാണ് അക്രമത്തിന്റെ മനഃശാ





സ്ത്രത്തെ കുടഞ്ഞിടുന്നത്. വൻ കൊലകൾചെയ്യവർക്ക് സ്വന്തം ഇടം നിയമപാലന നിഷ്കർഷതകളില്ലാതെ ലഭിക്കുന്നതിനെയാണ് 'പണി' ഒരു ഘട്ടത്തിൽ ചിത്രീകരിച്ചിരിക്കുന്നത്. ലോകം മുഴുവൻ ഗുണ്ടകളാണെന്നും, അവിടെ നമുക്കാവശ്യമുള്ള ഗുണ്ടകളെ മാത്രം പിടിച്ചാൽ മതിയെന്നുമുള്ള മനസ്ഥിതിയുടെ ആഖ്യാനം സാധ്യമാക്കിയ രണ്ട് ആണത്തങ്ങളാണ് പണിയിലെ പ്രധാന കഥാപാത്രങ്ങളായ സാഗർ സൂര്യയും ജുനൈസ് വി.പി.യും.

## ശരീരം എന്ന ഇന്ദ്രിയം

'പണി' എന്ന സിനിമയിൽ ഒരുതരത്തിലുമുള്ള അതീന്ദ്രിയ പരതയില്ല. മറിച്ച് അക്രമത്തിന്റെ ചുഴിയിൽപെട്ട ശരീരപരതയാണുള്ളത്. തൃശൂർ എന്ന നഗരത്തെയും അതിന്റെ ക്രൈം സൈക്കോ പശ്ചാത്തലങ്ങളെയും ദൃശ്യപ്പെടുത്തിക്കൊണ്ടാണ് സിനിമ ആരംഭിക്കുന്നത്. അവിടെ ശരി തെറ്റുകളും കുറ്റങ്ങളും ശിക്ഷാവിധികളും ആപേക്ഷികമാകുന്നതിൽ അത്ഭുതമില്ല. വ്യക്തികൾ എന്ന സ്വരൂപം ഇല്ലാതാകുന്നതിന്റെയും തേടുന്നവനും തേടപ്പെട്ടവനും ഇരയും വേട്ടക്കാരനും മാത്രമായിപ്പോകുന്നതിന്റെയും കടുത്ത മനഃശാസ്ത്രമാണ് ജോജു ജോർജ് അവതരിപ്പിക്കുന്നത്. കൊലയുടെ മനഃശാസ്ത്രംപോലും പ്രത്യേക ജീവനുകളിലേക്ക് ചുരുങ്ങാനുള്ള അവസ്ഥ സൃഷ്ടിക്കലാണെന്ന് 'പണി'യുടെ പശ്ചാത്തലദൃശ്യങ്ങൾ നമുക്ക് കാട്ടിത്തരുന്നുണ്ട്. ഒരാളെ മരണത്തിലേക്ക് വലിച്ചടുപ്പിക്കുന്ന അക്രമത്തിന്റെ ചുഴിയിൽ അകപ്പെടുത്തുക വഴി ആണത്തത്തെ കുസലില്ലാതെ ആഘോഷിക്കുകയാണ് ചെയ്യുന്നത്.

അഭ്രപാളിയുടെ ഒരു കോളങ്ങളും ഒഴിച്ചിടാത്ത ഒരു ആക്ഷൻ ക്രൈം ഡ്രാമയാണ് പണി. കഥാപാത്രങ്ങളുടെ പവർ സ്ഥാപിച്ചെടുക്കാൻ ഡയലോഗുകളെ അധികം ആശ്രയിക്കാതിരിക്കുന്നതുപോലും റിയലിസ്റ്റിക് പശ്ചാത്തലമുള്ളതുകൊണ്ടാണ്. സിനിമയിലെ കേന്ദ്രനായികാകഥാപാത്രമായ അഭിനയ ജന്മനാ ബധിരയും മൂകയുമാണെന്നുള്ളതിന്റെ റിയലിസ്റ്റിക് സ്ഥിരീകരണം അങ്ങനെ കാണിയെ അത്ഭുതപ്പെടുത്തുകയാണ് ചെയ്യുന്നത്. ക്രിയയും അനുക്രിയകളുമാണ് പ്രധാന ക്രൈമിനെയും അതിനെത്തുടർന്നുണ്ടാകുന്ന അക്രമങ്ങളെയും തമ്മിൽ ഹുക്ക് ചെയ്യുന്നത്. പണി എന്ന സിനിമയിലെ സ്റ്റാർ മെറ്റീരിയലുകളാണ് സാഗർ സൂര്യ (ഡോൺ സെബാസ്റ്റ്യൻ) ജുനൈസ് (സിജു) എന്നീ രണ്ട് ആണത്തങ്ങൾ. സിനിമ ആരംഭിക്കുമ്പോൾ ഒരു വർക്ക്ഷോപ്പിലെ പണിക്കാരാണ് രണ്ടാളും. പക്ഷേ പിന്നീട് ഇവരാണ് ഈ സിനിമയെ മുന്നോട്ടുകൊണ്ടുപോകുന്നത്. കൊലയ്ക്കും ലൈംഗിക അതിക്രമങ്ങൾക്കുമൊന്നും ഒരു കൂസലുമില്ലാതെ ഇറങ്ങിപ്പുറപ്പെടുന്ന പുതിയ തലമുറയെയാണ് ഈ രണ്ട് കഥാപാത്രങ്ങളും പ്രതിനിധാനപ്പെടുത്തുന്നത്. വലിയ ആൾക്കൂട്ടങ്ങൾ കടന്നുവരുന്ന നിരവധി സീനുകളുള്ള ഈ ചിത്രത്തിൽ ഈ രണ്ടു കഥാപാത്രങ്ങൾ ശരിക്കും പുതിയ തലമുറയുടെ കൂസലില്ലായ്മയെ ജീവിച്ചു കാണിക്കുകയാണ് ചെയ്യുന്നത്. പൂരവും പെരുനാളുകളും സാംസ്ക്കാരികാഘോഷങ്ങളും ഒക്കെ കൊണ്ടാടുന്ന തൃശൂർ നഗരത്തിന്റെ പശ്ചാത്തലം ഇത്തരമൊരു പ്രമേയത്തെ ആൾക്കൂട്ട മനഃശാസ്ത്രത്തിന്റെ പണിത്തികവോടെയാണ് ആവിഷ്ക്കരിച്ചിരിക്കുന്നത്. നിയമപാലനത്തിന്റെ നിർവ്വചനത്തിരിമറിവ് പോലീസുകാരുടെ ഓരോ ഡയലോഗുകളിലും കയറ്റിവയ്ക്കാനും ജോജു ശ്രദ്ധിച്ചിട്ടുണ്ട്. സഭ്യത എന്ന വിലക്കില്ലാത്ത പ്രമേയമായതിനാൽ ദൃശ്യഭാഷ അനുരൂപമായി മാറപ്പെടുന്നു. പണി സമൂഹനിയമങ്ങൾക്കും സദാചാരസംഹിതകൾക്കും അപ്പുറത്തായവരുടെ പുതിയ ലോകമാണ്. ■

## വാർത്തകൾ
www.archtvmnews.com

# തിരുവനന്തപുരം അതിരൂപതയിൽ പുതിയതായി വട്ടിയൂർക്കാവ് ഫൊറോന

തിരുവനന്തപുരം: ചരിത്ര പ്രാധാന്യമുള്ള തിരുവനന്തപുരം ലത്തീൻ അതിരൂപതയ്ക്ക് ഇനി പത്ത് ഫൊറോനകൾ. തലസ്ഥാന നഗരഹൃദയത്തിൽ ഏറെ വൈവിധ്യമാർന്ന ജനസമൂഹം ഉൾച്ചേർന്ന പാളയം ഫൊറോനയെ രണ്ടായി വിഭജിച്ചാണ് പുതിയ ഫൊറോനയ്ക്ക് രൂപം നൽകിയിരിക്കുന്നത്. 9 ഇടവകകൾ ഉൾച്ചേർത്താണ് വട്ടിയൂർക്കാവ് ഫൊറോനയെന്ന പുതിയ ഫൊറോന നിലവിൽ വരുന്നത്. ഇതുവഴി അജപാലന കർമ്മങ്ങൾ കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് സഹായകരമാകുമെന്ന് പുതിയ ഫൊറോനയുടെ പ്രഖ്യാപന ഉത്തരവിൽ അതിരൂപതാധ്യക്ഷൻ ആർച്ച്ബിഷപ് തോമസ് ജെ. നെറ്റോ പറഞ്ഞു. അതിരൂപതയുടെ മധ്യസ്ഥ വിശുദ്ധ കൊച്ചുത്രേസ്യയുടെ തിരുനാൾ ദിനവും അതിരൂപതാ ദിനവുമായ ഒക്ടോബർ ഒന്നിന് ഇതുസംബന്ധിച്ച ഔദ്യോഗിക പ്രഖ്യാപനം പുറത്തിറങ്ങി. 2025 ജനുവരി ഒന്നിന് കന്യാമറിയത്തിന്റെ മാതൃത്വ തിരുനാൾ ദിനത്തിൽ ഫെറോന നിലവിൽ വരും. പുതിയതായി രൂപം കൊള്ളുന്ന വട്ടിയൂർക്കാവ് ഫെറോനയിൽ വട്ടിയൂർക്കാവ്, വെള്ളയമ്പലം, വഴയില, കുടപ്പനക്കുന്ന്, ക്രിസ്തുരാജപുരം, കുലശേഖരം, കാച്ചാണി, കാഞ്ഞിരംപാറ, മലമുകൾ എന്നീ ഒൻപതു ഇടവകകളാണ് ഉൾപ്പെട്ടിട്ടുള്ളത്.

# സീ ആർട്ട്- കല കടലോളം; കലാസാഹിത്യ സാംസ്കാരിക പ്രവർത്തകർക്കായുള്ള കൂട്ടായ്മ നിലവിൽ വന്നു.



വെള്ളയമ്പലം: കലാസാഹിത്യ സാംസ്കാരിക പ്രവർത്തകർക്കായി ‘സീ ആർട്ട്- കല കടലോളം’ എന്ന വേദി രൂപംകൊണ്ടു. വിവിധ മേഖലകളിൽ കടലും കടൽ ജീവിതങ്ങളും പശ്ചാത്തലമാക്കിയ അൻപതോളം കലാകാരന്മാർ സീ ആർട്ടിന്റെ പ്രഥമ കൂടിവരവിൽ ഒത്തുചേർന്നു. വെള്ളയമ്പലത്ത് നടന്ന കൂടിവരവ് തിരുവനന്തപുരം ആർച്ച്ബിഷപ് തോമസ് ജെ. നെറ്റോ ഉദ്ഘാടനം ചെയ്തു. പരസ്പരം അറിയാനും ആശയങ്ങൾ പങ്കുവയ്ക്കാനും കലയെ വളർത്തുവാനും ഈ കൂട്ടായ്മ സഹായകരമാകട്ടേയെന്ന് ആർച്ച്ബിഷപ് പറഞ്ഞു. തിരുവനന്തപുരം മീഡിയ കമ്മിഷനും അതിരൂപത പ്രസിദ്ധീകരണമായ ജീവനും വെളിച്ചവും സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്.

പ്രസ്തുത ചടങ്ങിൽ കടൽ ജീവിതത്തിന്റെ ആഴങ്ങൾ ഒപ്പിയെടുത്ത് കടലിന്റെ ഭാഷയേയും ഭാഷാന്തരത്തേയും യാഥാർത്ഥ്യബോധത്തോടെ പകർത്തിയ 'കൊണ്ടൽ' സിനിമ സംവിധായകൻ ശ്രീ. അജിത് മാമ്പള്ളിയെ ആദരിച്ചു. അതിരൂപത മീഡിയ കമ്മിഷൻ എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. വിജിൽ ജോർജ്ജ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കലയുടെ പ്രസക്തിയെക്കുറിച്ച് വിനു ഏബ്രഹാം പ്രഭാഷണം നടത്തി. കൊണ്ടൽ സിനിമാ നിരൂപണം സുനിൽ സി. ഇ നടത്തി. തീരത്ത് ജനിച്ച് വളർന്ന് സിനിമ സംവിധായകനാകാൻ താൻ നടത്തിയ യാത്രകളെക്കുറിച്ച് അതിരൂപത സാമൂഹ്യശുശ്രൂഷ മുൻ ആനിമേറ്റർ കൂടിയായ ശ്രീ അജിത് മാമ്പള്ളി തന്റെ മറുപടി പ്രസംഗത്തിൽ വിശദീകരിച്ചു. തുടർപ്രവർത്തനങ്ങൾ ക്രോഡീകരിക്കാൻ വിവിധ സമിതികൾക്ക് രൂപം നല്കി. കലയെ സ്നേഹിക്കാനും പ്രോത്സാഹിപ്പിക്കാനും സഹായകരമാകുന്ന സീ ആർട്ടിന്റെ തുടർപ്രവർത്തനങ്ങൾ ഓരോ മാസവും സംഘടിപ്പിക്കുമെന്ന് അണിയറ പ്രവർത്തകർ പറഞ്ഞു.

# ഓഖി പാക്കേജിൽനിന്ന് മത്സ്യത്തൊഴിലാളികൾക്ക് എത്ര കിട്ടിയെന്ന് പരിശോധിക്കണം: ആർച്ച്ബിഷപ് ഡോ. തോമസ് ജെ. നെറ്റോ




തിരുവനന്തപുരം: ഓഖി ദുരിതബാധിതർക്കായി പ്രഖ്യാപിച്ച 350 കോടിയുടെ പാക്കേജിൽ എത്രത്തോളം സഹായം മത്സ്യത്തൊഴിലാളികൾക്ക് എത്തിയെന്ന് പരിശോധിക്കണമെന്ന് തിരുവനന്തപുരം ലത്തീൻ അതിരൂപത ആർച്ച് ബിഷപ് ഡോ.തോമസ് ജെ. നെറ്റോ. സർക്കാർ ചെയ്യുന്നത് അപര്യാപ്തമായതിനാലാണ് ലത്തീൻ അതിരൂപതയുടെ നേതൃത്വത്തിൽ 288 മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയുമായി മുന്നോട്ടിറങ്ങിയതെന്നും അദ്ദേഹം പറഞ്ഞു. ട്രിവാൻഡ്രം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ തയ്യാറാക്കിയ ഓഖി സർവേ റിപ്പോർട്ട് പുറത്തിറക്കൽ ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ആർച്ച് ബിഷപ് എമരിത്തൂസ് ഡോ.എം. സൂസാപാക്യം, ബിഷപ് ഡോ.ആർ.ക്രിസ്തുദാസ്, ഡോ.ശശി തരൂർ എം.പി, എം,എൽ.എമാരായ അഡ്വ. വി.കെ.പ്രശാന്ത്, എം.വിൻസെന്റ്, മോൺ.യൂജിൻ എച്ച്.പെരേര, ഫാ.ആഷ്ലിൻ ജോസ്, നിഷ പ്രതീഷ്, ഡോ.മേരി ജോൺ, മെറ്റിൽഡ, അജിത, ഫാ.ലോറൻസ് കുലാസ്, ഫാ.ജി.എൻ.സബ്ബാസ് ഇഗ്നേഷ്യസ്, ഫാ.ലെനിൻ രാജ്, ഫാ.ഷാജിൻ ജോസ്, സിസ്റ്റർ മെഡോണ തുടങ്ങിയവർ സംസാരിച്ചു.

# ലോഗോസ് ക്വിസ് ഗെയിം'24 വിജയികളെ പ്രഖ്യാപിച്ചു




വെള്ളയമ്പലം: ലോഗോസ് ക്വിസിന് കളിച്ചുകൊണ്ടൊരുങ്ങാൻ സഹായിക്കുന്ന ലോഗോസ് ക്വിസ് ഗെയിം ആപ്പിന്റെ എട്ടാം പതിപ്പിന്റെ വിജയികളെ പ്രഖ്യാപിച്ചു. തിരുവനന്തപുരം അതിരൂപത മീഡിയകമ്മിഷൻ കാര്യാലയത്തിൽ വച്ച് എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. വിജിൽ ജോർജ്ജ് ഫലപ്രഖ്യാപനം നടത്തി.

മലയാളം വിഭാഗത്തിൽ വരപ്പുഴ അതിരൂപതാംഗം ജോൺ ജോബ് ഒന്നാം സ്ഥാനവും, തിരുവനന്തപുരം അതിരൂപതാംഗം ബീന ജോൺസൺ രണ്ടാം സ്ഥാനവും തിരുവനന്തപുരം അതിരൂപതയിലെതന്നെ അക്ഷര സജു കരസ്ഥമാക്കി. റീജ സി (തിരുവനന്തപുരം അതിരൂപത), ബിന്ദു എൽ. എസ് (തിരുവനന്തപുരം അതിരൂപത – മലങ്കര), രജി പ്രസാദ് ((തിരുവനന്തപുരം അതിരൂപത), ഷെറി മാനുവൽ (കൊച്ചി രൂപത), ജോൺസൺ എ (തിരുവനന്തപുരം അതിരൂപത), നിഫ ജിനു (തിരുവനന്തപുരം അതിരൂപത), മെഴ്സി ജോസഫ് (തിരുവനന്തപുരം അതിരൂപത) എന്നിവർ യഥാക്രമം നാല് മുതൽ പത്തുവരെയുള്ള സ്ഥാനം നേടി.

ഇംഗ്ലീഷ് വിഭാഗത്തിൽ ഷംഷാബാദ് രൂപതാംഗം വിൻസെന്റ് എം. എ ഒന്നാം സ്ഥാനവും, എറണാകുളം-അങ്കമാലി അതിരൂപതാംഗം ക്രിസ്റ്റ മരിയ ജോസഫ് എറണാകുളം- അങ്കമാലി അതിരൂപതയിലെതന്നെ ക്ലാര ജോസഫ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ഹണി സണ്ണി (തൃശൂർ അതിരൂപത), ഹിമ സെബാസ്റ്റ്യൻ (ഇരിഞ്ഞാലക്കുട രൂപത), ജോസ് ജോസഫ് (ഫരീദാബാദ് രൂപത, ദില്ലി), ജെസ്ലിൻ ജോസ് (ഷംഷാബാദ് രൂപത, തെലുങ്കാന), കാതറിൻ ജോസഫ് (എറണാകുളം- അങ്കമാലി അതിരൂപത), ആന്റോ ജോസ് (ഫരീദാബാദ് രൂപത, ദില്ലി) എന്നിവർ യഥാക്രമം നാല് മുതൽ പത്തുവരെയുള്ള സ്ഥാനം നേടി.

ഈ വർഷത്തെ മത്സരത്തിൽ 70 രൂപതകളിൽ നിന്നും 5714 പേർ പങ്കെടുത്തു. ഓരോ വിഭാഗത്തിലെ ഒന്നാം സ്ഥാനം 10,000/- രൂപയും മെമന്റോ, സർട്ടിഫക്കറ്റ്, രണ്ടാം സ്ഥാനം 7500/- രൂപ ക്യാഷ് പ്രൈസ്, മെമന്റോ, സർട്ടിഫക്കറ്റ്, മൂന്നാം സ്ഥാനം 5000/- രൂപ ക്യാഷ് പ്രൈസ്, മെമന്റോ, സർട്ടിഫക്കറ്റ്. നാല് മുതൽ പത്ത് വരെ1000/- രൂപ ക്യാഷ് പ്രൈസ്, മെമന്റോ, സർട്ടിഫക്കറ്റ്. മലയാളം വിഭാഗത്തിലെ 100 വരെയുള്ള സ്ഥാനകാർക്കും ഇംഗ്ലീഷ് വിഭാഗത്തിൽ 50 വരെയുമുള്ള സ്ഥാനകാർക്കും സർട്ടിഫിക്കറ്റുകൾ. വിജയികൾക്ക് 2024 ഡിസംബർ 7 ശനിയാഴ്ച രാവിലെ 11 മണിക്ക് തിരുവനന്തപുരം വെള്ളയമ്പലത്ത് സാമൂഹ്യ ശുശ്രൂഷ കാര്യാലയത്തിലെ സെന്റ്. ആന്റണീസ് ഹാളിൽ വച്ച് നടക്കുന്ന ചടങ്ങിൽ ബിഷപ് ക്രിസ്തുദാസ് ആർ സമ്മാനിക്കും.

# റ്റി.എസ്.എസ്.എസിന്റെ ഹൈടെക് കോൺഫറൻസ് ഹാൾ ഉദ്ഘാടനംചെയ്തു



വെള്ളയമ്പലം: തിരുവനന്തപുരം അതിരൂപത സാമൂഹ്യശുശ്രൂഷയ്ക്ക് കീഴിലുള്ള ട്രിവാൻട്രം സോഷ്യൽ സർവ്വീസ് സൊസൈറ്റി (TSSS) അന്താരാഷ്ട്ര നിലവാരത്തോടെ ഹൈടെക് കോൺഫറൻസ് ഹാൾ നിർമ്മിച്ചു. വെള്ളയമ്പലത്തെ റ്റി.എസ്.എസ്.എസ് ഗോൾഡൻ ജൂബിലി കെട്ടിടത്തിൽ സജ്ജീകരിച്ച ഹാളിന്റെ ഉദ്ഘാടനവും ആശീർവാദവും ആർച്ച്ബിഷപ് തോമസ് ജെ. നെറ്റോ നിർവഹിച്ചു.

അത്യാധുനിക നിലവാരത്തിൽ നിർമ്മിച്ചിരിക്കുന്ന ഹാളിൽ സ്മാർട്ട് ബോർഡ്, പ്രൊജക്ഷൻ സ്ക്രീൻ, ഡിജിറ്റൽ പ്രൊജക്ടർ, വൈഫൈ – ബ്ലൂടൂത്ത് കണക്ടിവിറ്റി, ജെ.ബി.എൽ-ന്റെ ശബ്ദ സംവിധാനം , വീഡിയോ കോൺഫറൻസ് സൗകര്യം തുടങ്ങിയവ സജ്ജീകരിച്ചിട്ടുണ്ട്. 60 പേരെ ഉൾകൊള്ളാൻ കഴിയുന്ന ഈ ഹാൾ പൂർണ്ണമായും ശീതികരിച്ചിട്ടുണ്ട്. ഉദ്ഘാടന ചടങ്ങിൽ സാമൂഹ്യ ശുശ്രൂഷ ഡയറക്ടർ ഫാ. ആഷ്ലിൻ ജോസ് അധ്യക്ഷത വഹിച്ചു. അസിസ്റ്റന്റ് ഡയറക്ടർ ഫാ. സ്റ്റാലിൻ ഫെർണാണ്ടസ്, അഡ്മിനിസ്ട്രേറ്റിവ് ഓഫീസർ തോമസ് തെക്കേൽ തുടങ്ങിയവർ സംസാരിച്ചു.

## 52-ാം വാർഷികാഘോഷം നടത്തി സൊസൈറ്റി ഓഫ് വിൻസന്റ് ഡി. പോൾ തിരുവനന്തപുരം സെൻട്രൽ കൗൺസിൽ




വലിയതോപ്പ്: സൊസൈറ്റി ഓഫ് വിൻസന്റ് ഡി. പോൾ തിരുവനന്തപുരം സെൻട്രൽ കൗൺസിലിന്റെ 52-ാം വാർഷികാഘോഷം ഒക്ടോബർ 12 ശനിയാഴ്ച വലിയതോപ്പ് സെന്റ്. ആൻസ് കമ്മ്യൂണിറ്റി ഹാളിൽ വച്ചുനടന്നു. ആഘോഷപരിപാടി അതിരൂപത സഹായമെത്രാൻ ബിഷപ് ക്രിസ്തുദാസ് ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം അതിരൂപതയിലെ ക്രിസ്തുവിന്റെ കാരുണ്യത്തിന്റെയും കരുതലിന്റെയും സ്നേഹത്തിന്റെയും മുഖമുദ്രയാണ് സെയിന്റ് വിൻസന്റ് ഡി. പോൾ സൊസൈറ്റിയെന്ന് ബിഷപ് ക്രിസ്തുദാസ് പറഞ്ഞു. തിരുവനന്തപുരം സെൻട്രൽ കൗൺസിലിനു കീഴിൽ ആഴാകുളത്ത് പുരുഷന്മാർക്കായി പ്രവർത്തിക്കുന്ന കാരുണ്യ ഭവൻ വൃദ്ധസദനത്തിന്റെ പ്രവർത്തനങ്ങളെ ബിഷപ് അഭിനന്ദിച്ചു. സ്ത്രീകൾക്കായി ഒരുങ്ങുന്ന സ്നേഹഭവന്റെ പൂർത്തീകരണം എത്രയും വേഗത്തിലാകാൻ തന്റെ പ്രാർത്ഥനകളും അദ്ദേഹം വഗ്ദാനം ചെയ്തു. സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ബ്രദർ ഫ്രാൻസിസ് അധ്യക്ഷത വഹിച്ചു. കെ.ആർ.എൽ.സി.സി കോ-ഓർഡിനേറ്റർ ബ്രദർ തോമസ് പുലിക്കോട്ടിൽ മുഖ്യപ്രഭാഷണവും ആദ്ധ്യാത്മിക ഉപദേഷ്ടാവ് ഫാ. ജോസഫ് ബാസ്റ്റിൻ അനുഗ്രഹപ്രഭാഷണവും നടത്തി. വാർഷികാഘോഷത്തോടനുബന്ധിച്ച് രോഗികൾക്കുള്ള ചികിത്സാസഹായ വിതരണവും, USA സ്പെഷ്യൽ എയ്ഡ് വിതരണവും, ഔർ ലേഡി ഓഫ് ഗുഡ് ഡെത്ത് കോൺഫറൻസിന്റെ സഹായ വിതരണവും നടന്നു.

## നോർത്ത് സബ്ജില്ലാ കായിക മേളയിൽ ചാമ്പ്യൻഷിപ്പ് നേടി സെന്റ്. ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂൾ




തിരുവനന്തപുരം: തിരുവനന്തപുരം നോർത്ത് സബ്ജില്ല അത്‌ലറ്റിക് മീറ്റിൽ സെന്റ്. ജോസഫ്സ് ഹയർ സെക്കൻഡറി സ്കൂൾ 140 പോയിന്റോടുകൂടി തുടർച്ചയായ രണ്ടാമത്തെ വർഷവും ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി. ഹോളി ഏഞ്ചൽസ്, പട്ടം സെന്റ്. മേരീസ്, സെന്റ്. ജോൺസ് എന്നീ സ്കൂളുകളെ പിന്നിലാക്കിയാണ് ചാമ്പ്യൻപട്ടം നിലനിർത്തിയത്. 126 പോയിന്റ് നേടി പട്ടം സെന്റ് മേരീസ് സ്കൂൾ രണ്ടാം സ്ഥാനം നേടി. ഇതര സ്കൂളുകളെ അപേക്ഷിച്ച് കായികമേളയിൽ പങ്കെടുത്ത കുട്ടികളുടെ എണ്ണം കുറവായിരുന്നിട്ടും ചാമ്പ്യൻഷിപ്പ് നേടാനായതിന്റെ അഭിമാനത്തിലും സന്തോഷത്തിലുമാണ് സെന്റ്. ജോസഫ്സ് സ്കൂൾ മാനേജമെന്റും കായികവിഭാഗം സ്റ്റാഫംഗങ്ങളും വിദ്യാർത്ഥികളും.

## ആർ.സി.സ്കൂൾസ് ടീച്ചേഴ്സ് ഗിൽഡിന്റെ ആഭിമുഖ്യത്തിൽ ക്രോണിക്കിൾ ക്വസ്റ്റ്- ’24 നടന്നു



തിരുവനന്തപുരം: തിരുവനന്തപുരം ആർ.സി.സ്കൂൾസ് ടീച്ചേഴ്സ് ഗിൽഡിന്റെ ആഭിമുഖ്യത്തിൽ ഇന്റർ സ്കൂൾ ക്വിസ് മത്സരം ക്രോണിക്കിൾ ക്വസ്റ്റ്- ’24 എന്നപേരിൽ നടന്നു. പള്ളിത്തുറ ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് നടന്ന പരിപാടി പള്ളിത്തുറ ഇടവക വികാരി ഫാ. ബിനു അലക്സ് ഉദ്ഘാടനം ചെയ്തു. ആർ.സി.സ്കൂൾസ് കോർപ്പറേറ്റ് മാനേജർ ഫാ. സൈറസ് കളത്തിൽ അധ്യക്ഷത വഹിച്ചു. ഹയർ സെക്കണ്ടറി, ഹൈസ്കൂൾ, യു.പി. വിഭാഗങ്ങളിൽനിന്നും മത്സരത്തിനെത്തിയ വിദ്യാർത്ഥികളെ ടീച്ചേഴ്സ് ഗിൽഡ് പ്രസിഡന്റ് ശ്രീ. ജോയി. എൽ സ്വാഗതം ചെയ്തു. പ്രിൻസിപ്പൽ ശ്രീ. കനക ദാസ്, വൈസ് പ്രിൻസിപ്പൽ ശ്രീ. അനിൽകുമാർ എന്നിവർ വിദ്യാർത്ഥികൾക്ക് ആശംസകൾ അർപ്പിച്ചു. ഫാ.സനീഷ്, ബ്ര. ക്രിസ്റ്റിൻ, ബ്ര.സ്റ്റെഫിൻ എന്നിവരുടെ നേതൃത്വത്തിലാണ് മത്സരങ്ങൾ നടത്തിയത്.

## സെൽഫ് ഡിഫൻസ് പരിശീലന പരിപാടി നടത്തി കെ.എൽ.സി.ഡബ്ല്യു.എ പാളയം ഫൊറോന



പാളയം: പാളയം ഫൊറോന കേരള ലാറ്റിൻ കാത്തലിക് വിമൻസ് അസോസിയേഷൻറെ നേതൃത്വത്തിൽ വനിതകൾക്കായി സെൽഫ് ഡിഫൻസ് പരിശീലന പരിപാടി നടത്തി. ഇടവക മദർ തെരേസ ഹാളിൽ വച്ച് “ഞങ്ങളുണ്ട് നിങ്ങളോടൊപ്പം”എന്ന ആപ്ത വാക്യം ഉയർത്തി കൊണ്ടാണ് കെ.എൽ.സി.ഡബ്ല്യു.എ ഈ പരിപാടി സംഘടിപ്പിച്ചത്. പ്രസിഡൻറ് ശ്രീമതി മേരി പുഷ്പത്തിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ അല്മായ കമ്മീഷൻ അസിസ്റ്റൻറ് ഡയറക്ടർ ശ്രീ. നിക്സൻ ലോപ്പസ് ഉദ്ഘാടനം ചെയ്തു. കേരള പോലീസിന്റെ നേതൃത്വത്തിൽ സ്ത്രീകൾക്കായി സ്വയം പ്രതിരോധ പരിശീലന പരിപാടി നടന്നു. പാളയം ഫൊറോന വികാരി മോൺ. വിൽഫ്രഡ് അണിയറപ്രവർത്തകരെ അഭിനന്ദിക്കുകയും ആശംസകൾ നേരുകയും ചെയ്തു.

# ക്രൈസ്തവർ മിഷനറിമാരാണ്: ആഗോള സഭയ്ക്ക് 14 വിശുദ്ധർ കൂടി



വത്തിക്കാൻ സിറ്റി: മിഷൻ ഞായറാഴ്ച, വത്തിക്കാൻ ചത്വരത്തിൽ ഫ്രാൻസിസ് പാപ്പാ, 1860-ൽ ക്രൈസ്തവവിശ്വാസത്തിന്റെ പേരിൽ കൊല്ലപ്പെട്ട, മനുവേൽ റൂയിസ് ലോപ്പസും മറ്റ് ഏഴ് സന്യസ്തരും ഉൾപ്പെടെ എട്ട് ഫ്രാൻസിസ്കൻ സമർപ്പിതരും, മാറോണീത്താ സഭാംഗങ്ങളായ, ഫ്രാൻസിസ്, മൂത്തി, റഫായേൽ മസ്സാബ്കി എന്നീ മൂന്ന് അല്മായരുമുൾപ്പെടുന്ന ഡമാസ്കസ് രക്തസാക്ഷികൾ എന്ന പേരിൽ അറിയപ്പെടുന്ന പതിനൊന്ന് രക്തസാക്ഷികളും, ജ്യൂസേപ്പേ അല്ലമാനോ എന്ന വൈദികനും, എലേന ഗ്വേര, മരീ-ലെയൊണീ പാരാദീസ് എന്നീ സന്യസ്തകളും ഉൾപ്പെടെ പതിനാല് പേരെ വിശുദ്ധരായി പ്രഖ്യാപിച്ചു.

പ്രേഷിതപ്രവർത്തനമെന്നാൽ, നമ്മെ സ്നേഹിക്കുകയും, അവിടുത്തെ സന്തോഷത്തിൽ നമ്മെ പങ്കാളികളാക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്ന കർത്താവുമായുള്ള കൂടിക്കാഴ്ച്ച എല്ലാവരെയും ക്ഷണിക്കുക എന്നതാണെന്ന് പാപ്പാ അടിവരയിട്ടു പറഞ്ഞു. ലോകത്തിന്റെ വിവിധ മേഖലകളിൽ പ്രേഷിതപ്രവർത്തനം നടത്തിക്കൊണ്ട് , ക്രിസ്തുവിന്റെ സുവിശേഷത്തിനു വെളിച്ചം നൽകുന്ന മിഷനറിമാരായ ആളുകൾക്കു വേണ്ടി പ്രാർത്ഥിക്കണമെന്നും ഫ്രാൻസിസ് പാപ്പാ ഓർമ്മിപ്പിച്ചു.




# വചനജ്വാല

(അടിസ്ഥാന ക്രൈസ്തവ സമൂഹ യോഗക്രമ സഹായി)

**2024 ഡിസംബർ മാസത്തെ ഉപയോഗത്തിനായി അതിരൂപത ബി.സി.സി. കമ്മിഷൻ തയ്യാറാക്കിയത്**

(ബി.സി.സി. നവനേതൃത്വ തിരഞ്ഞെടുപ്പിലേയ്ക്കുള്ള ഒരുക്കം)

**"ഒരുമയോടെ, ഒരുമനമായി, ഒരുഗണമായി"**

**1.പരിശുദ്ധാത്മാവിന്റെ ഗാനം, ബൈബിൾ വന്ദനം**

**2.ആമുഖം**

2024 നവംബർ, ഡിസംബർ മാസങ്ങൾ നമ്മെ സംബന്ധിച്ചിടത്തോളം ഏറെ നിർണ്ണായകമാണ്. ബി.സി.സി-ഇടവക-ഫൊറോന-അതിരൂപതാ തലങ്ങളിൽ പുതിയ നേതൃത്വത്തെ തിരഞ്ഞെടുക്കുന്ന കാലഘട്ടമാണിത്. ഒപ്പം 2024 ഡിസംബർ 24 ന് റോമിലെ സെന്റ് പീറ്റേഴ്സ് ബസിലിക്കയുടെ വിശുദ്ധകവാടം തുറന്നുകൊണ്ട് ജൂബിലിയുടെ ആഘോഷങ്ങൾ സമാരംഭിക്കുന്നു. നമുക്ക് ലഭിച്ച വിശ്വാസത്തിന്റെ തീജ്വാല പ്രജ്വലിപ്പിച്ചുകൊണ്ട് തുറന്ന മനസ്സോടും, വിശ്വാസദീപ്തമായ ഹൃദയത്തോടും, ദീർഘ വീക്ഷണത്തോടും ഭാവിയെ നോക്കികാണുക എന്ന ലക്ഷ്യത്തോടെ ഇടവകയുടെ ആത്മീയ, വിദ്യാഭ്യാസ, സാമൂഹിക, സാമ്പത്തിക, സാംസ്കാരിക ഉന്നതി ലക്ഷ്യം വെയ്ക്കുന്ന സഭയുടെയും, സമുദായത്തിന്റെയും അന്തഃസത്ത ഉൾക്കൊണ്ട്, വിശ്വാസത്തിന്റെ കനലുകൾ ഊതിജ്വലിപ്പിക്കുന്ന ത്യാഗമനോഭാവത്തോടെ പ്രവർത്തിക്കുന്ന ഒരു പുതിയ നേതൃത്വത്തെ തിരഞ്ഞെടുക്കുവാൻ നമുക്ക് പരിശ്രമിക്കാം. കൂടാതെ നമ്മുടെ അതിരൂപത മദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യായുടെ 150-ാം ജൻമദിനം ആഘോഷിക്കുമ്പോൾ കൊച്ചുത്രേസ്യായെപ്പോലെ ഒരു ശിശുവിന്റെ കാഴ്ച്ചപ്പാടിൽ ലോകത്തിലെ എല്ലാകാര്യങ്ങളും വലുതായിരിക്കുമ്പോൾ ദൈവത്തിന്റെ മുമ്പിൽ എല്ലാ മനുഷ്യരും ചെറുതാണെന്നും, തന്നെക്കാൾ മറ്റുള്ളവർ മഹത്വമുള്ളവരും, ശ്രേഷ്ഠരുമാണെന്ന ചിന്തയോടെ ഈ തിരഞ്ഞെടുപ്പിനായി നാം നടത്തുന്ന എല്ലാ പരിശ്രമങ്ങളേയും, പ്രയത്നങ്ങളെയും, ഉദ്യമങ്ങളെയും വിശുദ്ധയുടെ കരങ്ങളിൽ സമർപ്പിച്ച് പ്രാർത്ഥിക്കാം. ഒരു നല്ല തിരഞ്ഞെടുപ്പിനായി ഒരുങ്ങാം.

**3. യേശുവിനെ ക്ഷണിക്കൽ**

**4. ദൈവവചന പാരായണം (യോഹ 10, 1-13.)**

**5. വചനഭാഗം പങ്കുവയ്ക്കൽ;**

**6. നിശബ്ദധ്യാനം;**

**7. വചനാനുഭവം പങ്കുവയ്ക്കൽ**

**8. വചനവിചിന്തനം**

നമുക്കേവർക്കും സുപരിചിതവും നാം തിരഞ്ഞെടുക്കാൻ പോകുന്ന നേതൃത്വത്തിനുണ്ടായിരിക്കേണ്ട സവിശേഷതകളെക്കുറിച്ച് വ്യക്തമായ ഉൾക്കാഴ്ച നൽകുന്നതുമായ ഒരു വചനഭാഗമാണ് നാം ഇപ്പോൾ ശ്രവിച്ച നല്ലിടയന്റെ ഉപമ. ക്രിസ്തീയ കാഴ്ചപ്പാടിൽ ആരാണ് ഒരു നേതാവ്, ആരെയാണ് നാം തിരഞ്ഞെടുക്കേണ്ടത്, എന്തിനുവേണ്ടിയാണീ തിരഞ്ഞെടുപ്പ് എന്നീ അടിസ്ഥാന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ ശ്രമിക്കുമ്പോൾ അതിന് ഉദാത്ത മാതൃകയും പ്രചോദനവുമായി നിൽക്കുന്നത് നല്ല ഇടയനായ യേശു തന്നെയാണ്. കാരണം, ഇടയദൗത്യം എന്താണെന്ന വ്യക്തമായ ബോധ്യത്തോടും സ്വയാവബോധത്തോടും കൂടി ആധികാരികമായിട്ടാണ് ''ഞാൻ നല്ല ഇടയനാണ്'' എന്ന് യേശു അവകാശപ്പെടുന്നത്.

ഈ പശ്ചാത്തലത്തിൽ ആരാണ് ക്രിസ്തീയ നേതാവ് എന്ന് അന്വേഷിക്കുമ്പോൾ നാം മനസിലാക്കുന്നത് ക്രിസ്തുവാകുന്ന നേതാവിനെ, ഇടയനെ, ശുശ്രൂഷകനെ മാതൃകയാക്കി, തന്നെ ഭരമേൽപിക്കപ്പെടുന്ന ജനത്തിനുവേണ്ടി, ക്രിസ്തുവിന്റെ കണ്ണുകൾകൊണ്ട് കാണുകയും അവിടുത്തെ കാതുകൾകൊണ്ട് കേൾക്കുകയും അവിടുത്തെ ഹൃദയംകൊണ്ട് മനസിലാക്കുകയും ചെയ്തുകൊണ്ട് അവരെ സമഗ്രമായ വളർച്ചയിലേക്ക് നയിക്കുന്നയാളാണ് ക്രിസ്തീയ നേതാവ്. ഇപ്രകാരമുള്ള നേതൃത്വം സ്വായത്തമാക്കണമെങ്കിൽ നേതാക്കൾ ശ്രദ്ധിക്കേണ്ട, പാലിക്കേണ്ട കടമകൾ എന്താണെന്ന് ഈ വചനഭാഗം വ്യക്തമാക്കുന്നു.

**I. നേരായ മാർഗത്തിലൂടെ വരണം:** ഏറ്റവും ആദ്യമായി ഒരാൾ നേതൃത്വത്തിലേക്കു കടന്നുവരേണ്ടത് നേരായ മാർഗത്തിലൂടെയായിരിക്കണം എന്ന് വചനം ഓർമ്മിപ്പിക്കുന്നു. അല്ലാതെ കുറുക്കുവഴികളിലൂടെയോ, അപരന്റെ സൽപ്പേര് നഷ്ടപ്പെടുത്തിക്കൊണ്ടോ, കുതികാൽ വെട്ടിക്കൊണ്ടോ ആകരുത്.

**II. തന്നെ ഭരമേൽപ്പിച്ചിരിക്കുന്നവരുടെ സ്വരം ശ്രവിക്കണം**: സ്വരം ശ്രവിക്കുക എന്നാൽ തന്റെ യൂണിറ്റ് അംഗങ്ങളുടെ, ഇടവകയുടെ ആവശ്യം എന്താണെന്ന് അറിയണം. അവരുടെ ആവലാതി കേൾക്കാൻ സമയം നൽകണം, താല്പര്യമുണ്ടാകണം.

**III. പേര് ചൊല്ലി വിളിക്കണം:** യൂണിറ്റ് ഭാരവാ

ഹിക്കും ഇടവക കൗൺസിൽ അംഗങ്ങൾക്കും തങ്ങളെ തിരഞ്ഞെടുത്ത ജനങ്ങളുമായി വ്യക്തിബന്ധമുണ്ടാകണം. അവരുടെ പശ്ചാത്തലം നന്നായി മനസിലാക്കണം

**IV. മുമ്പേ നടന്നുകൊണ്ട് അവരെ നയിക്കണം:** സ്വന്തം സുരക്ഷയല്ല, തന്നെ ഭരമേല്പിക്കപ്പെട്ടിരിക്കുന്നവരുടെ സുരക്ഷക്ക് പ്രാധാന്യം നൽകിക്കൊണ്ട് അവർക്ക് വഴിക്കാട്ടിയും മാർഗ്ഗദർശിയുമാകണം. മറ്റുവാക്കുകളിൽ, സ്വാർത്ഥത വെടിഞ്ഞുകൊണ്ട് വ്യക്തമായ ദിശാബോധത്തോടെ, സുരക്ഷിതസ്ഥാനത്തേക്ക്, സമഗ്രമായ വളർച്ചയിലേക്ക് അവരെ നയിക്കണം.

**V. ജനങ്ങൾ നേതാവിന്റെ സ്വരം കേൾക്കുകയും അനുഗമിക്കുകയു ചെയ്യണം:** തങ്ങളുടെ പേര് അറിയാമെങ്കിൽ, തങ്ങളുടെ ക്ഷേമത്തിൽ തല്പരനാണ് തങ്ങളുടെ നേതാവ് എന്ന് മനസിലാക്കുന്നുവെങ്കിൽ നിശ്ചയമായും ജനങ്ങൾ തങ്ങൾ തിരഞ്ഞെടുക്കുന്ന നേതാവിനെ അംഗീകരിക്കും, അനുസരിക്കും, അനുഗമിക്കും.

**VI. ആടുകൾക്കുവേണ്ടി സമൃദ്ധമായി ജീവൻ നൽകണം:** സ്വന്തം ജീവൻ നഷ്ടപ്പെടുത്തിക്കൊണ്ടും ജനങ്ങളെ അപകടങ്ങളിൽ നിന്നും സംരക്ഷിക്കുന്നയാളാണ് യഥാർത്ഥ നേതാവ്. ജനങ്ങളുടെ ശരീരത്തിന്റെയും ആത്മാവിന്റെയും മനസിന്റെയും സുരക്ഷിതത്വവും ക്ഷേമവും ഉറപ്പുവരുത്തുന്നവരാണ് നേതാക്കൾ, ശുശ്രൂഷകർ. ഈ ദൗത്യം ചെയ്യണമെങ്കിൽ തന്നെ തിരഞ്ഞെടുത്ത ജനങ്ങളുടെ ഇന്നത്തെ അവസ്ഥയെക്കുറിച്ച് വ്യക്തമായ അറിവും ബോധ്യവും ഉണ്ടാകണം. അവരുടെ അടിസ്ഥാന സൗകര്യങ്ങൾ, വിദ്യാഭ്യാസം, തൊഴിൽ, കൗദാശിക ജീവിതം, കുടുംബബന്ധം തുടങ്ങിയ ജീവിതസാഹചര്യങ്ങൾ മനസിലാക്കി വ്യക്തമായ കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുമ്പോഴാണ് ഇടയൻ ആടുകൾക്ക് സമൃദ്ധമായ ജീവൻ നൽകുന്നവനാകുന്നത്. ഇതിനായി താല്പര്യമുണ്ടാകണം, സമയം കണ്ടെത്തണം, കാര്യങ്ങൾ ചെയ്യുവാനുള്ള നിശ്ചയദാർഢ്യമുണ്ടാകണം.

**VII. പ്രതിസന്ധികളുടെയും വിമർശനങ്ങളുടെയും വേളകളിൽ തളരാതെ യേശുവിൽ ആശ്രയിച്ചുകൊണ്ട് ത്യാഗമനോഭാവത്തോടെ ദൗത്യം നിർവ്വഹിക്കണം.**

വചനം നൽകുന്ന ഇത്തരം ഉൾക്കാഴ്ചയുടെ പശ്ചാത്തലത്തിൽ ആഗതമാകുന്ന തിരഞ്ഞെടുപ്പിന്റെ പ്രാധാന്യവും തിരഞ്ഞെടുക്കപ്പെടേണ്ടവരുടെ സവിശേഷതകളും നമുക്ക് മനസിലാക്കുവാൻ സാധിക്കുന്നു.

**9. ദൗത്യമേറ്റെടുക്കൽ;**

**10. സ്വയം പ്രേരിതപ്രാർഥന;**

**11. കർത്തൃപ്രാർഥന;**

**12. സമാപനപ്രാർഥന**

സ്നേഹപിതാവായ ദൈവമേ, തീർഥാടക സഭയെ വിശുദ്ധീകരിക്കണമേ, പ്രത്യാശയുടെ തീർഥാടകരായ ഞങ്ങളെ നയിക്കുവാൻ അറിവും, വിവേകവും, പക്വതയും, കഴിവും, ദൈവഭയവും, സത്യസന്ധതയും, കൈക്കൂലി വെറുക്കുന്നവരുമായ നല്ല നേതാക്കളെ തിരഞ്ഞെടുത്ത് തന്ന് ഒരു നവോന്മേഷത്തോടും നവചൈതന്യത്തോടുംകൂടി സഭയെ മുന്നോട്ട് നയിക്കുവാൻ വേണ്ട അനുഗ്രഹം നൽകി സഭയെ ശക്തിപ്പെടുത്തണമേ. കർത്താവായ ക്രിസ്തുവഴി ഞങ്ങൾ സമർപ്പിക്കുന്ന പ്രാർഥന കേട്ടരുളണമേ. ആമേൻ.

### രണ്ടാം ഭാഗം

**1. റിപ്പോർട്ട് അവതരണം** (കഴിഞ്ഞ യോഗത്തിലെ റിപ്പോർട്ട്)

**2. വരവ് ചെലവ് കണക്ക് അവതരണം;**

**3. ശുശ്രൂഷാ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവതരണം** *(യൂണിറ്റിൽ നിന്നുള്ള ബി.സി.സി. ലീഡർ, അജപാലനം, വിദ്യാഭ്യാസം, സാമൂഹികം, കുടുംബം, അല്മായം, യുവജനം, മത്സ്യമേഖല എന്നീ ശുശ്രൂഷാ പ്രതിനിധികളെ ഇടവകയിലെ തന്മാസത്തെ ശുശ്രൂഷ പ്രവർത്തനങ്ങളെപ്പറ്റി സംക്ഷിപ്തമായി അവതരിപ്പിക്കാൻ ക്ഷണിക്കുന്നു)*

**4. ചർച്ചയും പങ്കുവയ്ക്കലും;**

**5. ഹാജർ;**

**6. രഹസ്യപ്പിരിവ്;**

**7. അറിയിപ്പുകൾ;**

**8. നന്ദി;**

**9. സമാപനഗീതം**

### ബി.സി.സി./ശുശ്രൂഷാ/ കൗൺസിൽ ഭാരവാഹികളെ തിരഞ്ഞെടുക്കുമ്പോൾ നേതൃത്വത്തിലേക്ക് തിരഞ്ഞെടുക്കപ്പെടേണ്ടവർ

1. **നിഷ്കളങ്കരായി ജീവിക്കുന്നവർ**
2. **നീതിമാത്രം പ്രവർത്തിക്കുന്നവർ**
3. **ഹൃദയം തുറന്ന് സത്യം പറയുന്നവർ**
4. **പരദൂഷണം പറയാത്തവർ, സ്നേഹിതരെ ദ്രോഹിക്കാത്തവർ**
5. **അയൽക്കാരനെതിരെ അപവാദം പറയാത്തവർ**
6. **ദുഷ്ടനെ പരിഹാസ്യനായി കരുതുന്നവർ**
7. **ദൈവഭക്തനോട് ആദരം കാണിക്കുന്നവർ**

### നേതൃത്വത്തിൽ നിന്ന് മാറ്റി നിർത്തപ്പെടേണ്ടവർ

1. **അനുദിന ദിവ്യബലിയിൽ പങ്കെടുക്കാത്തവർ**
2. **ദിവ്യകാരുണ്യം സ്വീകരിക്കാത്തവർ**
3. **കുമ്പസാരം നിരന്തരം കൈക്കൊള്ളാത്തവർ**
4. **കത്തോലിക്കാ സഭയുടെ മതബോധന വിശ്വാസത്തിന് വിരുദ്ധ സംഹിതകൾ സ്വീകരിക്കുന്നവർ**
5. **സ്വാർഥ ലക്ഷ്യമുള്ളവർ**
6. **നിലപാടില്ലാത്തവർ**
7. **സാമൂഹിക-വിദ്യാഭ്യാസ-കലാ-സാംസ്ക്കാരിക വികസന വിരോധികൾ**

■

# നീർച്ചാൽ

## കേൾക്കാൻ ചെവിയുള്ളവൻ കേൾക്കട്ടെ!

**ആണ്ടുവട്ടം 31-ാംഞായർ (നവംബർ 3)**

നിയമ: 6:2-6; ഹെബ്രാ: 7:23-28; മർക്കോ:12:28b -34

**ഫാ. സി. കെ. തോപ്പിൽ**

മർക്കോസ് 12-ാം അധ്യായത്തിൽ കൊടുത്തിരിക്കുന്ന ചോദ്യങ്ങളിൽ അവസാനത്തേതാണ് ഏറ്റവും വലിയ കൽപന ഏതെന്ന ചോദ്യം. സീസറിന് നികുതി കൊടുക്കണമോ എന്ന ചോദ്യം (12:13-17) യേശുവിനെ കുടുക്കാൻവേണ്ടി ചോദിച്ചതാണ്. അതിന് ചോദ്യകർത്താക്കൾക്ക് സ്വപ്നം കാണാൻപോലും കഴിയാത്തവിധത്തിൽ യേശു ഉത്തരം നൽകി. രണ്ടാമത്തെ ചോദ്യം പുനരുത്ഥാനത്തെ സംബന്ധിച്ചുള്ളതായിരുന്നു. പുനരുത്ഥാനം ഉണ്ടെന്ന് യേശു വ്യക്തമാക്കികൊടുക്കുക മാത്രമല്ല സദുക്കായർ വിശ്വസിച്ച് സ്വീകരിക്കുന്ന പഞ്ചഗ്രന്ഥിയിൽനിന്ന് തെളിവ് നിരത്തി ചോദ്യകർത്താക്കളെക്കൊണ്ട് സമ്മതിപ്പിക്കുന്നവിധത്തിൽ ഉത്തരം നൽകുന്നു. ധ്യാനവിഷയമായ മൂന്നാമത്തെ ചോദ്യത്തിനുശേഷം പിന്നീട് ആരും ചോദ്യങ്ങളുമായി തന്നെ സമീപിക്കാത്തവിധം യേശു വ്യക്തമായും കൃത്യമായും പൂർണ്ണമായും ഉത്തരം നൽകുന്നു.

നിയമാവർത്തന പുസ്തകം 6:4-6 ൽ കാണുന്ന ''ഇസ്രായേലേ കേട്ടാലും'' എന്ന ഭാഗത്തുനിന്നുള്ള ഉദ്ധരണിയോടെയാണ് യേശു ചോദ്യത്തിന് മറുപടി നൽകിയത്. പ്രഭാത-സന്ധ്യാ പ്രാർത്ഥനകളുടെ ഭാഗമെന്ന നിലയിലും വിശ്വാസ പ്രഖ്യാപനമെന്ന നിലയിലും 'ഇസ്രായേലേ കേട്ടാലും' എന്ന ഭാഗം യഹൂദർ നിർബന്ധമായും ഉരുവിടണമായിരുന്നു. ഈ 'ഷേമാ' പ്രാർത്ഥന ഇസ്രായേൽക്കാരുടെ ഏകദൈവവിശ്വാസത്തിന്റെ അടിസ്ഥാനപരമായ പ്രകരണമായിരുന്നു. ദൈവം സ്നേഹത്തിന്റെ ഉടമ്പടി സ്ഥാപിച്ചു. ദൈവം തന്നെത്തന്നെ മുഴുവനായി മനുഷ്യർക്ക് നൽകി. അതുകൊണ്ട് നാമും മുഴുഹൃദയത്തോടെ ദൈവത്തെ സ്നേഹിക്കണം. അത് കടമയാണ്. ദൈവം ഏകനായിരിക്കുന്നപോലെ അവിടുത്തെ സ്നേഹിക്കുന്നതും വിഭജിക്കപ്പെടാത്ത ഹൃദയത്തോടെ ആയിരിക്കണം. (പൂർണ്ണമനസ്, പൂർണ്ണ ശക്തി, പൂർണ്ണഹൃദയം, പൂർണ്ണാത്മാവ്).

ഒന്നാം കൽപനപോലെതന്നെ പ്രധാനമായി യേശു നൽകുന്ന രണ്ടാം കൽപന അയൽക്കാരനെ സ്നേഹിക്കുകയെന്നത് ലേവ്യർ 19:16 നെ ആശ്രയിച്ചാണ് യേശു ഉദ്ധരിക്കുന്നത്. ദൈവസ്നേഹവും അയൽക്കാരനോടുള്ള സ്നേഹവും മോശയുടെ നിയമത്തിൽ ഉള്ളതുതന്നെ. എങ്കിലും അവ ഒരിക്കലും സമന്വയിപ്പിച്ചു കാണാൻ യഹൂദർക്ക് കഴിഞ്ഞിട്ടില്ല. അവ പരസ്പരപൂരകമാണെന്ന് അവർ വിചാരിച്ചിരുന്നുമില്ല. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തിക്കൊണ്ട് യേശു അവയെ സമന്വയിപ്പിക്കുന്നു.

രണ്ടാമതായി യേശു അയൽക്കാരന്റെ നിർവ്വചനത്തിൽ മാറ്റം വരുത്തുന്നു. ലേവ്യർ 19:18 ലെ അയൽക്കാരൻ 'നിങ്ങളുടെ ജനങ്ങളുടെ പുത്രന്മാരാണ്.' അതായത് മറ്റു യഹൂദരെ മാത്രമാണ് അവർ അയൽക്കാരായി കണ്ടിരുന്നത്. എന്നാൽ യേശു ആ പരിമിതമായ അർത്ഥത്തിൽ നിന്നും 'അയൽക്കാരനെ' മോചിപ്പിക്കുന്നു.

ചുരുക്കത്തിൽ, നേർച്ചകളിലൂടെയും കാഴ്ചകളിലൂടെയുംമാത്രം ദൈവത്തെ പ്രസാദിപ്പിക്കാമെന്ന് വ്യാമോഹിക്കുന്ന ആധുനിക വിശ്വാസ സമൂഹത്തിന് യേശു നൽകുന്ന ഉത്തരം കൂടിയാണ് ഇന്നത്തെ സുവിശേഷം. കരയുന്നവന്റെ കണ്ണീരൊപ്പുന്നതും മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിൽ (ഭവനം, വസ്ത്രം, ആഹാരം, അറിവ്, ആത്മാഭിമാനം) ക്രിയാത്മകമായി പ്രതികരിക്കുന്നതും ദൈവത്തെ സ്നേഹിക്കുന്നതിനുള്ള മാർഗ്ഗങ്ങളാണെന്ന് യേശു അടിവരയിട്ട് പഠിപ്പിക്കുന്നു. കേൾക്കാൻ ചെവിയുള്ളവർ കേൾക്കട്ടെ! കാണാൻ കണ്ണുള്ളവർ കാണട്ടെ!

## കർത്താവിന്റെ കണ്ണിലെ അത്ഭുതങ്ങൾ

**ആണ്ടുവട്ടം 32-ാംഞായർ (നവംബർ 10)**

1 രാജ. 17:10-16, ഹെബ്രാ. 9: 24-28, മാർക്ക്. 12: 38-44

**ഫാ. വർഗീസ് ജോസഫ്**

ഒരായിരം സ്വപ്നങ്ങളോടെ പടുത്തുയർത്തിയ ജീവിതങ്ങളൊക്കെ ചീട്ടുകൊട്ടാരം പോലെ തകർന്നെന്നുവരാം. നിഴൽപോലെ കൂടെ ഉണ്ടെന്ന് കരുതി ജീവിക്കുന്നവർ അനാഥരായി ഒറ്റപ്പെട്ടെന്ന് വരാം. അവരാരും ഇന്ന് ജീവിതത്തിൽ വലിയ അത്ഭുതം ഉണ്ടാകും എന്നുകരുതി കാത്തുനിൽക്കേണ്ട. കാരണം കർത്താവിന്റെ മുമ്പിൽ അവർതന്നെ അത്ഭുതമായിത്തീരും. മറ്റാരെയും കുറിച്ചല്ല ഇത് പറഞ്ഞത്, വിധവകളെക്കുറിച്ചാണ്. സ്വപ്നംക്കണ്ട ജീവിതത്തെ ഓർമ്മയിൽപോലും സൂക്ഷിക്കാനാവാത്തവിധം ജീവിത പങ്കാളി നഷ്ടപ്പെട്ടുപോകുന്നവരാണ് വിധവകൾ. ഒറ്റപ്പെടലിന്റെ വേദനയിൽ അത്ഭുതങ്ങൾ ഇനി അവർക്കില്ല. എന്നാൽ ദൈവത്തിന് അവൾ അത്ഭുതമാണ്. ഇങ്ങനെയൊരു ഓർമ്മപ്പെടുത്തൽ വളരെ വ്യക്തമായി നൽകുന്നത് ഒന്നാംവായനയും സുവിശേഷവുമാണ്.

ഒന്നാം വായനയിൽ കർത്താവ് പറഞ്ഞതനുസരിച്ച് ഏലിയാ സറേഫായിലേക്ക് പോകുകയാണ്. ഒരു

വിധവ നിനക്ക് ഭക്ഷണം തരും എന്നതാണ് കല്പന. കർത്താവിന്റെ വലിയ അത്ഭുതങ്ങൾക്ക് ചെറിയ മനുഷ്യരുടെ ജീവിതങ്ങൾ അനുയോജ്യമാകുന്നത് നമ്മൾ കാണും. ദാരിദ്ര്യത്തിലൂടെയാണ് ആ ജനത കടന്നുപോകുന്നത്. അവിടേയും മാറ്റി നിർത്തപ്പെടുന്ന ജീവിതമാണ് വിധവകളുടേത്. എന്നിട്ടും ദൈവത്തിന്റെ പ്രവാചകന് ഭക്ഷണം നൽകുവാൻ. ദൈവം കരുതിവച്ചത് പേരുപോലും സൂചിപ്പിക്കാതെപോയ വിധവയെയാണ്. ദൈവത്തിന്റെ വലിയ അത്ഭുതത്തിന് ചിതറിയ ജീവിതമാണ് ഏറ്റവും ശ്രേഷ്ഠമാണെന്നതാണ് ഒന്നാമത്തെ ചിന്ത.

കൈയിലുള്ള കലത്തിലെ ഒരുപിടി മാവും ഭരണിയിലെ അല്പം എണ്ണയും കൊണ്ട് നിസ്സഹായയായി നിൽക്കുകയാണ് ആ വിധവ. വേദനയുടെ വക്കിൽ അവസാനം ആ വിധവ പറഞ്ഞ ഒരു വാക്ക് ഏറെ ഹൃദയഭേദകമാണ്. ഇത് കൊണ്ടുചെന്ന് അപ്പമുണ്ടാക്കി എനിക്കും എന്റെ മകനും കഴിക്കണം. പിന്നെ ഞങ്ങൾ മരിക്കും (1. രാജ 17:12). മരണത്തിന്റെ നിഴലിലാണ് ആ ജീവിതങ്ങൾ. എന്നിട്ടും വറ്റാത്ത കലത്തിലെ മാവും ഭരണിയിലെ എണ്ണയും പ്രതീക്ഷിച്ച് ഉള്ളതുകൂടി നൽകുവാനുള്ള വിശ്വാസം അവളിൽ ഉണ്ടായിരുന്നു. അവസാന കച്ചിത്തുരുമ്പിലും ദൈവത്തിന്റെ അത്ഭുതം ഉണ്ടാകുമെന്ന വിശ്വാസമാണ് രണ്ടാമത്തെ ചിന്ത.

സുവിശേഷത്തിലും സമാനമായ വിധവയെ മാർക്കോസ് സുവിശേഷകൻ കാണിച്ചുതരുന്നുണ്ട്. വിധവയുടെ വില കുറഞ്ഞ രണ്ടുചെമ്പുനാണയങ്ങളെ മറ്റെന്തിനേക്കാളും മൂല്യമുള്ളതായി ക്രിസ്തു കാണുന്നു. വളരെയധികം ധ്യാനത്തോടെ വായിച്ചുതീർക്കേണ്ട വചനഭാഗമാണിത്. നമ്മൾ അത്ഭുതമായി കണ്ടുനടക്കുന്ന ക്രിസ്തുവിന് നമ്മൾ ഒരു അത്ഭുതമായി മാറുന്നുണ്ടോ? നമ്മൾ പ്രഘോഷിച്ചു നടക്കുന്ന ക്രിസ്തു നമ്മളെക്കുറിച്ച് എന്തെങ്കിലും ഏറ്റുപറയുന്നുണ്ടോ? സുവിശേഷത്തിലെ വിധവ ക്രിസ്തുവിന് മുമ്പിൽ ഏറെ ശ്രേഷ്ഠയാണ്. അവൾ കാണാത്ത ക്രിസ്തു അവളെ കണ്ടു. അവൾ പറയാത്ത ക്രിസ്തു അവളെക്കുറിച്ച് പറഞ്ഞു. ക്രിസ്തുവിന്റെ മുമ്പിൽ അത്ഭുതമായി ജീവിക്കുക എന്നതാണ് മൂന്നാമത്തെ ചിന്ത.

സ്വപ്നങ്ങൾ തകർന്നുപോയ ജീവിതമാണ് നമ്മുടേത്. പ്രതീക്ഷ നഷ്ടപ്പെട്ട ജീവിതമാണ് നമ്മുടേത്. ചിതറിയ ജീവിതങ്ങളുടെ അവസാന ആശ്രയമായി ദൈവപുത്രൻ നിങ്ങളെ തേടിവരും. വറ്റാത്ത സൗഭാഗ്യത്തിന്റെ സദ്വാർത്തയുമായി! ചെയ്യേണ്ടത് ഒരൊറ്റ കാര്യം, അത്ഭുതമായി ജീവിക്കുക, സുവിശേഷത്തിലെ വിധവയെപ്പോലെ, നിങ്ങളും ക്രിസ്തുവിന്റെ കണ്ണുകളിൽ അത്ഭുതമാകും. തീർച്ച!

# യേശു: ഈ ഭവനത്തിന്റെ നായകൻ

**ആണ്ടുവട്ടം 33-ാം ഞായർ (നവംബർ 17)**

ദാനി. 12: 1-3, ഹെബ്രാ. 10: 11-14,18. മാർക്കോ. 13: 24-32

**ഫാ. വിക്ടർ എവരിസ്റ്റസ്**

ആരാണ് രാജാവ്? അധികാരം ഉള്ളവൻ ആരോ അവനാണ് രാജാവ്. മറ്റുള്ളവരെ നിയന്ത്രിക്കാൻ കെൽപ്പുള്ളവനാരോ അവനാണ് രാജാവ്. കീഴിലുള്ളവരെ സംരക്ഷിക്കുന്നവൻ ആരോ അവനാണ് രാജാവ്. ജനം ഭൗതിക സുരക്ഷയ്ക്കുവേണ്ടി ആരെ ആശ്രയിക്കുന്നുവോ അവനാണ് രാജാവ്. ആരിൽ പ്രതീക്ഷവച്ചും വിശ്വസിച്ചും ജനം ജീവിക്കുന്നുവോ അവനാണ് രാജാവ്. ഒരു രാജാവിനെ നമുക്കിങ്ങനെയൊക്കെ ഡിഫൈൻ ചെയ്യാൻ സാധിക്കും. എങ്കിൽ നമ്മുടെ ജീവിതത്തെ, എന്റെ ജീവിതത്തെ നിയന്ത്രിക്കുന്ന, സംരക്ഷിക്കുന്ന, എനിക്കു വേണ്ടി ജീവൻ ത്യജിക്കുന്ന, ഞാൻ ആശ്രയിക്കുന്ന, വിശ്വസിക്കുന്ന, എന്നെ നയിക്കുന്ന ആ രാജാവ് ആരാണ്?

ഭൂമിയിലുള്ള അധികാര കേന്ദ്രങ്ങളെയൊന്നും വിശ്വസിക്കാൻ പറ്റാതായിരിക്കുന്നു. അവരെ നാം നമ്മളെ ഏൽപ്പിച്ചാൽ നമ്മൾ ചൂഷിതരാവും. നമ്മെ ആവുന്നത്ര മുതലെടുത്തിട്ട് വലിച്ചെറിയാനായിരിക്കും അവരുടെ വ്യഗ്രത. സ്വാർത്ഥതയുടെ കൂടും കൂടാരവുമായിരിക്കുന്നു ഇവിടത്തെ അധികാരകേന്ദ്രങ്ങൾ. അൽപ്പത്തരങ്ങളും അത്യാഗ്രഹങ്ങളും ആസക്തികളും അവരുടെ മുഖമുദ്രയായി മാറിയിരിക്കുന്നു. ഇവിടെയാണ് ക്രിസ്തു എന്ന രാജാവിന്റെ പ്രസക്തി. ഇന്നുവരെ രാജ്യം ഭരിച്ചിട്ടുള്ള എല്ലാ രാജാക്കൻമാരെക്കാളും ശക്തനും വിശ്വസ്തനുമാണ് ഭൗതികമായി ഒരു രാജ്യം പോലും ഭരിച്ചിട്ടില്ലാത്ത, എന്നാൽ ആത്മീയമായും ഭൗതികമായും എല്ലാത്തിന്റേയും അധിപനായ ക്രിസ്തു.

മറ്റെല്ലാ കാര്യങ്ങളും നമുക്ക് വിസ്മരിക്കാം. എന്നിട്ട്, നമ്മുടെ വ്യക്തി ജീവിതത്തിന്റെ രാജാവാരാണെന്ന് ചിന്തിക്കാം. മദ്യപാനത്തിന് അടിമയായ ഒരാളുടെ രാജാവ് മദ്യമാണ്. എല്ലാറ്റിനോടും കലഹിക്കുന്ന ഒരാളുടെ രാജാവ് ആരാണ്? അന്യന്റെ വസ്തുക്കൾ മോഷ്ടിക്കുന്ന ഒരാളുടെ രാജാവ് ആരാണ്? ആസക്തിയോടെ സ്ത്രീയെ, പുരുഷനെ നോക്കുന്ന ഒരുവൻ ആരുടെ നിയന്ത്രണത്തിൻ കീഴിലാണ്? അപരനോട് ശത്രുത പുലർത്തുന്ന ഒരാൾ ആരാലാണ് നയിക്കപ്പെടുന്നത്? അധികാരത്തിനു വേണ്ടി ജീവിക്കുന്ന ഒരു വ്യക്തിയുടെ രാജാവ് ആരായിരിക്കും? മറ്റുള്ളവരെ നശിപ്പിക്കാൻ ശ്രമിക്കുന്ന ഒരുവൻ ആരാലാണ് നിയന്ത്രിക്കപ്പെടുന്നത്? ഏഷണിയും കുറ്റവും പറയുന്ന ഒരാൾ ആരുടെ പ്രജയാണ്?

ക്രിസ്തുവിനാൽ നയിക്കപ്പെടുന്ന ഒരാൾക്ക് ഇപ്പ റഞ്ഞ ലിസ്റ്റിൽപെടാൻ പറ്റില്ല. എന്റെ പേര് മുകളിലത്തെ ലിസ്റ്റിൽ എവിടെയെങ്കിലും ഉണ്ടോ? ഉണ്ടെങ്കിൽ എന്റെ രാജാവ് ക്രിസ്തുവല്ല മറ്റാരെങ്കിലും, മറ്റെന്തെങ്കിലും ആയിരിക്കും. പണമോ, മദ്യമോ, ദുരാഗ്രഹമോ, എന്തെങ്കിലും ആയിരിക്കും. പക്ഷേ, ഓർക്കുക അവരൊന്നും നമ്മുടെ യഥാർഥരാജാക്കന്മാരല്ലെന്ന്, നാശത്തിലേക്കുള്ള സഹയാത്രികർ മാത്രമാണെന്ന്.

നമ്മുടെയൊക്കെ ജീവിതം വിജയിക്കണമെങ്കിൽ നമ്മുടെ ജീവിതത്തിന്റെ വിജയമായി ക്രിസ്തുവിനെ അംഗീകരിക്കണം. ക്രിസ്തുവിനെ ജീവിതത്തിന്റെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കണം. ക്രിസ്തു ഈ ഭവനത്തിന്റെ നായകൻ എന്ന് വീടിന്റെ മുമ്പിൽ ആണിയടിച്ചും പശയൊട്ടിച്ചും തൂക്കിയിട്ട് കാര്യമില്ല. അടുത്ത പെയിന്റടിക്ക് അത് പറിച്ചു മാറ്റപ്പെടാം. അല്ലെങ്കിൽ തുരുമ്പെടുക്കുമ്പോൾ പശയുടെ പശിമ നഷ്ടപ്പെടുമ്പോൾ താഴെ പോയെന്നിരിക്കാം. പക്ഷേ മനസിലെ ക്രിസ്തുവോ?

ഒരു സെൻ കഥയിൽ പറയുന്നു.

കളിമൺ ബുദ്ധൻ പെരുമഴയിൽ അലിഞ്ഞു പോയി; സ്വർണ്ണ ബുദ്ധൻ അഗ്നിയിൽ ഉരുകി; തടികൊണ്ടുള്ള ബുദ്ധനെ ചിതലുകൾ തിന്നു.

മനസിലെ ബുദ്ധൻ മാത്രം നിലനിൽക്കുന്നു എന്ന്.

മനുഷ്യൻ ഒരു സാമൂഹ്യജീവിയായതുകൊണ്ട് പരസ്പരം ബന്ധങ്ങൾ സ്ഥാപിക്കാതെ ജീവിക്കാൻ പറ്റില്ല. അതുപോലെതന്നെ നാം മറ്റുള്ളവരെ ആശ്രയിക്കുകയും വേണം. ഈ ആശ്രയം പരമമായി ദൈവത്തിലേയ്ക്ക് വയ്ക്കാൻ നാം പഠിക്കണം. ഒപ്പം അവനെ രാജാവായി കാണാനും അംഗീകരിക്കാനും പഠിക്കാം. ഇത്ര ശക്തനായ ഒരു രാജാവിന്റെ പിൻബലം നമുക്കുണ്ടെങ്കിൽ പിന്നെന്തു ഭയപ്പെടാനാണ്? ക്രിസ്തു എന്റെ കൂടെയുണ്ടെങ്കിൽ ആർക്ക് എനിക്കെതിരെ നിൽക്കാൻ സാധിക്കും? (റോമ. 8.31).

## നിത്യതയുടെ സമ്മാനം കരസ്ഥമാക്കാം

**ആണ്ടുവട്ടം 34-ാംഞായർ (നവംബർ 24)**

ദാനി. 7: 13-14, വെളി 1: 5-8, യോഹ. 18: 33-37

**ഫാ. ഡൈസൻ**

ലോകത്തിന്റെ പുസ്തകത്തിൽ സ്വന്തം പേര് എഴുതി ചേർക്കുവാൻ മനുഷ്യൻ മത്സരിക്കുകയാണ്. ഈ മത്സരം വ്യഥായാണ്. കാരണം ലോകത്തിന്റെ പുസ്തകത്തിലെ പേര് വേഗം മാഞ്ഞുപോകും. ഒരിക്കലും മായാത്ത നിത്യതയുടെ തൂലിക കൊണ്ട് ജീവന്റെ പുസ്തകത്തിലാണ് നമ്മുടെ പേരുകൾ കുറിക്കപ്പെടേണ്ടത്. യേശു ശിഷ്യന്മാരെ ഓർമ്മപ്പെടുത്തുന്നു: “പിശാചുക്കൾ നിങ്ങൾക്ക് കീഴടങ്ങുന്നു എന്നതിൽ നിങ്ങൾ സന്തോഷിക്കേണ്ടാ; മറിച്ച് നിങ്ങളുടെ പേരുകൾ സ്വർഗ്ഗത്തിൽ എഴുതപ്പെട്ടിരിക്കുന്നു എന്നതിൽ സന്തോഷിക്കുവിൻ” (ലൂക്ക 10:20). ഒരു മനുഷ്യന്റെ സന്തോഷവും ഭാഗ്യവും അവന്റെ പേര് ജീവന്റെ ഗ്രന്ഥത്തിൽ എഴുതപ്പെട്ടിരിക്കുന്നു എന്നതിലാണ്. ജീവന്റെ പുസ്തകത്തിൽ പേരുള്ളവൻ രക്ഷപ്പെടുകയും നിത്യജീവനായി പൊടിയിൽ നിന്ന് ഉണരുകയും ചെയ്യുമെന്ന് ദാനിയേൽ പ്രവാചകൻ ആദ്യ വായനയിൽ പറയുന്നു.

മനുഷ്യപുത്രന്റെ രണ്ടാം വരവിന് മുമ്പ് പ്രകൃതിയിലുണ്ടാകാൻ പോകുന്ന താളം തെറ്റലുകളെ വിശിഷ്യ ആകാശ ഗോളങ്ങളിൽ ഉണ്ടാകുന്ന മാറ്റത്തെ പ്രവാചകശൈലിയിലാണ് യേശു അവതരിപ്പിക്കുന്നത്. ഇതിനെ വാച്യാർത്ഥത്തിലല്ല, തിന്മയുടെ പതനത്തിന്റെ അടയാളമായിട്ടാണ് കാണേണ്ടത്. ഇതിനുശേഷമാണ് മനുഷ്യപുത്രൻ സർവ്വശക്തിയോടും മഹത്വത്തോടുകൂടെ മേഘങ്ങളിൽ വരുന്നത്. അവൻ രണ്ടാമതും വരുന്നത് ചിതറിപ്പോയ പഴയ ഇസ്രായേലിനെ ഒരുമിച്ചു കൂട്ടാനല്ല, ലോകം മുഴുവനുമുള്ള ക്രിസ്തുവിശ്വാസികളാകുന്ന പുതിയ ഇസ്രായേലിനെ ഒരുമിച്ച് കൂട്ടാനാണ്. അവന്റെ പ്രത്യാഗമനം സുനിശ്ചിതമായ യാഥാർത്ഥ്യമായതുകൊണ്ട് പുതിയ ഇസ്രായേലിൽ അംഗമാകാനും ജീവന്റെ ഗ്രന്ഥത്തിൽ പേര് കുറിക്കാനും അവന്റെ വലതു ഭാഗത്ത് നില്ക്കാനുംവേണ്ടി മൂന്നു കാര്യങ്ങൾ ചെയ്യണം.

**1. വിവേകമതികളായ കന്യകളെ പോലെ ഒരുക്കമുള്ളവരായിരിക്കണം**

**2. വിരുന്നിനുള്ള വിവാഹ വസ്ത്രം ധരിച്ചിരിക്കണം**

**3. താലന്തുകൾ വർദ്ധിപ്പിക്കുന്ന വിശ്വസ്ത ദാസരാകണം**

ഓരോ മനുഷ്യനെയും വിവിധ താലന്തുകൾ നല്കിയാണ് ദൈവം ഈ ലോകത്ത് അയക്കുന്നത്. ദൈവം താലന്തുകൾ നല്കുന്നത് കുഴിച്ചുമൂടാനല്ല വികസിപ്പിക്കുവാനാണ്. പാപത്തിന്റെ അലസതയിൽ മയങ്ങുവാനുള്ളതല്ല ജീവിതം. യജമാനനായ ദൈവത്തിന്റെ സന്തോഷം വർദ്ധിപ്പിക്കുന്ന പ്രവർത്തനങ്ങൾകൊണ്ട് ജ്വലിക്കുന്നതാകണം ജീവിതം. എന്നെ വിശ്വസിച്ച യജമാനനോട് കൂടുതൽ വിശ്വസ്തത കാണിക്കാൻ അവൻ ഏല്പിച്ച ദൗത്യം ആവേശത്തോടും ആത്മാർത്ഥതയോടും ചെയ്യാനുള്ള ആഗ്രഹവും അഭിനിവേശവും ദൈവീകമാണ്. വിശ്വസ്തതയ്ക്കുള്ള സമ്മാനമാണ് സ്വർഗ്ഗപ്രവേശനം.

സ്വർഗ്ഗം സ്വന്തമാക്കാൻ പേരുകൾ ജീവന്റെ പുസ്തകത്തിൽ കുറിക്കുന്ന തരത്തിലുള്ള നന്മ പ്രവൃത്തികൾ ചെയ്യണം. നന്മ പ്രവൃത്തികൾ ചെയ്യുന്നവരെ ദൈവം തന്റെ വലത്തുവശത്തു നിറുത്തുന്നു. വലത്തുവശത്തു നില്ക്കുന്നവർ പുതിയ ഇസ്രായേലിലെ ഒരുക്കവും വിവേകവുമുള്ള, വിശുദ്ധിയുടെ കല്യാണ വസ്ത്രമുള്ള, യജമാനന്റെ സന്തോഷം വർദ്ധിപ്പിക്കുന്ന വിശ്വസ്തതയുള്ള അംഗമായിരിക്കും.

■

നേർക്കാഴ്ച

ജെ. സി.

# ഇസ്രയേൽ - ഗാസ യുദ്ധവാർഷികം സമാധാന പ്രതീക്ഷ അകലെ

മാനവ ചരിത്രത്തിലെ ഏറ്റവും ക്രൂരവും ഭയാനകവുമായ നരഹത്യ സൃഷ്ടിച്ചുകൊണ്ട് ഹിരോഷിമയിലും നാഗസാക്കിയിലും അണുബോംബ് വർഷിച്ചതാണ് രണ്ടാം ലോകമഹായുദ്ധത്തിന്റെ ഏറ്റവും ക്രൂരചിത്രം. രണ്ടര വർഷത്തിലേറെയായി തുടരുന്ന റഷ്യ - യുക്രെയിൻ യുദ്ധം ലോകത്തിന്റെ കൺമുന്നിലുള്ള മറ്റൊരു ദുരന്ത പാഠമാണ്. കഴിഞ്ഞ വർഷം ഒക്ടോബർ ഏഴിന് ഹമാസ് നടത്തിയ മിന്നലാക്രമണത്തെത്തുടർന്ന് ഇസ്രയേൽ തുടങ്ങിയ തിരിച്ചടി ചോരകൊണ്ടു നാൾവഴികൾ എഴുതുകയാണ്. വംശഹത്യയെന്ന് ആദ്യഘട്ടത്തിൽതന്നെ വിശേഷിപ്പിക്കപ്പെട്ട യുദ്ധം ഇതിനകം ഗാസയെ മൃതഭൂമിയാക്കിയിരിക്കുന്നു. ആരോഗ്യ പ്രവർത്തകർക്കും ഭക്ഷണത്തിന് കാത്തുനിൽക്കുന്നവർക്കും നേരെപോലും വെടിവയ്പ്പു നടത്തിയ ഇസ്രയേൽ സൈന്യം മുന്നോട്ടു പോകുമ്പോൾ ജീവശ്വാസത്തിനായി പിടയുകയാണ് ഗാസ. ഗാസയിൽ ഇതിനകം ഏകദേശം 42,000 പേർ മരിച്ചു വീണു. ഇസ്രയേലിൽ 1139 പേരും യുദ്ധം ഒരു വർഷം തികയുമ്പോൾ പലസ്തീനെ പിന്തുണക്കുന്ന ലബനനിലേക്കും ഇറാനിലേക്കും ആക്രമണം വ്യാപിച്ചിരിക്കുന്നു. ഗാസയിൽമാത്രം ഇതുവരെ ഏകദേശം 11,000 കുട്ടികൾ മരിച്ചെന്നാണ് കണക്ക്.

ഇപ്പോഴും രൂക്ഷമായി തുടരുന്ന യുദ്ധം അവശേഷിപ്പിക്കുന്നത് ജീവനഷ്ടമടക്കമുള്ള മഹാ നഷ്ടമാണ്. ഉറ്റവരുൾപ്പെടെ എല്ലാം നഷ്ടപ്പെട്ടവരുടെ ലോകത്തെയാകെ ആശങ്കയുടെ മുൾമുനയിൽ നിർത്തി കൂടുതൽ നഷ്ടങ്ങളിലേക്കും നാശങ്ങളിലേക്കും തുടരുകയാണ് യുദ്ധം. ഈ യുദ്ധത്തിൽ പശ്ചിമേഷ്യയുടെ മാത്രമല്ല ലോകത്തിന്റെയാകെ സമാധാനമാണ് നഷ്ടമാകുന്നത്. ലോകത്ത് രണ്ട് പ്രധാന സംഘർഷങ്ങൾ നടക്കുമ്പോൾ ഐക്യരാഷ്ട്ര സംഘടന (യു.എൻ) വെറും കാഴ്ചക്കാരായി മാറി നിൽക്കുകയാണ്. യു.എൻ അതിന്റെ ദൗർബല്യം വെളിപ്പെടുത്തിക്കൊണ്ടേയിരിക്കുന്നു. ഈ ഒരു വർഷത്തിനിടയിൽ ഗാസയിൽ 2,27,000 വീടുകളടക്കം 66% കെട്ടിടങ്ങൾ തകരുകയോ കേടുപാട് സംഭവിക്കുകയോ ചെയ്തു. 88% ആരോഗ്യ കേന്ദ്രങ്ങൾ ഇല്ലാതായി. 23



ലക്ഷം ജനങ്ങളിൽ 90% തെരുവിലായി. 70% ജലവിതരണ ശുചീകരണ സംവിധാനം തകർന്നു.

വാർഷികദിനത്തിൽ ഫ്രാൻസിസ് പാപ്പ വിശ്വാസികൾക്ക് എഴുതിയ തുന്ന കത്തിൽ ഇപ്രകാരം പറയുകയുണ്ടായി; ''ഗാസയിലെ ജനങ്ങളേ ഞാൻ നിങ്ങൾക്കൊപ്പമുണ്ട്. ദിവസവും നിങ്ങൾ എന്റെ പ്രാർത്ഥനയിലും വിചാരത്തിലുമുണ്ട്. വീടുപേക്ഷിക്കാൻ നിർബന്ധിതരായവർ, സ്കൂളും തൊഴിലും വിട്ട് ബോംബിൽനിന്ന് രക്ഷതേടി അഭയകേന്ദ്രങ്ങളിൽ എത്തിയവർ. തീമഴ ഭയന്ന് മുകളിലേക്ക് നോക്കാൻ ഭയപ്പെടുന്ന നിങ്ങൾക്കൊല്ലാം ഒപ്പമാണ് ഞാൻ. ചർച്ചയും സമാധാനവുമാണ് ഇപ്പോൾ ഏറ്റവും ആവശ്യം. അക്രമം സമാധാനം കൊണ്ടുവരില്ല. സംഘർഷം നമ്മെ ഒന്നും പഠിപ്പിക്കുന്നില്ല.'' എത്രയും വേഗം ഈ ചോരചൊരിച്ചിൽ അവസാനിപ്പിക്കുകതന്നെ വേണം. ചോരകൊണ്ടല്ല സഹവർത്തിത്വവും മാനുഷികതയുംകൊണ്ടുവേണം പുതിയ ലോകത്തിന്റെ നിർമ്മിതി. ഇസ്രയേൽ - ഗാസയുദ്ധവാർഷികം ലോകത്തെ ഓർമ്മിപ്പിക്കുന്നതും അതുതന്നെ.

■

# വിശുദ്ധ ഫ്രാൻസിസ് സേവ്യർ തീർത്ഥാടന ദേവാലയം, പള്ളം.

തിരുവനന്തപുരം ലത്തീൻ അതിരൂപത




നവംബർ 18 മുതൽ 20 വരെ
**തിരുനാൾ മുന്നൊരുക്ക ധ്യാനം**

നയിക്കുന്നത്
**ഫാ. കുര്യാക്കോസ് OFM Cap.**

ഡിസംബർ 3 ചൊവ്വ, 6pm ന്
**പൊന്തിഫിക്കൽ ദിവ്യബലി**

മുഖ്യകാർമികൻ
**റൈറ്റ്. റവ. ഡോ. ക്രിസ്തുദാസ് ആർ.**

**തീർത്ഥാടകർക്ക് സ്വാഗതം**

Pub. Date: 01.11.2024
REGD. NO. KL/TV(S)266/2024-26 RNI Registered No. 36056/81 Total Page 44
Licenced to post without pre-payment KL/TV(S)/WPP/171/2024-26 JEEVANUM VELICHAVUM Rs. 30/-




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press Vellayambalam, TVM- 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam - 695003
Editor: Fr. Vijil George